മെയ് 2021

# സിഐടിയു സന്ദേശം

സിഐടിയു സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരണം

# എൽഡിഎഫ് തുടർഭരണത്തിലേക്ക്



# രണ്ടാം പിണറായിവിജയൻ സർക്കാരിന്റെ മന്ത്രിസഭാ അംഗങ്ങൾ



പിണറായി വിജയൻ



എം വി ഗോവിന്ദൻ



കെ രാധാകൃഷ്ണൻ



കെ എൻ ബാലഗോപാൽ



കെ രാജൻ



പി രാജീവ്



ആന്റണി രാജു



സജി ചെറിയാൻ



വി എൻ വാസവൻ



വി ശിവൻകുട്ടി



ജി ആർ അനിൽ



മുഹമ്മദ് റിയാസ്



ആർ ബിന്ദു



വീണ ജോർജ്



വി അബ്ദു റഹ്മാൻ



റോഷി അഗസ്റ്റിൻ



ജെ ചിഞ്ചുറാണി



പി പ്രസാദ്



കെ കൃഷ്ണൻകുട്ടി



എ കെ ശശീന്ദ്രൻ



അഹമ്മദ് ദേവർകോവിൽ

# സിഐടിയു സന്ദേശം

സിഐടിയു സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരണം

2021 മേയ് വോള്യം: 9 ലക്കം: 9



എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
ആനത്തലവട്ടം ആനന്ദൻ

എഡിറ്റർ
എളമരം കരീം

കെ.ഒ. ഹബീബ്, പി. നന്ദകുമാർ, കെ ചന്ദ്രൻപിള്ള



## എൽഡിഎഫ് തുടർഭരണത്തിലേക്ക് 06



## പുതിയ പ്രതീക്ഷ ; പുതിയ പ്രതിച്ഛായ 16

എല്ലാവർക്കും ഭവനം, സ്മാർട് കിച്ചൺ, തൊഴിൽദാനപദ്ധതി, ജപ്തി തടയാൻ നിയമം, സർക്കാർ സേവനം വീട്ടുപടിക്കൽ, 25 വർഷം കൊണ്ട് കേരളത്തിന്റെ ജീവിത നിലവാരം വികസിത രാഷ്ട്രങ്ങൾക്കു സമാനമാക്കുക, ശാസ്ത്രീയ കൃഷിരീതി, പുതിയ ഉന്നതവിദ്യാഭ്യാസനയം, തൊഴിൽസാധ്യതകൾ, വ്യവസായപുരോഗതി, സമഗ്ര വികസനം തുടങ്ങി കേരളത്തെ ബഹുദൂരം മുന്നോട്ടു നയിക്കാൻ പര്യാപ്തമായ നിരവധി പ്രഖ്യാപനങ്ങളാണ് മുഖ്യമന്ത്രി അവതരിപ്പിച്ചത്.

## രണ്ടാം പിണറായി സർക്കാരിന്റെ ആദ്യ മന്ത്രിസഭായോഗം എടുത്ത തീരുമാനങ്ങൾ 25



## 28 കോവിഡും മോദി ഗവൺമെന്റിന്റെ കോവിഡിയറ്റ് നടപടികളും



ആനത്തലവട്ടം ആനന്ദൻ

## 32 ഇന്നത്തെ വെല്ലുവിളികൾ: കടമകൾ

തപൻ സെൻ

## 45 മേയ് ദിന ചരിത്രം



എൻ. പത്മലോചനൻ

## 50 ഭരണതുടർച്ചയും തൊഴിലാളി വർഗവും

കെ.എൻ.ഗോപിനാഥ്

## 53 ആർഎസ്എസിന്റെ കുമ്പസാരത്തിന് പിന്നിൽ



അഡ്വ. അനിൽകുമാർ



അച്ചടി
പി.കൃഷ്ണപിള്ള മെമ്മോറിയൽ പ്രിന്റിംഗ് & പബ്ലിഷിംഗ് കമ്പനി, തിരുവനന്തപുരം

# ദേശീയ രാഷ്ട്രീയം മാറും

'ഒരു രാഷ്ട്രം', 'ഒരു നേതാവ്', 'ഒരു തെരഞ്ഞെടുപ്പ്' തുടങ്ങിയ മുദ്രാവാക്യങ്ങളിലൂടെ, ഇന്ത്യയെ പ്രസിഡൻഷ്യൽ രീതിയിലേക്ക് മാറ്റാൻ ശ്രമിക്കുന്ന സംഘപരിവാറിന് ഏറ്റ കനത്ത തിരിച്ചടിയാണ് മെയ് 2ന് പുറത്തുവന്ന സംസ്ഥാന അസംബ്ലി തെരഞ്ഞെടുപ്പ് ഫലങ്ങൾ. ബംഗാൾ ഭരണം പിടിച്ചെടുക്കുക, തമിഴ്നാട്ടിലെ ബിജെപിഎഐഎഡിഎംകെ സഖ്യഭരണം നിലനിർത്തുക, കേരളത്തിൽ നിർണായക ശക്തിയാവുക എന്ന ബിജെപി ലക്ഷ്യം തരിപ്പണമായി. അസമിലെ പ്രധാന കക്ഷികളിലൊന്നായ കോൺഗ്രസിന്, ബിജെപിയെ തോൽപ്പിക്കാനാവില്ലെന്ന് തെളിയിച്ചു. ദക്ഷിണേന്ത്യയിൽ, ബിജെപിക്ക് പ്രധാന പങ്കാളിത്തമുള്ള ഒരു സർക്കാർ, പുതുച്ചേരിയിൽ അവരോധിക്കാൻ സാധിച്ചതും കോൺഗ്രസിന്റെ ചെലവിലാണ്. ഈ തെരഞ്ഞെടുപ്പ് ഫലങ്ങൾ, ദേശീയ രാഷ്ട്രീയത്തിൽ ചലനമുണ്ടാക്കും. സംഘപരിവാർ നേതൃത്വം നൽകുന്ന, വർഗീയ ശക്തികൾക്കെതിരെ, മതനിരപേക്ഷ ശക്തികൾക്ക്, ബദൽ ഉയർത്താൻ കഴിയുമെന്ന ആത്മവിശ്വാസം ജനിപ്പിക്കുന്നതാണ്, തെരഞ്ഞെടുപ്പ് ഫലങ്ങൾ.

2014ൽ, അധികാരത്തിൽ വന്ന മോദി സർക്കാർ, 2019ലെ തെരഞ്ഞെടുപ്പിന് മുമ്പ് ജനങ്ങളിൽ നിന്ന് ഒറ്റപ്പെട്ടിരുന്നു. നോട്ടു നിരോധനം, ജിഎസ്ടി തുടങ്ങിയ നടപടികൾ, കേന്ദ്ര സർക്കാരിനെതിരെ ജനങ്ങളെ തിരിച്ചുവിട്ടു. നവഉദാരവൽക്കരണ നയങ്ങൾക്കെതിരെ തൊഴിലാളികളുടെ ദേശീയ തലത്തിലുള്ള പ്രക്ഷോഭങ്ങൾ ശക്തിപ്പെട്ടുവന്നിരുന്നു. കാർഷിക മേഖലയിൽ സർക്കാർവിരുദ്ധ വികാരം ശക്തമായിരുന്നു. നാസിക്കിൽ നിന്ന് മുംബൈയിലേക്കുള്ള കർഷക മാർച്ച് ശ്രദ്ധേയമായി. 2018 സെപ്റ്റംബർ 5ന് തൊഴിലാളികർഷക ദൽഹി മാർച്ചും ചരിത്രസംഭവമായി. രാജസ്ഥാൻ, മധ്യപ്രദേശ് അസംബ്ലി തെരഞ്ഞെടുപ്പിലും, വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ പാർലമെന്റ് മണ്ഡലം ഉപതെരഞ്ഞെടുപ്പുകളിലും ബിജെപിക്കേറ്റ പരാജയവും കൂടിയായപ്പോൾ, 2019ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ ബിജെപിക്ക് തിരിച്ചടിയേൽക്കുമെന്ന പ്രതീതി സൃഷ്ടിക്കപ്പെട്ടിരുന്നു.

ശ്രീനഗറിനടുത്ത ഫുൽവാമയിൽ, സൈനികർക്ക് നേരെയുണ്ടായ ഭീകരാക്രമണവും, 43 സൈനികരുടെ രക്തസാക്ഷിത്വവും, സ്ഥിതിഗതികൾ മാറ്റിമറിച്ചു. 'രാജ്യസ്നേഹവും', പാകിസ്ഥാൻ വിരോധവും മുൻനിർത്തി മോദിയും സംഘപരിവാറും, കുത്തക മാധ്യമങ്ങളും നടത്തിയ പ്രചരണം, ബിജെപിക്ക് തെരഞ്ഞെടുപ്പ് വിജയം അനായാസമാക്കി കൊടുത്തു.

2019ൽ വൻഭൂരിപക്ഷത്തോടെ അധികാരത്തിൽ വന്ന ബിജെപി സർക്കാർ, സംഘപരിവാർ അജണ്ടകൾ നടപ്പാക്കാൻ മടി കാണിച്ചില്ല. കാശ്മീരിനുള്ള ഭരണഘടനയിലെ 370ാം വകുപ്പ് റദ്ദ് ചെയ്യൽ, കാഷ്മീർ സംസ്ഥാനത്തെ കേന്ദ്ര ഭരണപ്രദേശമാക്കി മാറ്റൽ, പൗരത്വ നിയമഭേദഗതി തുടങ്ങിയവ, വളരെ വേഗം പാസാക്കി. കോർപറേറ്റുകൾ ആവശ്യപ്പെട്ട തൊഴിൽ നിയമ ഭേദഗതികൾ എല്ലാം പാസാക്കി. കാർഷിക മേഖലയെ കോർപറേറ്റുകൾക്ക് അടിയറ വെക്കുന്ന നിയമങ്ങൾ പാസാക്കി. രാജ്യത്തെ കർഷകരും, തൊഴിലാളികളും ഉയർത്തിയ പ്രതിഷേധങ്ങൾ വകവെച്ചില്ല. പൗരത്വ നിയമഭേദഗതിക്കെതിരെ പ്രതിഷേധിച്ചവരെ തീവ്രവാദികളായി ചിത്രീകരിച്ച്, അതിക്രൂരമായി അടിച്ചമർത്തി. ദൽഹിയിൽ വർഗീയ കലാപം സൃഷ്ടിച്ച്, മതന്യൂനപക്ഷങ്ങളെ മൃഗീയമായി നേരിട്ടു.

ഈ സാഹചര്യത്തിലാണ് "ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ്" എന്ന ആശയം മോദി പുറത്തുവിട്ടത്. അയോധ്യയിൽ ശ്രീരാമക്ഷേത്രം പണിയാൻ സുപ്രീംകോടതി അനുമതി നൽകിയപ്പോൾ, സംഘപരിവാർ മതിമറന്നാഹ്ളാദിച്ചു. "ഹിന്ദുരാഷ്ട്രം" എന്ന ലക്ഷ്യത്തിലേക്ക് നീങ്ങാൻ അവസരമായി എന്നവർ കണക്കാക്കി. ഈ സാഹചര്യത്തിലും, മതനിരപേക്ഷതയും ഭരണഘടനയും സംരക്ഷിക്കാൻ, ഫലപ്രദമായ ഒരു രാഷ്ട്രീയ ഇടപെടലും നടത്താൻ, രാജ്യത്തെ പ്രധാന പ്രതിപക്ഷ പാർടിയായ കോൺഗ്രസിന് കഴിഞ്ഞില്ല.

2019ലെ തോൽവിക്ക് ശേഷം, കോൺഗ്രസിന് ഒരു ഫലപ്രദമായ നേതൃത്വമില്ല. രോഗത്തിന്റെ അവശതകളുള്ള സോണിയാ ഗാന്ധിക്ക്, പ്രസിഡന്റിന്റെ താൽക്കാലിക ചുമതല നൽകിയ ശേഷം, ജനാധിപത്യപരമായ സംഘടനാ തെരഞ്ഞെടുപ്പ് നടത്താൻ കോൺഗ്രസിന് കഴിഞ്ഞില്ല. ജനാധിപത്യപരമായ സംഘടനാ തെരഞ്ഞെടുപ്പ് എന്ന ആവശ്യം ഉന്നയിച്ച മുതിർന്ന നേതാക്കളെ ഒതുക്കുകയാണ് ചെയ്തത്.

ജനവിരുദ്ധകുത്തക പ്രീണന നയങ്ങളിൽ ഒരു മാററവും വരുത്താൻ കോൺഗ്രസ് തയ്യാറായിട്ടില്ല. തൊഴിൽ നിയമഭേദഗതികളെ അവർ അനുകൂലിച്ചു. പൊതുമേഖലാ സ്വകാര്യവൽക്കരണത്തെ എതിർ

ക്കുന്നില്ല. കാർഷിക ഉൽപ്പന്നങ്ങളുടെ താങ്ങുവില, സംഭരണം എന്നിവയെ ഇല്ലാതാക്കി സ്വതന്ത്ര വിപണി നയം കൊണ്ടുവരുമെന്നായിരുന്നു കോൺഗ്രസിന്റെ നയം. അതാണ് മോദി നടപ്പാക്കിയത്. മോദി സർക്കാരിന്റെ കർഷക വിരുദ്ധ നിയമങ്ങൾ പിൻവലിക്കണം എന്നാവശ്യപ്പെട്ട് സമരം നടത്തുന്ന കർഷകരെ സമീപിക്കാൻ പോലും കഴിയാത്ത അവസ്ഥയിലാണ് കോൺഗ്രസ്.

സംഘപരിവാർ ഉയർത്തുന്ന 'തീവ്രഹിന്ദുത്വ' നയങ്ങൾക്കെതിരെ ഉറച്ച നിലപാട് സ്വീകരിക്കാൻ കോൺഗ്രസിന് കഴിയുന്നില്ല. 'മൃദുഹിന്ദുത്വ' നിലപാടാണ് കോൺഗ്രസിന്റേത്. അയോധ്യാ പ്രശ്നത്തിൽ അത് വ്യക്തമാണ്. ഒടുവിൽ ശ്രീരാമക്ഷേത്രത്തിന് ശിലാസ്ഥാപനം നടത്തുമ്പോൾ, തങ്ങളെ ക്ഷണിച്ചില്ലെന്നായിരുന്നു കോൺഗ്രസ് നേതാക്കളുടെ പരാതി. ഇന്ത്യൻ ഭരണഘടന ഉയർത്തിപ്പിടിക്കുന്ന മതനിപേക്ഷത ദുർബലപ്പെടുത്തുന്ന നിലപാടാണ്, കോൺഗ്രസ് ഇപ്പോഴും സ്വീകരിക്കുന്നത്. ബിജെപിയും കോൺഗ്രസും പിന്തുടരുന്ന ബൂർഷ്വാഭൂപ്രഭു വർഗ പ്രീണന നയങ്ങൾക്കെതിരായ ബദൽ നയങ്ങളെ അടിസ്ഥാനപ്പെടുത്തിയ ബദൽശക്തി ഉയർന്നുവന്നാൽ മാത്രമേ, ജനങ്ങൾക്ക് രക്ഷയുള്ളു. സംസ്ഥാനങ്ങളിൽ സ്വാധീനമുള്ള ചില പാർടികളും, ബിജെപി കോൺഗ്രസ് പാർടികളുടെ അതേ നയങ്ങൾ പിന്തുടരുന്നവരാണ്. ദേശീയ തലത്തിൽ ഒരു ബദൽ ഉയർന്നുവരാൻ പ്രതിബന്ധമായി നിൽക്കുന്നത് ഈ സാഹചര്യമാണ്.

അധ്വാനിക്കുന്ന ജനതയുടെ ജീവിത പ്രശ്നങ്ങളെ ആസ്പദമാക്കിയുള്ള പ്രസ്ഥാനങ്ങൾ ഉയർന്നുവന്നാൽ മാത്രമേ, ജനപക്ഷ ബദൽ രൂപം കൊള്ളുകയുള്ളൂ. അതോടൊപ്പം, ജനാധിപത്യം, മതനിരപേക്ഷത എന്നിവയുടെ സംരക്ഷണത്തിനായുള്ള അതിവിപുലമായ ജനകീയ മുന്നേറ്റങ്ങളും ഉണ്ടാവണം. മതനിരപേക്ഷതയിൽ അടിയുറച്ചു നിൽക്കുന്ന സംസ്ഥാന പാർടികൾക്ക് ഈ കാര്യത്തിൽ മികച്ച പങ്ക് വഹിക്കാനാവും. തമിഴ്നാട്ടിലെ ഡിഎംകെയുടെ വിജയത്തിന്റെ പ്രാധാന്യം അതാണ്.

കേരളത്തിൽ, എല്ലാ രംഗത്തും ഇടതുപക്ഷ ബദൽ ഉയർത്തിയാണ് എൽഡിഎഫ് സർക്കാർ പ്രവർത്തിച്ചത്. കോൺഗ്രസിന്റെയും, ബിജെപിയുടെയും കേന്ദ്ര ഭരണനയങ്ങൾക്ക് ശരിയായ ബദൽ, ഇടതുപക്ഷമാണെന്ന ബോധ്യം ജനങ്ങളിലുണ്ടായി. അതോടൊപ്പം, നവ ഉദാരവൽക്കരണ നയങ്ങൾക്കും, വർഗീയതക്കും, സാമ്രാജ്യത്വ ഇടപെടലുകൾക്കുമെതിരെ, ഇടതുപക്ഷം ഉയർത്തിപ്പിടിക്കുന്ന നിലപാടുകളും വലിയ സ്വീകാര്യത നേടി. ജനപക്ഷ വികസന നടപടികളും, സാമൂഹ്യ സുരക്ഷാ പദ്ധതികളും, പ്രതിസന്ധികളെ നേരിടാൻ ആവിഷ്കരിച്ച കർമ്മ കുശലതയും, കേരളത്തിൽ എൽഡിഎഫിന്, ജനങ്ങളിൽ വലിയ സ്വീകാര്യത സൃഷ്ടിച്ചു. മലവെള്ളപ്പാച്ചിൽ പോലെ വന്ന ബൂർഷ്വാ മാധ്യമ പ്രചരണങ്ങളെ അതിജീവിച്ച്, തെരഞ്ഞെടുപ്പ് വിജയം നേടാൻ എൽഡിഎഫിനെ പ്രാപ്തമാക്കിയത്, ഈ സാഹചര്യമാണ്.

കേരളത്തിൽ എൽഡിഎഫിനുണ്ടായ തുടർഭരണം, എൽഡിഎഫിന്റെ അന്തസ് ദേശീയ തലത്തിൽ ഉയർത്തിയിട്ടുണ്ട്. ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ അന്തസും ഉയർത്തിയിട്ടുണ്ട്. ഈ അവസരമുപയോഗിച്ച്, വർഗസമരങ്ങൾ ശക്തിപ്പെടുത്താനാവണം.

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ശക്തമായ ജനസ്വാധീനമുള്ള, ബിജെപികോൺഗ്രസിതര സംസ്ഥാന രാഷ്ട്രീയ പാർടികളുണ്ട്. ജനാധിപത്യ മതനിരപേക്ഷ സംരക്ഷണത്തിനായുള്ള നിലപാടുകൾ സ്വീകരിക്കാൻ അവർക്ക് കഴിയും. അത്തരം കക്ഷികളെ ഏകോപിപ്പിക്കുന്നതിൽ കേരളത്തിലെ എൽഡിഎഫ് സർക്കാരിന് വലിയ പങ്ക് വഹിക്കാനാവും.

രാജ്യം നേരിടുന്ന അതീവ ഗുരുതരമായ കോവിഡ് വ്യാപനത്തെ നേരിടുന്നതിൽ ദയനീയമായി പരാജയപ്പെട്ട, മോദി പ്രധാനമന്ത്രിപദം ഒഴിയണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. രാജ്യത്തിന്റെ സാമ്പത്തിക നില വളരെ കുഴപ്പത്തിലാണ്. തൊഴിലില്ലായ്മ രൂക്ഷമാണ്. എല്ലാ രംഗത്തും പരാജയപ്പെട്ട മോദി സർക്കാരിനെതിരെ രാജ്യവ്യാപകമായി ഉയർന്നുവരുന്ന പ്രതിഷേധം ശക്തിപ്പെടുത്താൻ അഞ്ച് സംസ്ഥാന അസംബ്ലി തെരഞ്ഞെടുപ്പ് ഫലങ്ങൾ രാസത്വരകമാണ്. ഈ കാര്യത്തിൽ ഒരു പങ്ക് വഹിക്കാൻ കഴിഞ്ഞതിൽ നമുക്കഭിമാനിക്കാം.



എൽഡിഎഫ് 99 /140

# എൽഡിഎഫ് തുടർ




- ഇടതുഭരണ തുടർച്ച ചരിത്രത്തിലാദ്യം
- മതനിരപേക്ഷതയിൽ അടിയുറച്ച് കേരളം
- 11 ജില്ലകളിൽ വ്യക്തമായ മേൽക്കൈ
- ബിജെപി അക്കൗണ്ട് പൂട്ടിച്ചു
- ഭരണമികവും പ്രതിസന്ധിയിൽ ചേർത്തുനിർത്തിയതും ജനം മറന്നില്ല
- എൽഡിഎഫ് വികസന നയത്തിനുള്ള അംഗീകാരം
- മാധ്യമങ്ങളും പ്രതിപക്ഷവും ചേർന്ന് നടത്തിയ എല്ലാ കുപ്രചാരണവും ആഴക്കടലിൽ
- കേന്ദ്ര സർക്കാരിന്റെ അവഗണനക്ക് ചുട്ട മറുപടി

# ഭരണത്തിലേക്ക്




കേരളമാകെ ആഞ്ഞുവീശിയ ചുവപ്പുതരംഗത്തിൽ, ഇതാ കേരളം വീണ്ടും രാജ്യത്തിന് വഴികാട്ടുന്നു. യുഡിഎഫ് കോട്ടകളെ കടപുഴക്കി എൽഡിഎഫ് സർക്കാർ ചരിത്രത്തിലാദ്യമായി 140ൽ 99 സീറ്റോടെ രണ്ടാം ദൗത്യത്തിലേക്ക്. കഴിഞ്ഞ തവണ നേമത്ത് തുറന്ന ബിജെപിയുടെ അക്കൗണ്ട് പൂട്ടിക്കെട്ടിയാണ് കേരളം മഹത്തായ മതനിരപേക്ഷ മാതൃക ഉയർത്തിയത്.

11 ജില്ലയിൽ എൽഡിഎഫ് വ്യക്തമായ ആധിപത്യം നേടി. മലപ്പുറത്ത് കഴിഞ്ഞ തവണത്തെ സീറ്റുകൾ ഇത്തവണയും എൽഡിഎഫ് നിലനിർത്തി. യുഡിഎഫ് 41 സീറ്റിലൊതുങ്ങി.

മഞ്ചേശ്വരത്തും കോന്നിയിലും ഇരട്ടമത്സരത്തിനിറങ്ങിയ ബിജെപി സംസ്ഥാന പ്രസിഡന്റ് കെ സുരേന്ദ്രൻ രണ്ടിടത്തും തോറ്റു. നേമത്ത് ഒ രാജഗോപാലിന് പകരം സ്ഥാനാർഥിയായ മുൻ മിസോറാം ഗവർണർ കുമ്മനം രാജശേഖരൻ, ബിജെപി ജനറൽ സെക്രട്ടറിമാരായ ശോഭ സുരേന്ദ്രൻ, പി കെ കൃഷ്ണദാസ്, എം ടി രമേശ്, സുരേഷ് ഗോപി എംപി, ഇ ശ്രീധരൻ തുടങ്ങിയവരും തോറ്റു.



നേമം പിടിക്കാനിറങ്ങിയ വടകര എംപി കെ മുരളീധരൻ മൂന്നാം സ്ഥാനത്തായി.

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി, തൃശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ എൽഡിഎഫ് വലിയ മുന്നേറ്റം കാഴ്ചവച്ചു. കോട്ടയം ജില്ലയിൽ കഴിഞ്ഞ തവണത്തെക്കാൾ നിലമെച്ചപ്പെടുത്തി. എറണാകുളം, മലപ്പുറം, വയനാട് ജില്ലകളിൽ മാത്രമാണ് യുഡിഎഫ് അൽപ്പമെങ്കിലും പിടിച്ചുനിന്നത്.

തലസ്ഥാന ജില്ലയിലെ 14 സീറ്റിൽ 13ഉം എൽഡിഎഫിനാണ്. കോൺഗ്രസ് ഒരു സീറ്റിൽ ഒതുങ്ങി. ബിജെപിക്ക് പുറമെ ആർഎസ്പി, സിഎംപി തുടങ്ങിയ കക്ഷികളും ഒരു സീറ്റിലും ജയിക്കാതെ സംപൂജ്യരായി.

കേന്ദ്രം ഭരിക്കുന്ന ബിജെപിക്ക് നിലവിലുള്ള ഒരു സീറ്റ് പോലും നിലനിർത്തനാകാതെ മുഖം നഷ്ടമായി. മുഖ്യമന്ത്രിയെ പ്രഖ്യാപിച്ച് തൂക്കുസഭ പ്രവചിച്ച ബിജെപി പരിഹാസ്യരായി. അതോടൊപ്പം രാഷ്ട്രീയലക്ഷ്യത്തോടെ പ്രവർത്തിച്ച കേന്ദ്ര ഏജൻസികൾക്കും ചില വലതുപക്ഷ മാധ്യമങ്ങൾക്കും മുഖമടച്ച അടിയാണ് ജനങ്ങൾ നൽകിയത്. മതനിരപേക്ഷത സംരക്ഷിക്കാനും ജനക്ഷേമം ഉറപ്പുവരുത്താനും ഇടതുപക്ഷത്തിനുമാത്രമേ കഴിയൂ എന്ന ജനങ്ങളുടെ ആഴത്തിലുള്ള വിശ്വാസവും ജനവിധിയിൽ പ്രതിഫലിച്ചു.

ഓരോ അഞ്ചു വർഷം കൂടുമ്പോഴും ഇടത്‌വലത് മുന്നണികളെ മാറിമാറി അധികാരത്തിലെത്തിക്കുക എന്ന പതിവ് രീതിയാണ് കേരളം ഇക്കുറി വേണ്ടെന്നുവച്ചത്. വികസനത്തുടർച്ച വേണമെന്ന ജനങ്ങളുടെ ആഗ്രഹമാണ് ഇതിന് കാരണം. പ്രതിസന്ധിഘട്ടങ്ങളിൽ പ്രളയമായാ

ഓരോ അഞ്ചു വർഷം കൂടുമ്പോഴും ഇടത്‌വലത് മുന്നണികളെ മാറിമാറി അധികാരത്തിലെത്തിക്കുക എന്ന പതിവ് രീതിയാണ് കേരളം ഇക്കുറി വേണ്ടെന്നുവച്ചത്. വികസനത്തുടർച്ച വേണമെന്ന ജനങ്ങളുടെ ആഗ്രഹമാണ് ഇതിന് കാരണം.



ലും നിപായായാലും കോവിഡ് ആയാലും ആബാലവൃദ്ധം ജനങ്ങളെ ചേർത്തുപിടിച്ച് സംരക്ഷിക്കാൻ പിണറായി വിജയൻ സർക്കാർ തയ്യാറായതിന് മാത്രമുള്ളതല്ല ഈ ചരിത്രവിജയം. വറുതിയുടെ നാളുകളിലും അവരെ പട്ടിണിക്കിടാതെ ജീവൻ നിലനിർത്തിയതിനുള്ള ജനങ്ങളുടെ പാരിതോഷികം കൂടിയാണ് എൽഡിഎഫിനുള്ള ഈ തുടർ ഭരണം.

അറുപത്തിനാല് വർഷംമുമ്പ് ഇ എം എസിന്റെ നേതൃത്വത്തിൽ കമ്യൂണിസ്റ്റ് പാർടി കേരളത്തിൽ അധികാരത്തിൽ വന്നപ്പോൾ ദേശീയ രാഷ്ട്രീയത്തിൽ വലിയ ചലനങ്ങളാണ് അതുണ്ടാക്കിയിരുന്നത്. തെരഞ്ഞെടുപ്പിലൂടെ രാജ്യത്ത് ആദ്യമായി അധികാരത്തിൽ വന്ന കമ്യൂണി

## ആത്മവിശ്വാസം വർധിപ്പിക്കുന്ന ജനവിധി

നിയമസഭാ തെരഞ്ഞെടുപ്പിൽ എൽഡിഎഫിന് ചരിത്രവിജയം നൽകിയ കേരള ജനതയെ സിപിഐ എം സംസ്ഥാന സെക്രട്ടറിയറ്റ് അഭിവാദ്യം ചെയ്തു. ജനങ്ങളർപ്പിച്ച വിശ്വാസത്തോട് നീതി പുലർത്തും. സിപിഐ എമ്മിനും ഇടതുപക്ഷ ജനാധിപത്യ ശക്തികൾക്കും ആത്മവിശ്വാസത്തോടെ ജനങ്ങൾക്കൊപ്പംനിന്ന് പ്രവർത്തിക്കാൻ ജനവിധി കൂടുതൽ സഹായകരമാകുമെന്നും സെക്രട്ടറിയറ്റ് ചൂണ്ടിക്കാട്ടി.

1957 മുതൽ വിവിധ ഘട്ടങ്ങളിൽ അധികാരത്തിൽ വന്ന കമ്യൂണിസ്റ്റ് ഇടതുപക്ഷ സർക്കാരുകൾ പാർശ്വവൽക്കരിക്കപ്പെട്ട ജനങ്ങൾക്കുവേണ്ടിയാണ് പ്രവർത്തിച്ചത്. ഈ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ ശക്തിപകരുന്നതാണ് ഈ ജനവിധി. പ്രതിലോമ ശക്തികളുടെ തെറ്റായ പ്രചാരണങ്ങളെ അതിജീവിക്കാൻ കെൽപ്പുള്ള ശക്തമായ അടിത്തറ കേരളത്തിനുണ്ടെന്ന് ബോധ്യപ്പെടുത്തിയ തെരഞ്ഞെടുപ്പ് ഫലംകൂടിയാണ് ഇത്. മതനിരപേക്ഷതയും ജനാധിപത്യമൂല്യങ്ങളും ഭരണഘടനയും അട്ടിമറിക്കാൻ ബിജെപിയുടെ നേതൃത്വത്തിലുള്ള കേന്ദ്ര സർക്കാർ നടത്തുന്ന ശ്രമങ്ങൾക്കെതിരായ ജനകീയപോരാട്ടങ്ങൾക്ക് വിജയം കരുത്തുപകരും. ഇന്ത്യയിലാകെയുള്ള പൊരുതുന്ന ജനതയ്ക്ക് ഇത് കൂടുതൽ ആത്മവിശ്വാസം നൽകും.



**തെരഞ്ഞെടുപ്പുകളിൽ ഭൂരിപക്ഷം ലഭിക്കുകയാണെങ്കിൽ എങ്ങനെ പ്രവർത്തിക്കണമെന്നതിനെക്കുറിച്ച് കൂലങ്കഷമായ ഒരു മാർഗരേഖയും ഇന്ത്യൻ കമ്യൂണിസ്റ്റ് പാർടി മുന്നോട്ടുവച്ചിരുന്നില്ല. എന്നിട്ടും 1957ൽ അധി കാരത്തിൽ വന്ന ഇഎംഎസ് സർക്കാരിന്റെ പ്രവർത്തനം ഒരു കമ്യൂ ണിസ്റ്റ് പാർടിയുടെ സർക്കാർ എങ്ങനെ ആയിരിക്കണമെന്നാണോ ജന ങ്ങൾ ആഗ്രഹിച്ചത് അങ്ങനെയായി.**

സ്റ്റ് പാർടി സർക്കാരായിരുന്നു ഇ എം എസിന്റെ നേതൃത്വത്തിലുണ്ടായിരുന്നത്. പ്രാദേശിക തലത്തിലെ തെരഞ്ഞെടുപ്പുകളിൽ ഭൂരിപക്ഷം ലഭിക്കുകയാണെങ്കിൽ എങ്ങനെ പ്രവർത്തിക്കണമെന്നതിനെക്കുറിച്ച് കൂലങ്കഷമായ ഒരു മാർഗരേഖയും അന്ന് ഇന്ത്യൻ കമ്യൂണിസ്റ്റ് പാർടി മുന്നോട്ടുവച്ചിരുന്നില്ല. എന്നിട്ടും ഇ എം എസ് സർക്കാരിന്റെ പ്രവർത്തനം ഒരു കമ്യൂണിസ്റ്റ് പാർടിയുടെ സർക്കാർ എങ്ങനെ ആയിരിക്കണമെന്നാണോ ജനങ്ങൾ ആഗ്രഹിച്ചത് അങ്ങനെയായി. അധികാരമേറ്റ് ഒരാഴ്ചയ്ക്കുള്ളിൽത്തന്നെ കുടിയൊഴിപ്പിക്കൽ തടയുന്നതിനുള്ള ഓർഡിനൻസ് ഇ എം എസ് സർക്കാർ കൊണ്ടുവന്നു. കാർഷികബന്ധബിൽ കേരളത്തിലെ വലിയ വിഭാഗം ഭൂരഹിതരെ ഭൂവുടമകളാക്കി. ഇതുകൂടാതെ വിദ്യാഭ്യാസം, ആരോഗ്യം, സഹകരണം, തദ്ദേശഭരണം എന്നിവയുടെ ജനാധിപത്യവൽക്കരണവും ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരുകളുടെ സംഭാവനയായിരുന്നു. സാധാരണ ജനങ്ങളുടെ ഉന്നമനമായിരുന്നു എന്നും ഇടതുപക്ഷം നെഞ്ചേറ്റിയത്.

അതുകൊണ്ടുതന്നെ ഇടതുപക്ഷ സർക്കാരുകളെ കാലാവധി പൂർത്തിയാക്കാൻ വലതുപക്ഷം അനുവദിച്ചില്ല. സാമ്രാജ്യത്വ ശക്തികളുടെയും ജാതി മത വർഗീയ പ്രസ്ഥാനങ്ങളുടെയും സഹായത്തോടെ ഇടതുപക്ഷ സർക്കാരുകളെ അസ്ഥിരപ്പെടുത്താൻ വലതുപക്ഷത്തിന് കഴിഞ്ഞു. ഇ എം എസ് മന്ത്രിസഭയെ അട്ടിമറിക്കുന്നതിൽ അമേരിക്കൻ ചാര സംഘടനയായ സിഐഎയുടെ പണംപോലും കോൺഗ്രസും ജാതിമതവർഗീയ സംഘടനകളും ചേർന്ന് നടത്തിയ വിമോചന

സമരത്തിന് ലഭിച്ചുവെന്ന് തെളിയുകയുണ്ടായി. 1967ൽ വീണ്ടും അധികാരത്തിൽ വന്ന ഇ എം എസ് മന്ത്രിസഭയെയും 1980ൽ വന്ന നായനാർ മന്ത്രിസഭയെയും കാലാവധി പൂർത്തിയാക്കാൻ അനുവദിച്ചില്ല. ഇടതുപക്ഷ സർക്കാരുകളെ എങ്ങനെയും താഴെയിറക്കുക എന്നതായിരുന്നു കോൺഗ്രസിന്റെയും അവരെ പിന്തുണച്ച ശക്തികളുടെയും ശ്രമം. അതിൽ അവർ ഒരു പരിധിവരെ വിജയിക്കുകയും ചെയ്തു. അന്നൊക്കെ കേന്ദ്രത്തിൽ അധികാരമുണ്ടായിരുന്ന കോൺഗ്രസായിരുന്നു ഈ അട്ടിമറികൾക്കൊക്കെ പിന്നിൽ പ്രവർത്തിച്ചത്. ദേശീയാടിസ്ഥാനത്തിൽ കോൺഗ്രസ് ദുർബലമാകുകയും കേന്ദ്രത്തിൽ തനിച്ച് ഭൂരിപക്ഷം കോൺഗ്രസിന് നഷ്ടമാകുകയും ചെയ്തതിനുശേഷം മാത്രമാണ് കേരളത്തിൽ ഇടതുപക്ഷ സർക്കാരുകൾക്ക് കാലാവധി പൂർത്തിയാക്കാൻ കഴിഞ്ഞത്. 1987ലും 1996ലും 2006ലും 2016ലും അധികാരത്തിൽവന്ന എൽഡിഎഫ് സർക്കാരുകൾ കാലാവധി പൂർത്തിയാക്കി. എന്നാൽ, ഒരിക്കൽപ്പോലും തുടർഭരണം ലഭിക്കുകയുണ്ടായില്ല.

ഇടതു പക്ഷത്തിന്റെ ദേശീയ പ്രസക്തി വർധിപ്പിക്കുന്നതു കൂടിയാണ് കേരളത്തിലെ വിജയം.

ഭരണത്തുടർച്ചയില്ലായ്മയുടെ ചരിത്രത്തെയാണ് എൽഡിഎഫ് ഇപ്പോൾ മറികടന്നിട്ടുള്ളത്. ബൂർഷ്വാ പാർലമെന്ററി വ്യവസ്ഥയിൽ കമ്യൂണിസ്റ്റുകാർക്ക് തുടർഭരണം ലഭിക്കുക എന്നത് ചെറിയ കാര്യമല്ല. പശ്ചിമ ബംഗാളിലും ത്രിപുരയിലും ഭരണം നഷ്ടപ്പെടുകയും പാർലമെന്റിലെ പ്രാതിനിധ്യം കുത്തനെ കുറയുകയും ചെയ്ത സാഹചര്യത്തിൽ വലതുപക്ഷം കമ്യൂണിസത്തിന് ചരമക്കുറിപ്പെഴുതി എന്നുപറഞ്ഞ വേളയിലാണ് പിണറായി വിജയൻ സർക്കാർ രണ്ടാമതും അധികാരത്തിൽ വരുന്നത്. ഇടതുപക്ഷത്തിന്റെ ദേശീയ പ്രസക്തി വർധിപ്പിക്കുന്നതുകൂടിയാണ് കേരളത്തിലെ വിജയം.



## കക്ഷിനില 2016

### എൽഡിഎഫ്

| | |
|---|---|
| സിപിഐ എം | 63 (സ്വതന്ത്രർ ഉൾപ്പെടെ) |
| സിപിഐ | 19 |
| ജനതാദൾ | 3 |
| എൻസിപി | 2 |
| കേരള കോൺഗ്രസ് ബി | 1 |
| കോൺഗ്രസ് എസ് | 1 |
| സിഎംപി | 1 |
| ആർ എസ് പി (എൽ) | 1 |
| ആകെ | 91 |

### യുഡിഎഫ്

| | |
|---|---|
| കോൺഗ്രസ് | 22 |
| മുസ്ലീം ലീഗ് | 18 |
| കേരള കോൺഗ്രസ് എം | 6 |
| കേരള കോൺഗ്രസ് ജേക്കബ് | 1 |
| ആകെ | 47 |
| ബിജെപി | 1 |
| പി.സി.ജോർജ് | 1 |

## കക്ഷിനില 2021

### എൽഡിഎഫ്

| | |
|---|---|
| സിപിഐ എം ( സ്വതന്ത്രർ ഉൾപ്പെടെ ) | 67 |
| സിപിഐ | 17 |
| കേരള കോൺഗ്രസ് എം | 5 |
| ജനതാദൾ എസ് | 2 |
| എൻസിപി | 2 |
| കോൺഗ്രസ് എസ് | 1 |
| കേരള കോൺഗ്രസ് ബി | 1 |
| എൽജെഡി | 1 |
| ഐഎൻഎൽ | 1 |
| ആർ എസ് പി (എൽ) | 1 |
| ജനാ.കേരള കോൺഗ്രസ് | 1 |
| ആകെ | 99 |

### യുഡിഎഫ്

| | |
|---|---|
| കോൺഗ്രസ് | 22 |
| മുസ്ലീം ലീഗ് | 14 |
| കേരള കോൺഗ്രസ് ജെ (നാഷണൽ) | 2 |
| കോൺഗ്രസ് കേരള | 1 |
| കേരള കോൺഗ്രസ് ജേക്കബ് | 1 |
| ആർഎംപി | 1 |
| ആകെ | 41 |

# ബിജെപിയുടെ അക്കൗണ്ട് പൂട്ടി

ഒളിഞ്ഞും തെളിഞ്ഞും വർഗീയത കുത്തിയിളക്കി മതനിരപേക്ഷ മനസ് തകർക്കാൻ ശ്രമിച്ചവരുടെ അക്കൗണ്ട് കേരളം പൂട്ടി. അർഹമായ കേന്ദ്രസഹായങ്ങൾ പോലും മുടക്കി സംസ്ഥാനത്തെ ശ്വാസംമുട്ടിച്ച ബിജെപിയെ സംപൂജ്യരാക്കിയാണ് ജനം വിധിയെഴുതിയത്. 2016ൽ വിജയിച്ച നേമം അവരെ കൈവിട്ടു. പാലക്കാട്ടും തൃശൂരിലും ബിജെപി അടിപതറി വീണു.

# ജനങ്ങളുടെ വിജയം: മുഖ്യമന്ത്രി

എൽഡിഎഫിന് ലഭിച്ച മഹാവിജയത്തിന്റെ നേരവകാശികൾ കേരളത്തിലെ ജനങ്ങളാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഇത് കേരളത്തിന്റെ വിജയമാണ്. അഞ്ചുവർഷത്തെ സർക്കാരിനെ ജനങ്ങൾ അംഗീകരിച്ചുവെന്നും വാർത്താസമ്മേളനത്തിൽ മുഖ്യമന്ത്രി പറഞ്ഞു.കേരളത്തിന്റെ ആവശ്യങ്ങൾ നേടിയെടുക്കണമെങ്കിൽ, മതേതരത്വം സംരക്ഷിക്കപ്പെടണമെങ്കിൽ, അഴിമതിരഹിത വികസനം ഉണ്ടാകണമെങ്കിൽ, ക്ഷേമം പുലരണമെങ്കിൽ, എൽഡിഎഫ് സർക്കാർതന്നെ അധികാരത്തിൽ തുടരണമെന്ന് പ്രബുദ്ധരായ ജനങ്ങൾ വിധിയെഴുതി. വാക്കിനുവിലയുള്ള ഇടതുപക്ഷ ജനകീയ ബദൽ യാഥാർഥ്യമാകണമെന്ന് ജനം കരുതുന്നു. ഈ വിജയം കേരളത്തിലെ ജനങ്ങൾക്ക് വിനയപുരസ്സരം സമർപ്പിക്കുന്നു. എൽഡിഎഫ് വിജയത്തിനായി പ്രവർത്തിച്ചവരെയും, മുന്നണിക്കൊപ്പം നിലകൊണ്ടവരെയും മുഖ്യമന്ത്രി അഭിവാദ്യംചെയ്യു.



# വർഗീയതയ്ക്ക് കനത്ത തിരിച്ചടി

**യുഡിഎഫ് പിന്തുണയോടെ 2016ൽ ബിജെപി തുറന്ന അക്കൗണ്ട് എൽഡിഎഫ് നേതൃത്വത്തിൽ കേരളം 'ക്ലോസ് ചെയ്തു'. നരേന്ദ്ര മോഡി അമിത് ഷാ ദ്വയങ്ങളും നിരവധി കേന്ദ്രമന്ത്രിമാരും കോടികൾ ചെലവഴിച്ച് നടത്തിയ പ്രചാരണവും കേരളത്തിൽ വിലപ്പോയില്ല. ബിജെപി സംസ്ഥാന അധ്യക്ഷനെ രണ്ട് സീറ്റിൽ മത്സരിപ്പിച്ച് കേരളം പിടിക്കുമെന്ന പ്രതീതിയുണ്ടാക്കി. 35 സീറ്റ് കിട്ടിയാൽ കേരളം ഭരിക്കുമെന്ന് വീമ്പ് ഇളക്കിയ ബിജെപിക്ക് കേന്ദ്ര ഏജൻസികളെ ഉപയോഗിച്ചിട്ടും സ്വാധീനം വർധിപ്പിക്കാനായില്ല. ഫെഡറൽ തത്വങ്ങളെ ലംഘിച്ചും കേന്ദ്ര ഭരണം ദുർവിനിയോഗം ചെയ്തും സംസ്ഥാന സർക്കാരിനെ അസ്ഥിരീകരിക്കാനുള്ള കേന്ദ്രനീക്കത്തെയാണ് കേരളം നിരാകരിച്ചത്. ഇത് വർഗീയ തീവ്രവാദത്തോട് കേരളം സന്ധിചെയ്യില്ലെന്ന പ്രഖ്യാപനംകൂടിയാണ്. മതപരമായ ഏകീകരണം ലക്ഷ്യംവച്ച് യുഡിഎഫ് ജമാഅത്തെ ഇസ്ലാമിയുമായി ഉണ്ടാക്കിയ കൂട്ടുകെട്ടും ജനം തള്ളിക്കളഞ്ഞു. മതനിരപേക്ഷതയെ ഉയർത്തിപ്പിടിക്കുന്ന രാഷ്ട്രീയത്തിനൊപ്പമാണ് കേരളമെന്ന് ഒരിക്കൽക്കൂടി തെളിയിച്ചു .**

# ബംഗാളിൽ തൃണമൂൽ; തമിഴ്നാട്ടിൽ ഡിഎംകെ സഖ്യം



ബംഗാളിൽ മൂന്നാം വട്ടവും തൃണമൂൽ കോൺഗ്രസ് അധികാരത്തിൽ. തമിഴ്നാട്ടിൽ 10 വർഷത്തെ ഇടവേളയ്ക്ക് ശേഷം ഡിഎംകെ സഖ്യം അധികാരം തിരിച്ചുപിടിച്ചു. അസമിൽ ബിജെപി അധികാരം നിലനിർത്തിയപ്പോൾ പുതുച്ചേരിയിൽ എൻആർ കോൺഗ്രസ് സഖ്യം മുന്നിൽ.

കേന്ദ്രാധികാരം ഉപയോഗിച്ചും പണമൊഴുക്കിയും വർഗീയ ധ്രുവീകരണം തീവ്രമാക്കിയും ബംഗാളിൽ അധികാരം പിടിക്കാനുള്ള ബിജെപിയുടെ നീക്കം പൂർണമായും പാളി. രണ്ടുവർഷംമുമ്പ് ലോക്സഭാ തെരഞ്ഞെടുപ്പിൽ കാഴ്ചവച്ച പ്രകടനത്തിലേക്കുപോലുമെത്താൻ ബിജെപിക്കായില്ല. നന്ദിഗ്രാമിൽ മുഖ്യമന്ത്രി മമതാ ബാനർജിയെ സുകേന്ദു അധികാരി തോൽപ്പിച്ചത് മാത്രമായി ആശ്വാസം. വീണ്ടും വോട്ടെണ്ണണമെന്ന് മമത ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ 2016 നേക്കാൾ കൂടുതൽ സീറ്റുപിടിക്കാൻ തൃണമൂലിനായി. ഇടതുപക്ഷത്തിന്റെ നേതൃത്വത്തിലുള്ള സംയുക്ത മോർച്ചയ്ക്ക് ജയിക്കാനായില്ല.

തമിഴ്നാട്ടിൽ ഡിഎംകെ സഖ്യം പൂർണാധിപത്യം നേടി. ജയലളിതയുടെ അഭാവത്തിലുള്ള ആദ്യ തെരഞ്ഞെടുപ്പിൽ 85 സീറ്റിൽ എഐഎഡിഎംകെ സഖ്യം ഒതുങ്ങി. കരുണാനിധിക്കുശേഷം നേതൃത്വം ഏറ്റെടുത്ത എം കെ സ്റ്റാലിൻ ഡിഎംകെ മുന്നണിയെ മികച്ച വിജയത്തിലേക്ക് നയിച്ചു.

പൗരത്വ ഭേദഗതി നിയമത്തിനെതിരായി അസമിൽ അലയടിച്ച ജനവികാരത്തെ തെരഞ്ഞെടുപ്പ് നേട്ടമാക്കാൻ കോൺഗ്രസ് സഖ്യത്തിനായില്ല. പൗരത്വ നിയമത്തിനെതിരായി നിലപാടെടുത്ത എല്ലാ പാർടിയെയും യോജിപ്പിച്ച് ബിജെപിക്കെതിരായി അണിനിർത്തുന്നതിൽ കോൺഗ്രസിനായില്ല. അസമിൽ സോർഭോഗ് മണ്ഡലത്തിൽ സിപിഐ എം സ്ഥാനാർഥി മനോരഞ്ജൻ താലൂക്ക് ധാർ വിജയിച്ചു. പുതുച്ചേരിയിൽ എൻആർ കോൺഗ്രസ് സഖ്യം മുന്നിലെത്തി.

# മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും വകുപ്പുകൾ



**മുഖ്യമന്ത്രി പിണറായി വിജയൻ:** പൊതുഭരണം, ആഭ്യന്തരം, ആസൂത്രണം, പരിസ്ഥിതി, മലിനീകരണ നിയന്ത്രണം, ന്യൂനപക്ഷ ക്ഷേമം, പ്രവാസികാര്യം, ഐടി, എയർപോർട്ട്, മെട്രോ റെയിൽ, വിജിലൻസ്, ഫയർ ഫോഴ്സ്, ജയിൽ,ഇൻഫോർമേഷൻ ആൻറ് പബ്ലിക് റിലേഷൻ, ഷിപ്പിങ്ങ് ആൻറ് നാവിഗേഷൻ തുടങ്ങി മറ്റ് മന്ത്രിമാർക്ക് ഇല്ലാത്ത എല്ലാ വകുപ്പുകളുടെയും ചുമതല മുഖ്യമന്ത്രിക്കാണ്.

**കെ രാജൻ:** റവന്യൂ, സർവേ, ലാന്റ് റെക്കോർഡ്സ്, ഭൂപരിഷ്കരണം

**റോഷി അഗസ്റ്റിൻ:** ജലവിതരണ വകുപ്പ്, ഭൂഗർഭ ജല വകുപ്പ്

**കെ കൃഷ്ണൻകുട്ടി:** വൈദ്യുതി, അനർട്ട്

**എകെ ശശീന്ദ്രൻ:** വനം, വന്യജീവി സംരക്ഷണം

**അഹമ്മദ് ദേവർകോവിൽ:** തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുകൾ

**അഡ്വ ആന്റണി രാജു:** റോഡ് ഗതാഗതം, മോട്ടോർ വെഹിക്കിൾ, ജലഗതാഗതം

**വി അബ്ദുറഹിമാൻ:** കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം, റെയിൽവെ

**ജിആർ അനിൽ:** ഭക്ഷ്യ സിവിൽ സപ്ലൈസ്, ഉപഭോക്തൃകാര്യം, ലീഗൽ മെട്രോളജി

**കെ.എൻ ബാലഗോപാൽ:** ധനകാര്യം, ട്രഷറി, ഓഡിറ്റ്, കെഎഫ് സി . സ്റ്റേറ്റ് ഇൻഷുറൻസ്, ലോട്ടറി തുടങ്ങിയവ

**പ്രൊഫ ആർ ബിന്ദു:** ഉന്നത വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം, സർവകലാശാലകൾ (കൃഷി, മൃഗസംരക്ഷണം, മെഡിക്കൽ, ഡിജിറ്റൽ സർവകലാശാലകൾ ഒഴികെ), എൻട്രസ് എക്സാം, എൻസിസി, എഎസ്എപി, സാമൂഹ്യനീതി

**ചിഞ്ചുറാണി:** ക്ഷീരവികസനം, മൃഗസംരക്ഷണം, മൃഗശാല

**എം വി ഗോവിന്ദൻ :** എക്സൈസ്, തദ്ദേശ സ്വയംഭരണം, ഗ്രാമ വികസനം, നഗരാസൂത്രണം, കില

**അഡ്വ പിഎ മുഹമ്മദ് റിയാസ്:** പൊതുമരാമത്ത്, ടൂറിസം

**പി പ്രസാദ്:** കൃഷി, മണ്ണ് സംരക്ഷണം, കാർഷിക സർവകലാശാല, വെയർഹൗസിങ് കോർപറേഷൻ

**കെ രാധാകൃഷ്ണൻ:** ദേവസ്വം, പിന്നോക്ക ക്ഷേമം, പാർലമെന്ററികാര്യം.

**പി രാജീവ്:** വ്യവസായം, നിയമം, മൈനിങ് ആന്റ് ജിയോളജി, ഹാന്റ്ലൂം ആന്റ് ടെക്സ്റ്റൈൽ, ഖാദി ആന്റ് വില്ലേജ് ഇന്റസ്ട്രീസ്, കയർ, കശുവണ്ടി, പ്ലാന്റേഷൻ ഡയറക്ടറേറ്റ്

**സജി ചെറിയാൻ:** ഫിഷറീസ്, സാംസ്കാരികം, ചലച്ചിത്ര വികസന കോർപറേഷൻ, യുവജനകാര്യം

**വി ശിവൻകുട്ടി:** പൊതുവിദ്യാഭ്യാസം, തൊഴിൽ, ഫാക്ടറീസ് ആന്റ് ബോയ്ലേർസ്, ഇന്റസ്ട്രിയൽ ട്രൈബ്യൂണൽ ലേബർ കോർട്ട്സ്

**വിഎൻ വാസവൻ:** സഹകരണം, രജിസ്ട്രേഷൻ

**വീണ ജോർജ്:** ആരോഗ്യം, കുടുംബ ക്ഷേമം, മെഡിക്കൽ വിദ്യാഭ്യാസം, മെഡിക്കൽ സർവകലാശാല, ആയുഷ്, ഡ്രഗ്സ് കൺട്രോൾ, വനിതാ ശിശു ക്ഷേമം.

# പുതിയ പ്രതീക്ഷ ; പുതിയ പ്രതിച്ഛായ

കേരളത്തിന്റെ രാഷ്ട്രീയചരിത്രത്തിൽ പുതിയൊരു അധ്യായത്തിന് തുടക്കം കുറിച്ചുകൊണ്ടാണ് പിണറായി വിജയന്റെ നേതൃത്വത്തിൽ ഇടതുപക്ഷ സർക്കാർ രണ്ടാമതും ചുമതലയേറ്റത്. ഭീതിയുടെയും ആശങ്കയുടെയും കാർമേഘം രാജ്യത്തെയാകെ മൂടിനിൽക്കുമ്പോഴാണ് ജനങ്ങൾക്ക് ആശ്വാസവും പ്രതീക്ഷയും നൽകിക്കൊണ്ട് ഇടതുപക്ഷ സർക്കാരിന്റെ രണ്ടാമൂഴം. ഇന്ത്യയിലെ ഏക ഇടതുപക്ഷ സർക്കാരാണ് 2016 മുതൽ കേരളത്തിലുള്ളത്. വർഗീയ ധ്രുവീകരണ രാഷ്ട്രീയത്തിനും അതിസമ്പന്നർക്ക് അനുകൂലമായ സാമ്പത്തിക പരിഷ്കാരത്തിനും ശക്തമായ ബദൽ മുന്നോട്ടുവച്ചാണ് അഞ്ചുവർഷവും എൽഡിഎഫ് സർക്കാർ ഭരിച്ചത്. ആ വെളിച്ചം തല്ലിക്കെടുത്താൻ എല്ലാ വർഗീയ പിന്തിരിപ്പൻ ശക്തികളും ശ്രമിച്ചുവെങ്കിലും കൂടുതൽ തെളിച്ചത്തോടെ ഇടതുപക്ഷം വീണ്ടും അധികാരത്തിൽ വന്നിരിക്കുകയാണ്.

**എല്ലാവർക്കും ഭവനം, സ്മാർട് കിച്ചൺ, തൊഴിൽദാനപദ്ധതി, ജപ്തി തടയാൻ നിയമം, സർക്കാർ സേവനം വീട്ടുപടിക്കൽ, 25 വർഷം കൊണ്ട് കേരളത്തിന്റെ ജീവിത നിലവാരം വികസിത രാഷ്ട്രങ്ങൾക്കു സമാനമാക്കുക, ശാസ്ത്രീയ കൃഷിരീതി, പുതിയ ഉന്നതവിദ്യാഭ്യാസനയം, തൊഴിൽസാധ്യതകൾ, വ്യവസായപുരോഗതി, സമഗ്ര വികസനം തുടങ്ങി കേരളത്തെ ബഹുദൂരം മുന്നോട്ടു നയിക്കാൻ പര്യാപ്തമായ നിരവധി പ്രഖ്യാപനങ്ങളാണ് മുഖ്യമന്ത്രി അവതരിപ്പിച്ചത്.**

ആദ്യമന്ത്രിസഭാ യോഗത്തിനുശേഷം മുഖ്യമന്ത്രി അറിയിച്ച തീരുമാനങ്ങൾ സു പ്രധാനമാണ്. എല്ലാവർക്കും ഭവനം, സ്മാർട് കിച്ചൺ, തൊഴിൽദാനപദ്ധതി, ജപ്തി തടയാൻ നിയമം, സർക്കാർ സേവനം വീട്ടുപടിക്കൽ, 25 വർഷം കൊണ്ട് കേരളത്തിന്റെ ജീവിത നിലവാരം വികസിത രാഷ്ട്രങ്ങൾക്കു സമാനമാക്കുക, ശാസ്ത്രീയ കൃഷിരീതി, പുതിയ ഉന്നതവിദ്യാഭ്യാസനയം, തൊഴിൽ സാധ്യതകൾ, വ്യവസായപുരോഗതി, സമഗ്രവികസനം തുടങ്ങി കേരളത്തെ ബഹുദൂരം മുന്നോട്ടു നയിക്കാൻ പര്യാപ്തമായ നിരവധി പ്രഖ്യാപനങ്ങളാണ് മുഖ്യമന്ത്രി അവതരിപ്പിച്ചത്.

2016ൽ എൽഡിഎഫ് മന്ത്രിസഭ അധികാരമേറ്റ കാലത്തെ കേരളമല്ല ഇത്. അന്ന് ലോകത്തിനുമുന്നിൽ ശിരസ്സുതാഴ്ത്തി നിൽക്കാൻ

കാരണമായ ജനവിരുദ്ധവാഴ്ചയ്ക്ക് അന്ത്യംകുറിച്ചാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി അധികാരത്തിലേറിയത്. എല്ലാമേഖലയും തകർന്നടിഞ്ഞ അവസ്ഥയിലായിരുന്നു നാട്. ഇന്നതല്ല സ്ഥിതി. അഭൂതപൂർവമായ സാഹചര്യങ്ങൾ നേരിട്ടപ്പോൾ ജനങ്ങൾക്കൊപ്പം നിൽക്കുകയും ആ പ്രതിസന്ധികളിൽ അവരെ മുന്നിൽനിന്ന് നയിക്കുകയും ചെയ്ത ഒരു സർക്കാരിന്റെ തുടർഭരണത്തിനാണ് ജനങ്ങൾ വിധിയെഴുതിയിരിക്കുന്നത്.

അടിസ്ഥാന സൗകര്യമേഖലയിൽ മുന്നേറ്റത്തിന്റെ അടിത്തറ ഒരുക്കാൻ ഒന്നാം പിണറായി സർക്കാരിനായി. എന്നാൽ, അവിടെനിന്ന് ഇനി മുന്നോട്ട് പോകേണ്ടതുണ്ട്. സ്ഥായിയായ ഒരു വികസനമാതൃക സൃഷ്ടിക്കണം. അതിനുള്ള ദിശാബോധം ഉൾക്കൊണ്ടതാണ് പുതിയ പ്രകടനപത്രിക. ക്ഷേമപ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതോടൊപ്പം നാളെത്തെ തലമുറ ആഗ്രഹിക്കുന്ന ആധുനിക തൊഴിലവസരങ്ങൾകൂടി കേരളത്തിൽ ഉണ്ടാകണം. കേരളത്തെ ഒരു ജ്ഞാനസമൂഹമാക്കണം. അതിനുതകുന്ന വികസന മാതൃകകൾ ഇവിടെ ഉണ്ടാകണം. പ്രകടനപത്രിക നടപ്പാക്കാനുള്ളതാണ് എന്ന് തെളിയിക്കുന്നതായിരുന്നു കഴിഞ്ഞ അഞ്ചുവർഷത്തെ ഭരണം. മുന്നോട്ടുവച്ച 600 വാഗ്ദാനത്തിൽ 580 ഉം നടപ്പാക്കിയാണ് സർക്കാർ അധികാരമൊഴിഞ്ഞത്. അതുകൊണ്ടുതന്നെ ഇപ്പോഴത്തെ പ്രകടനപത്രികയിലെ 900 ഉറപ്പും പാലിക്കപ്പെടും എന്ന് വിശ്വസിക്കാം.

നവലിബറൽ ജനവിരുദ്ധ സാമ്പത്തിക നയങ്ങൾ ആക്രമണോത്സുകമായി നടപ്പാക്കുന്ന സർക്കാരാണ് രാജ്യം ഭരിക്കുന്നത്. സംസ്ഥാനത്തിന്റെ അധികാരം തുടർച്ചയായി ചുരുങ്ങുന്നു. പക്ഷേ, എല്ലാ പ്രതിസന്ധിക്കിടയിലും നവലിബറൽ നയങ്ങൾക്കൊരു ബദലായിത്തന്നെ കേരളം



**2016ൽ എൽഡിഎഫ് മന്ത്രിസഭ അധികാരമേറ്റ കാലത്തെ കേരളമല്ല ഇത്. അന്ന് ലോകത്തിനുമുന്നിൽ ശിരസ്സുതാഴ്ത്തി നിൽക്കാൻ കാരണമായ ജനവിരുദ്ധവാഴ്ചയ്ക്ക് അന്ത്യംകുറിച്ചാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി അധികാരത്തിലേറിയത്. എല്ലാമേഖലയും തകർന്നടിഞ്ഞ അവസ്ഥയിലായിരുന്നു നാട്. ഇന്നതല്ല സ്ഥിതി. അഭൂതപൂർവമായ സാഹചര്യങ്ങൾ നേരിട്ടപ്പോൾ ജനങ്ങൾക്കൊപ്പം നിൽക്കുകയും ആ പ്രതിസന്ധികളിൽ അവരെ മുന്നിൽനിന്ന് നയിക്കുകയും ചെയ്ത ഒരു സർക്കാരിന്റെ തുടർഭരണത്തിനാണ് ജനങ്ങൾ വിധിയെഴുതിയിരിക്കുന്നത്.**

നിലനിന്നേ തീരൂ. ആരോഗ്യ വിദ്യാഭ്യാസ മേഖലകൾ എല്ലാവർക്കും പ്രാപ്യമായ വിധം നിലനിർത്തണം. പൊതുമേഖലാ വ്യവസായങ്ങളെയും സംരക്ഷിക്കണം. കോൺഗ്രസും ബിജെപിയും പിന്തുടരുന്ന സ്വകാര്യവൽക്കരണ, ഉദാരവൽക്കരണ നയങ്ങൾക്ക് ബദലായിരിക്കണം ആ കേരള മാതൃക.

വർഗീയതയുടെ വിഷവിത്ത് വിതയ്ക്കാനിറങ്ങുന്നവരെ കർശനമായി നേരിടാനുള്ള ജാഗ്രത മുൻ സർക്കാർ കാട്ടി. വർഗീയശക്തികൾക്ക് തെല്ലും സ്വാധീനിക്കാൻ കഴിയാത്ത ഭരണമായിരുന്നു കഴിഞ്ഞ അഞ്ചുവർഷം. അത് തുടരണം. ആർഎസ്എസ് വർഗീയശക്തികൾക്ക് നിയമസഭയിൽ ഉണ്ടായിരുന്ന പ്രാതിനിധ്യം ഇല്ലാതാക്കാൻ എൽഡിഎഫിന് കഴിഞ്ഞു. പക്ഷേ, തെരഞ്ഞെടുപ്പ് പ്രചാരണ കാലത്തടക്കം ജനങ്ങൾക്കിടയിൽ ഭിന്നതയുടെ കുഴിബോംബുകൾ പാകാൻ അവർ ശ്രമിച്ചിട്ടുണ്ട്. കേരളത്തിന്റെ മതനിരപേക്ഷ പാരമ്പര്യവും സാമൂഹ്യ മൈത്രിയും സംരക്ഷിച്ചേ തീരൂ. അതിനുള്ള ഇച്ഛാശക്തി ഈ സർക്കാരിനുണ്ട്.



## രണ്ടാം വട്ടം അധികാരമേറ്റ ശേഷം മുഖ്യമന്ത്രി നടത്തിയ ആദ്യ വാർത്താ സമ്മേളനത്തിൽ നിന്ന്

**ഇടതുപക്ഷ ജനാധിപത്യ മുന്നണി മാനിഫെസ്റ്റോ വിഭാവനം ചെയ്യുന്നത് 50 ഇന പ്രധാന പരിപാടിയും അനുബന്ധമായി 900 വാഗ്ദാനങ്ങളുമാണ്. ഈ മാനിഫെസ്റ്റോ സമീപനം അടിസ്ഥാനമാക്കിയാണ് പുതിയ മന്ത്രിസഭയുടെ പ്രവർത്തനം.**

- ശാസ്ത്രം, സാങ്കേതിക വിദ്യ, നൂതന നൈപുണികൾ, വിജ്ഞാന സമ്പദ്ഘടനയിൽ ലഭ്യമായ നൈപുണികൾ എന്നിവയെ കൃത്യമായി പ്രയോജനപ്പെടുത്തി കൃഷി, അനുബന്ധമേഖലകൾ, നൂതനവ്യവസായം, അടിസ്ഥാന സൗകര്യ വികസനം, വരുമാനോൽപാദന സേവനങ്ങൾ എന്നിവയെ മെച്ചപ്പെടുത്തും.
- അടുത്ത അഞ്ചു വർഷം കൊണ്ട് സംസ്ഥാനത്ത് അതിദാരിദ്ര്യം എന്നത് ഉൻമൂലനം ചെയ്യും. അഗതിയായ ഓരോ വ്യക്തിയേയും ദാരിദ്ര്യത്തിൽ കഴിയുന്ന ഓരോ കുടുംബത്തെയും കണ്ടെത്തി പ്രാദേശികവും ഗാർഹികവുമായ പദ്ധതികളിലൂടെ ദാരിദ്ര്യരേഖക്ക് മുകളിൽ കൊണ്ടുവരും.



- ഉന്നതവിദ്യാഭ്യാസത്തെ നവീകരിക്കാനും വളർത്താനും പ്രത്യേക നയം രൂപപ്പെടുത്തും. അതിലൂടെ കേരളത്തിലെ യുവാക്കൾക്ക് ആധുനിക സമ്പദ്ഘടനയിൽ ലഭ്യമായ ഏറ്റവും മികച്ച വിദഗ്ധ തൊഴിലുകൾ സൃഷ്ടിക്കും.



- അഞ്ചുവർഷം കൊണ്ട് ആധുനികവും ഉയർന്ന തൊഴിൽ ശേഷിയുള്ളതുമായ ഉൽപാദനപരമായ സമ്പദ്ഘടന സൃഷ്ടിക്കും.
- അടുത്ത 25 വർഷം കൊണ്ട് കേരളത്തിന്റെ ജീവിത നിലവാരം അന്താരാഷ്ട്ര തലത്തിലെ തന്നെ വികസിത രാഷ്ട്രങ്ങൾക്ക് സമാനമാക്കുക എന്നതാണ് ലക്ഷ്യം. നാടിന്റെ വികസനം അതിന്റെ ലക്ഷ്യം പൂർത്തീകരിക്കുന്നത് ഏറ്റവും അടിത്തട്ടിൽ കഴിയുന്ന ജനവിഭാഗങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിലൂടെയാണ്. തൊഴിലവസരങ്ങൾ കൂടുതൽ ഉറപ്പുവരുത്തുക എന്നതിന് ഊന്നൽ നൽകും. ഒരാളെയും ഒഴിച്ചുനിർത്താത്ത വികസന കാഴ്ചപ്പാടാണ് ഉയർത്തിപ്പിടിക്കുക.



- കാർഷിക മേഖലയിൽ 'ഉൽപാദനക്ഷമത, ലാഭ സാധ്യത, സുസ്ഥിരത' എന്ന മുദ്രാവാക്യം നടപ്പിലാക്കും. ഓരോ വിളയുടെയും ഉൽപാദനം വർധിപ്പിക്കുന്നതിന് ലക്ഷ്യം നിശ്ചയിക്കും.
- ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾക്കുള്ള സാധ്യത പ്രയോജനപ്പെടുത്താൻ അടിയന്തര നടപടി സ്വീകരിക്കും. നാളികേരത്തിന്റെയും സുഗന്ധ വ്യഞ്ജനങ്ങളുടെയും സംസ്കരണത്തിന് വ്യവസായ ശാലകളുടെ ശ്രേണി സജ്ജമാക്കും. റബ്ബറിന്റെയും മറ്റും മൂല്യവർദ്ധനയ്ക്ക് പോളിമർ സയൻസ് ആന്റ് ടെക്നോളജി അടിസ്ഥാനമാക്കി മികവിന്റെ കേന്ദ്രം രൂപീകരിക്കും.




- ഭൂവിനിയോഗ പദ്ധതി, വിള പദ്ധതി, തണ്ണീർത്തട പദ്ധതി എന്നിവ ആവിഷ്കരിച്ച് ആസൂത്രണം നടത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കും. പ്രാദേശിക തണ്ണീർത്തടങ്ങളെ മെച്ചപ്പെടുത്തും.



- സംസ്ഥാനത്തെ മുഴുവൻ ഭൂരേഖകളുടെയും സമകാലിക വിവരങ്ങൾ ഉൾച്ചേർക്കാൻ സമയബന്ധിത പദ്ധതി നടപ്പാക്കും. വനഭൂമിയുടെ അതിർത്തികൾ കൃത്യമായി രേഖപ്പെടുത്താൻ ഉപകരിക്കുന്ന വിധത്തിൽ ആ പദ്ധതിയെ സംയോജിപ്പിക്കും.
- അടുത്ത അഞ്ചു വർഷം കൊണ്ട് സാങ്കേതിക വിദ്യയിലേതുൾപ്പെടെ

- 2025ഓടെ പാലുൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ ലക്ഷ്യമിടുന്നു. മാംസം, മുട്ട എന്നിവയുടെ ഉൽപാദനത്തിൽ വരുന്ന അഞ്ചുവർഷം കൊണ്ട് എത്ര വളർച്ച കൈവരിക്കണമെന്ന ലക്ഷ്യത്തോടെ മിഷൻ മോഡിൽ സർക്കാർ പ്രവർത്തിക്കും.



കൊണ്ടുവരുന്ന മാറ്റങ്ങളിലൂടെ പൊതുമേഖലാ സ്ഥാപനങ്ങളെ നവീകരിക്കും.

- വ്യവസായ വികസനം ആസൂത്രണം ചെയ്യുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക് സജീവമാക്കും. നീർത്തടാടിസ്ഥാനത്തിലുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും സമ്പൂർണ്ണ ശുചിത്വം കൈവരിക്കുന്നതിനും ഹരിത കേരള ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും എല്ലാ തലത്തിലും യോജിച്ചു പ്രവർത്തിക്കാനുള്ള സാധ്യത ഒരുക്കും.



- വ്യവസായ ഇടനാഴി, തുറമുഖം, ഷിപ്പിങ്ങ്, ലോജിസ്റ്റിക്സ്, ഉൾനാടൻ ജലഗതാഗതം എന്നിവയുടെ വികസനത്തിലൂടെ അവയുമായി ബന്ധപ്പെട്ട വ്യവസായങ്ങളുടെ വളർച്ച ഉറപ്പുവരുത്തും.
- പരമ്പരാഗത വ്യവസായങ്ങളായ കയർ, കശുവണ്ടി, കൈത്തറി മുതലായവയുടെ നവീകരണത്തിന് കഴിഞ്ഞ സർക്കാർ സ്വീകരിച്ച നടപടികൾ കൂടുതൽ ശക്തിപ്പെടുത്തും.

പരമ്പരാഗത വ്യവസായങ്ങൾ നവീകരിച്ച് ഓരോ തൊഴിലാളിക്കും കൂടുതൽ മൂല്യവർധനവ് സാധ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കും.

- ഐടി വകുപ്പ്, ഡിജിറ്റൽ യൂണിവേഴ്സിറ്റി, കേരളത്തിലെ ഐടി വ്യവസായം എന്നിവ സംയുക്തമായി പ്രത്യേക വെബ് പോർട്ടലിലൂടെ കേരളത്തിൽ നിക്ഷേപിക്കാനോ പഠിപ്പിക്കാനോ ജോലി ചെയ്യാനോ ആഗ്രഹിക്കുന്ന എല്ലാ സംരംഭകരെയും ഐടി വിദഗ്ധരുമായും പ്രൊഫഷണലുകളുമായും ബന്ധിപ്പിക്കും.
- എല്ലാ ശാസ്ത്ര സാങ്കേതിക കോഴ്സുകളിലും നൂതനത്വത്തെക്കുറിച്ചും സ്റ്റാർട്ട് അപ്പുകളെക്കുറിച്ചും നിർബന്ധ കോഴ്സ് കേരള സ്റ്റാർട്ട് അപ്പ് മിഷനും അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയും സംയുക്തമായി ആരംഭിക്കും.



- സംയുക്ത സംരംഭങ്ങളിലൂടെയും സ്വതന്ത്ര നിക്ഷേപങ്ങളിലൂടെയും ഹാർഡ് വെയർ സെക്യൂരിലെ



നിക്ഷേപം വർധിപ്പിക്കാനുള്ള ഇടപെടൽ നടത്തും. ഹാർഡ് വെയർ ടെസ്റ്റ് ഫെസിലിറ്റി സജ്ജമാക്കാൻ മുൻഗണന നൽകും.

- കൊച്ചി, പാലക്കാട് ഹൈടെക് വ്യവസായ ഇടനാഴിയുടെയും സംസ്ഥാനത്തെ വ്യവസായ പാർക്കുകളുടെയും പൂർത്തീകരണം സാധ്യമാക്കും.
- സ്റ്റാർട്ട്അപ്പുകൾ ആരംഭിക്കുന്നതിനും ഹൈ ടെക്നോളജി സംരംഭത്തിലേർപ്പെടുന്നതിനും വിദ്യാർഥികൾക്കും അധ്യാപകർക്കുംപ്രോത്സാഹനം നൽകും.

- കേന്ദ്ര സർക്കാരിന്റെ ഉദാവരവൽക്കരണ, സ്വകാര്യവൽക്കരണ നയങ്ങൾ നടപ്പാക്കപ്പെടുന്ന പ്രധാന മേഖലയാണ് ഉന്നത വിദ്യാഭ്യാസം. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ വർഗീയ അമിതാധികാര ശക്തികളും ലക്ഷ്യം വെച്ചിട്ടുണ്ട്. ഇത്തരത്തിൽ ദേശീയതലത്തിൽ നടപ്പാക്കുന്ന നയങ്ങൾക്ക് ബദൽ സമീപനം മുന്നോട്ടുവെയ്ക്കും. പുതിയ സർക്കാർ മുൻഗണന നൽകുന്ന ഒരു പ്രധാന മേഖല ഉന്നതവിദ്യാഭ്യാസം ആയിരിക്കും.

- വികേന്ദ്രീകൃതമായ തൊഴിലിനും, വീട്ടിലിരുന്ന് ജോലി ചെയ്യുന്നതിനും (വർക്ക് ഫ്രം ഹോം) ഉള്ള അനേകം അവസരങ്ങൾ ഐടി നൽകുന്നുണ്ട്. ഐടി മേഖലയിലേക്ക് ഉയർന്ന തോതിൽ സ്ത്രീകൾക്ക് കടന്നുവരാൻ സാധ്യത ഇത് തുറന്നുവെക്കുന്നുണ്ട്. സ്ത്രീകളുടെ നൈപുണ്യ വികസനത്തിനും അവർക്ക് അനുയോജ്യമായ തൊഴിലുകളുമായി അവരെ ബന്ധിപ്പിക്കുന്നതിനും ഉള്ള പ്രത്യേക പരിപാടികൾ നടപ്പാക്കും.

KERALA
STARTUP MISSION™
[ Formerly Technopark TBI ]

- ശാസ്ത്ര സാങ്കേതിക ഗവേഷണ സ്ഥാപനങ്ങളുടെ വിപുലമായ ശൃംഖല പ്രത്യേക ശ്രദ്ധയോടെ ശക്തിപ്പെടുത്തും. ഗവേഷണ സ്ഥാപനങ്ങളും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും വ്യവസായങ്ങളും പരസ്പരം ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിനുള്ള സാഹചര്യമൊരുക്കും.

KERALA SCIENCE CONGRESS
33

- സെക്കൻഡറി തലം വരെയുള്ള സ്കൂൾ വിദ്യാഭ്യാസത്തിൽ ഭരണഘടന വിഭാവനം ചെയ്യുന്ന തരത്തിലുള്ള മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങളും ശാസ്ത്രീയ അവബോധവും വളർത്തുന്ന പാഠ്യപദ്ധതികൾ ഉൾപ്പെടുത്തും.




- യുവാക്കളുടെ പരിശീലനത്തിൽ അടിസ്ഥാന ശേഷികൾ ഉൾപ്പെടുത്തുകയും നിലവാരമുള്ള അപ്രന്റീസ്ഷിപ് സംവിധാനങ്ങൾ ഒരുക്കുകയും ചെയ്യും.
- ഖരമാലിന്യസംസ്കരണമെന്ന പ്രശ്നത്തിന് എത്രയും പെട്ടെന്ന് പരിഹാരം കണ്ടെത്തിയില്ലെങ്കിൽ അത് ഗൗരവതരമായ ആരോഗ്യ, ശുചിത്വ, സാമ്പത്തിക, സാമൂഹിക പ്രശ്നങ്ങൾ സംസ്ഥാനത്ത് സൃഷ്ടിക്കാനിടയാകും. ഈ യാഥാർത്ഥ്യം മുനിർത്തി അഞ്ചുവർഷം കൊണ്ട് മാലിന്യ രഹിത കേരളം യാഥാർത്ഥ്യമാക്കും.



- നാട് നിലനിൽക്കുന്നതും ചലിക്കുന്നതും അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ പ്രയത്നത്തിന്റെ ഭാഗമാണെന്ന് കണ്ടറിഞ്ഞുകൊണ്ട് അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.




- മടങ്ങിവന്ന പ്രവാസികളുൾപ്പെടെ സംരംഭകരാകാൻ സാധ്യതയുള്ള നിരവധിയാളുകൾ കേരളത്തിലുണ്ട്. അവർ പുതിയ സംരംഭങ്ങൾ ആരംഭിക്കാനുള്ള അവസരങ്ങൾ തേടുകയാണ്. സാങ്കേതിക വിദ്യ പഠിക്കാനും ആർജിക്കാനുമുൾപ്പെടെ അവർക്ക് സഹായങ്ങൾ നൽകാനുള്ള വ്യവസ്ഥാപിത മാർഗങ്ങൾ ഒരുക്കും.
- സംസ്ഥാനത്തെ സ്ത്രീകളുടെ പദവി ഉയർത്തുന്നതിന് മുൻഗണ നൽകും. സംസ്ഥാന സർക്കാരിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാനങ്ങളുടെയും ജൻഡർ ബജറ്റിംഗ് ശക്തിപ്പെടുത്തും. സംസ്ഥാനടിസ്ഥാനത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ കുറയ്ക്കുന്നതിനും ക്രൈം മാപ്പിങ്ങിന്റെ അടിസ്ഥാനത്തിലുള്ള ജനകീയ ഇടപെടലിനും രൂപം നൽകും.



- വിപുലമായ വയോജന സർവ്വേ നടത്തി സേവനങ്ങൾ വാതിൽപ്പടിയിലെത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. പ്രത്യേക സാന്ത്വന പരിചരണ പരിപാടി ആവിഷ്കരിക്കും.
- കേരളം ഉയർത്തിക്കൊണ്ടുവന്ന നവോത്ഥാനത്തിന്റെയും മതനിരപേക്ഷതയുടെയും കാഴ്ചപ്പാടുകളെ കൂടുതൽ ശക്തമായി മുന്നോട്ടു കൊണ്ടുപോകുക എന്നതാണ് ഈ സർക്കാർ ഉദ്ദേശിക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു. ജനങ്ങളുടെ ജീവിത നിലവാരം അനുദിനം മെച്ചപ്പെടുത്തിക്കൊണ്ട് മാത്രമേ അത്




- പാരിസ്ഥിതിക സൗഹാർദ്ദപരമായ സുസ്ഥിര വികസനമായിരിക്കും സംസ്ഥാന സർക്കാർ സ്വീകരിക്കുക.

- സർക്കാർ സർവീസിലെ ഒഴിവുകൾ പൂർണ്ണമായും സമയബന്ധിതമായും റിപ്പോർട്ട് ചെയ്യുമെന്ന് ഉറപ്പുവരുത്തും.
- മതനിരപേക്ഷ സംസ്കാരത്തിന്റെ കാവലാളായ മാതൃഭാഷ സംരക്ഷിക്കുന്നതിനുള്ള നടപടികൾ ശക്തിപ്പെടുത്തും.




സാധ്യമാകൂ. പൊതുമണ്ഡലങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും ജനങ്ങൾ തമ്മിലുള്ള പരസ്പര ബന്ധങ്ങൾ ഉയർത്തുന്നതിനുള്ള സാംസ്കാരിക മുന്നേറ്റത്തിന് സർക്കാർ നേതൃത്വം നൽകും.

- പൊതുമേഖലാ റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കും.



# രണ്ടാം പിണറായി സർക്കാരിന്റെ ആദ്യ മന്ത്രിസഭായോഗം എടുത്ത തീരുമാനങ്ങൾ



- അതി ദാരിദ്ര്യ ലഘൂകരണം എന്ന ലക്ഷ്യം കൈവരിക്കാൻ പര്യാപ്തമായ സുപ്രധാനമായ ഒരു തീരുമാനം ആദ്യ മന്ത്രിസഭാ യോഗം കൈക്കൊണ്ടു. ഇതുസംബന്ധിച്ച് വിശദമായ സർവെ നടത്താനും ക്ലേശഘടകങ്ങൾ നിർണയിക്കാനും അത് ലഘൂകരിക്കുന്നതിനുള്ള നിർദേശങ്ങൾ സമർപ്പിക്കാനും തദ്ദേശഭരണ വകുപ്പിനെ (സെക്രട്ടറിമാരെ) ചുമതലപ്പെടുത്തി.
- പാർപ്പിടമെന്നത് മനുഷ്യന്റെ അവകാശമായി അംഗീകരിച്ച സർക്കാരാണിത്. എല്ലാവർക്കും ഭവനം എന്ന വിശാലമായ ലക്ഷ്യം കൈവരിക്കാൻ വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കാൻ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അതേസമയം മറുഭാഗത്ത് ജപ്തി നടപടികളിലൂടെയും മറ്റും ആളുകൾക്ക് കിടപ്പാടം നഷ്ടപ്പെടുന്ന സാഹചര്യവുമുണ്ട്.




- ജപ്തി നടപടികളിലൂടെ കിടപ്പാടം നഷ്ടപ്പെടുന്ന അവസ്ഥ ഒഴിവാക്കാൻ ശക്തമായ നിയമനിർമാണം നടത്തും. ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി, ആസൂത്രണകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി, വിദഗ്ധ അഭിഭാഷകൻ എന്നിവരടങ്ങുന്ന സമിതി ഇതുസംബന്ധിച്ച കാര്യങ്ങൾ പരിശോധിച്ച് ജൂലൈ 15നകം റിപ്പോർട്ട് നൽകാൻ മന്ത്രിസഭാ യോഗം ചുമതലപ്പെടുത്തി. ആ റിപ്പോർട്ട് പരിശോധിച്ചാകും തുടർനടപടികൾ.





- ഗാർഹിക ജോലികളിൽ ഏർപ്പെടുന്ന സ്ത്രീകൾക്ക് സഹായമെത്തിക്കുമെന്ന് പ്രകടനപത്രികയിൽ വാഗ്ദാനം നൽകിയിരുന്നു. ഒപ്പം ഗാർഹിക ജോലികളിലെ കാഠിന്യം കുറയ്ക്കാൻ സ്മാർട്ട് കിച്ചൻ പദ്ധതിയും നടപ്പാക്കുമെന്നും വാഗ്ദാനം നൽകിയതാണ്. നമ്മുടെ നാട്ടിലെ വീട്ടമ്മമാരുടെ ജോലിഭാരം ലഘൂകരിക്കുന്ന, വീട്ടുജോലിയെടുക്കുന്നവരെ സംരക്ഷിക്കുന്ന ഈ പദ്ധതിക്ക് രൂപം നൽകാൻ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ സെക്രട്ടറി, വനിതാ ശിശുക്ഷേമ വകുപ്പ് സെക്രട്ടറി എന്നിവരെ ചുമതലപ്പെടുത്തി.
- 20 ലക്ഷം അഭ്യസ്തവിദ്യർക്ക് തൊഴിൽ നൽകാനുള്ള മാർഗരേഖ കെഡിസ്ക് തയ്യാറാക്കിയിട്ടുണ്ട്. ഇത് പരിശോധിച്ച് ജൂലൈ 15നകം റിപ്പോർട്ട് നൽകാൻ കെഡിസ്കിനെ ചുമതലപ്പെടുത്തി.
- സർക്കാരിന്റെ എല്ലാ സേവനങ്ങളും ജനങ്ങളുടെ അവകാശമാണെന്ന കാഴ്ചപ്പാടാണ് സർക്കാരിനെ നയിക്കുന്നത്. ഓരോ തീരുമാനവും ജനങ്ങൾക്കുവേണ്ടിയുള്ളതാണ്. അത് ജനങ്ങൾക്ക് ലഭ്യമാകുന്നതിൽ തടസ്സമുണ്ടാകാൻ പാടില്ല. സർക്കാർ സേവനങ്ങൾ ഓൺലൈനായി വീട്ടുപടിക്കലെത്തുന്ന ബൃഹത്തായ ഒരു പദ്ധതിക്ക് തുടക്കം കുറിക്കുകയാണ്. ഒക്ടോബർ രണ്ടിന് ഗാന്ധി ജയന്തി ദിനത്തിൽ ഈ പദ്ധതി നിലവിൽ വരും. ഐടി സെക്രട്ടറി, ഐടി വിദഗ്ധർ എന്നിവരടങ്ങിയ സമിതി പദ്ധതിക്ക് അന്തിമരൂപം നൽകും.









- ഇഓഫീസ്, ഇഫയൽ സംവിധാനങ്ങൾ കൂടുതൽ വിപുലമായി നടപ്പാക്കാനാണ് തീരുമാനം. ഇതുസംബന്ധിച്ച് പദ്ധതി നടപ്പാക്കുന്നതിന് സമിതിയെ നിശ്ചയിച്ചു.




- വ്യവസായമേഖലയിൽ ഈസ് ഓഫ് ഡൂയിങ് ബിസിനസ് നടപ്പാക്കിയ സംസ്ഥാനമാണ് കേരളം. വ്യവസായങ്ങളെ ആകർഷിക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സർക്കാരിന് സാധിച്ചിട്ടുണ്ട്. വ്യവസായം തുടങ്ങുന്നതുമായി ബന്ധപ്പെട്ടുള്ള പരാതികൾ അറിയിക്കാൻ വ്യത്യസ്തങ്ങളായ ഓഫീസുകൾ കയറിയിറങ്ങേണ്ട സാഹചര്യം നിലവിലുണ്ട്.

- അത് ഒഴിവാക്കാൻ പരാതി പരിഹാരത്തിനുള്ള ഏകജാലക സംവിധാനം കൊണ്ടുവരാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റി നിയമപരമായി പ്രാബല്യത്തിൽ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്. ഒരു ഉന്നത ഐഎഎസ് ഉദ്യോഗസ്ഥനായിരിക്കും ഈ കമ്മിറ്റിയുടെ ചുമതല. ഇതിനായി പ്രത്യേക നിയമനിർമാണം നടത്തും. ഈ നിയമത്തിന്റെ കരട് പരിശോധിക്കാൻ ഉദ്യോഗസ്ഥ തല സമിതിയെ ചുമതലപ്പെടുത്തി



# കോവിഡും മോദി ഗവൺമെന്റിന്റെ

# കോവിഡിയറ്റ് നടപടികളും



ആനത്തലവട്ടം ആനന്ദൻ

**കോവിഡിനെ തുരത്താൻ മോദി ജനങ്ങളെ കൊണ്ട് പാട്ട കൊട്ടിച്ചില്ലേ ? ഗോമൂത്രം കുടിക്കാനും പശു ഓക്സിജൻ നിശ്വസിക്കുമെന്നും പ്രചരിപ്പിച്ചില്ലേ. യാഗം നടത്തിയാൽ കോവിഡിനെ തുരത്തിക്കാമെന്ന്" പറയിച്ചില്ലേ. ഈ ശാസ്ത്രയുഗത്തിൽ മോദി നേടിത്തന്ന ബഹുമതി ഇന്ത്യക്കാർക്ക് അഭിമാനമാണോ അപമാനമാണോ ? ഇന്ത്യക്കാരെ കോവിഡിയറ്റുകൾ എന്ന ബഹുമതിക്ക് അർഹരാക്കിയതും രാജ്യം ഭരിക്കുന്ന പ്രധാനമന്ത്രിയും അദ്ദേഹത്തിന്റെ അനുയായികളുമാണെന്ന് ആക്ഷേപിച്ചാൽ അവരെ കുറ്റപ്പെടുത്താനാകുമോ ?**

മുതലാളിത്തത്തിന്റെ ഏറ്റവും വിനാശകരമായ രൂപമാണ് ഉദാരവൽക്കരണ നയം (Neo liberal policy). ദരിദ്രർക്കോ പരിസ്ഥതിക്കോ ലോക സമ്പദ് വ്യവസ്ഥക്കോ ഗുണം ചെയ്യാത്ത നയം. ലോക ജനതയുടെ 60 ശതമാനം വരുന്ന 460 കോടി ജനങ്ങളുടെ സ്വത്തിന്റെ സമാനമായ സ്വത്ത് 2183 ശതകോടീശ്വരന്മാർക്ക് (ഓക്സ്ഫാം റിപ്പോർട്ട്) ആർജിക്കാൻ സഹായിച്ച നയം. നിയന്ത്രണങ്ങൾ ഇല്ലാത്ത സ്വതന്ത്ര വിപണി (Free market) നടപ്പാക്കിയ നയം. ജനങ്ങളെ കഴുത്തറുപ്പൻ മുതലാളിമാരുടെ ദയാദാക്ഷണ്യത്തിന് എറിഞ്ഞുകൊടുത്ത നയം.

തീരുമാനമെടുക്കാനുള്ള എല്ലാ അവകാശവും ഉത്തരവാദിത്തവും ബിസിനസുകാർക്ക് വിട്ടുകൊടുക്കുന്നു. അതിന്റെ തിക്തഫലമാണ് ഏറ്റവും ഒടുവിൽ കൊറോണ (കോവിഡ് 19) ബാധിച്ചപ്പോൾ, ഇന്ത്യയും ലോകരാജ്യങ്ങളും അനുഭവിക്കുന്നത്. ഈ നയം 1990 മുതലാണ് നടപ്പാക്കി തുടങ്ങിയത്. ഇതിന്റെ ഗുണവും ദോഷവും ആർക്കെന്ന് പരിശോധിക്കാം. 1990ൽ ഒരു വ്യവസായ ശാലയുടെ ഉൽപ്പാദന മൂല്യത്തിന്റെ പത്ത് ശതമാനം മുതലാളിക്ക് ലാഭവും 30 ശതമാനം തൊഴിലാളികളുടെ കൂലി വിഹിതവും ഉണ്ടായിരുന്നു. എന്നാൽ ഈ നയം നടപ്പാക്കി മൂന്ന് ദശാബ്ദം കഴിയുമ്പോൾ 2020ൽ തൊഴിലാളികളുടെ കൂലിവിഹിതം 30ൽ നിന്ന് 9.48 ശതമാനമായി കുറഞ്ഞു. മുതലാളിയുടെ ലാഭവിഹിതം പത്ത് ശതമാനത്തിൽ നിന്ന്



63 ശതമാനമായി വർധിച്ചു. അതിന്റെ ഫലമോ ജനസംഖ്യയുടെ മൂന്നിൽ ഒന്ന് വരുന്ന അധ്വാനിക്കുന്നവരുടെ ക്രയശേഷി ഇടിഞ്ഞു. ഡിമാന്റ് കുറവ് മാർക്കറ്റുകളെ ബാധിച്ചു. കാർഷിക വ്യാവസായിക മേഖലകളിൽ ചരക്കുകൾ കെട്ടിക്കിടക്കാനും ഉൽപ്പാദന സ്തംഭനത്തിനും ഇടവരുത്തി. ജനങ്ങളുടെ വാങ്ങൽ ശേഷി ഇടിയുന്നതിന്റെ ഫലമായി ലോക ചരക്ക് വ്യാപാരം 2020ൽ 13 മുതൽ 32 ശതമാനം വരെ കുറയുമെന്ന് ഡബ്ല്യുടിഒയും ലോക വ്യാപാരം കുറയുമെന്ന് യുഎന്നും കണക്കാക്കുന്നു.

ഇതിന്റെ ഫലമായി ഉണ്ടായ സാമ്പത്തിക പ്രതിസന്ധിയുടെ ഭാരം മുഴുവൻ തൊഴിലാളികൾക്ക് മേൽ അടിച്ചേൽപ്പിക്കാനുള്ള കൗശലങ്ങളും ഗൂഢാലോചനകളും ആണ് കോവിഡ് കാലത്തും കേന്ദ്ര ഭരണകൂടം സ്വീകരിക്കുന്നത്. മറിച്ച് ഈ മഹാമാരിയുടെ കാലത്ത് തൊഴിലും വരുമാനവും നഷ്ടപ്പെട്ട് ഉലയുന്ന കോടിക്കണക്കിന് തൊഴിലാളികളെയും കുടുംബാംഗങ്ങളെയും സംരക്ഷിക്കുന്ന നയം കേരളത്തിലെ എൽഡിഎഫ് ഗവൺമെന്റ് സ്വീകരിച്ചു.

എന്നാൽ ഒരു ശതമാനം വരുന്ന സമ്പന്നരുടെ സ്വത്ത് മറ്റു പല രാജ്യങ്ങളെയും പോലെ കുതിച്ചുവരുന്നു. ഗൗതം അദാനിയുടെ സ്വത്ത് കൊറോണ ബാധിച്ച 2020-ലെ ആദ്യ പത്ത് മാസത്തിൽ കൂടിയത് 1.41 ലക്ഷം കോടി രൂപയുടേതാണ്. അതായത് ഒരു ദിവസം 449 കോടി രൂപയുടെ സ്വത്ത് കണ്ട് വർധിച്ചു. കോവിഡ് കാലവും കോർപ്പറേറ്റുകൾക്ക് , കൊയ്ത്തു കാലവും പാവം ജനങ്ങൾക്ക് ദുരിതകാലവും.

## വങ്കത്തം പറച്ചിലിന് കുറവില്ല

ലോകമാകെ പടർന്നുപിടിച്ച ഈ മഹാമാരിയെ നേരിടാൻ ഓരോ രാജ്യവും അവരവരുടെ ജിഡിപിയുടെ പത്ത് ശതമാനം വരെ ചെലവഴിച്ച് ജനങ്ങളെ സംരക്ഷിക്കാൻ ശ്രമിക്കുന്നു. ലോകത്തെ ഏറ്റവും വലിയ രാജ്യങ്ങളിലൊന്നായ ഇന്ത്യ 2020 -21ലെ ജിഡിപിയുടെ 0.38 ശതമാനമാണ് നീക്കിവച്ചത്. 15-ാം ധനകമ്മീന്റെ നിർദേശങ്ങൾ അനുസരിച്ച് 2021 -22 സാമ്പത്തിക വർഷത്തിൽ ജിഡിപിയുടെ 0.68 ശതമാനം ചെലവഴിക്കണം. അതായത് ബജറ്റിൽ നീക്കിവച്ചിരിക്കുന്നത് ഒരുലക്ഷത്തി നാൽപ്പത്തിനാലായിരം കോടി രൂപയാണ്. വകയിരുത്തിയത് 77,000 കോടി രൂപയുമാണ്. 67,000 കോടിയുടെ കുറവ്. ജനങ്ങളുടെ ജീവൻ സംരക്ഷിക്കുന്നതിൽ ഈ അടിയന്തരഘട്ടത്തിൽ പോലും അക്ഷന്തവ്യമായ അനാസ്ഥയാണ് കേന്ദ്രം കാട്ടിയത്.
2021 ജനുവരിയിൽ ദാവോസിലെ ലോക സാമ്പത്തിക ഫോറത്തിന്റെ യോഗത്തിൽ മോദി



**സർക്കാരിന്റെ നിലപാട് കണ്ടിട്ടാണ് നിർമ്മലാ സീതാരാമന്റെ ഭർത്താവും ഇന്ത്യയിലെ അറിയപ്പെടുന്ന സാമ്പത്തിക വിദഗ്ധൻ കൂടിയായ പരകാല പ്രഭാകർ, മോദി സർക്കാരിനെ ഹൃദയമില്ലാത്ത സർക്കാരെന്ന് വിശേഷിപ്പിച്ചത്. രാജ്യത്ത് മഹാമാരി പടരുമ്പോൾ, കേന്ദ്രം മരവിച്ച് ചലനമറ്റ നിലയിലും ഹൃദയശൂന്യമായ അവസ്ഥയിലുമാണെന്ന് അദ്ദേഹം കുറ്റപ്പെടുത്തുന്നു.**

മേനി പറഞ്ഞു "കോവിഡ് മഹാമാരിയെ നേരിടുന്നതിൽ ഇന്ത്യ വലിയ പുരോഗതി നേടി. ലോകത്തെ, വലിയ ദുരന്തത്തിൽ നിന്ന് രക്ഷിക്കുന്നത് ഇന്ത്യയാണ്. ഇപ്പോൾ ഇന്ത്യയിൽ നിർമ്മിച്ച രണ്ട് വാക്സിനുകൾക്ക് പുറമെ കൂടുതൽ വാക്സിനുകൾ വരും." മോദിയുടെ ഈ വങ്കത്തരം കേട്ട് വാക്സിൻ നിർമ്മാണത്തിന് ആവശ്യമായ സാമഗ്രികളുടെ ഇന്ത്യയിലേക്കുള്ള കയറ്റുമതി അമേരിക്ക നിരോധിച്ചു.

### വാക്സിൻ ഉൽപ്പാദനം

കോവിഷീൽഡും കോവാക്സിനുമാണ് ഇന്ത്യയിൽ ഉൽപ്പാദിപ്പിക്കുന്നത്. കോവിഷീൽഡ് കണ്ടുപിടിച്ച ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിക്ക് സാമ്പത്തിക സഹായം നൽകിയത് അമേരിക്കയും ബ്രിട്ടനും പൊതു ഖജനാവിലെ പണം ഉപയോഗിച്ചാണ്. കോവിഷീൽഡ് ഗവൺമെന്റ് ഉടമയിലുള്ള നാല് പൊതു മേഖലാ കമ്പനികളിൽ ഉൽപ്പാദിപ്പിക്കാതെ ഉൽപ്പാദന അവകാശം കോർപറേറ്റു കമ്പനിയായ പൂനയിലെ സിറം ഇൻസ്റ്റിറ്റ്യൂട്ടിന് ലഭ്യമാക്കി. മിതമായ ലാഭം ഉൾപ്പെടെ ഒരു ഡോസിന് 150 രൂപയ്ക്ക് കേന്ദ്ര ഗവൺമെന്റിന് നൽകാൻ കരാർ ഒപ്പുവച്ച കമ്പനിക്ക് സംസ്ഥാന ഗവൺമെന്റുകൾ, 400 രൂപയും സ്വകാര്യ മേഖലയ്ക്ക് 600 രൂപയും വിലയ്ക്ക് നൽകാൻ അനുമതി നൽകിയതും നമ്മുടെ പ്രധാനമന്ത്രി തന്നെ. കോവാക്സിൻ ഉൽപ്പാദിപ്പിക്കുന്നതും ഭാരത് ബയോടെക്ക് എന്ന സ്വകാര്യ കമ്പനിയാണ്. അവർക്കാകട്ടെ ഒരു ഡോസിന് 700 മുതൽ 900 രൂപ വരെ വിലക്ക് വിൽക്കാം. കോവാക്സിൻ കണ്ടുപിടിച്ചത് ഇന്ത്യയുടെ പണം ചെലവഴിച്ച് പൊതുമേഖലാ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയുമായി ചേർന്നാണ്. ജനങ്ങളുടെ പണം ഉപയോഗിച്ച് ഗവേഷണം നടത്തി കണ്ടെത്തിയ വാക്സിനുകൾ സ്വകാര്യ കോർപറേറ്റ് കമ്പനികൾക്ക് ജനങ്ങളെ കൊള്ളയടിക്കാൻ ഉൽപ്പാദനാവകാശം നൽകിയിട്ട് ലോകത്തെ രക്ഷിക്കാൻ ഇന്ത്യ രണ്ട് വാക്സിനുകൾ കണ്ടെത്തിയെന്ന് വീമ്പ് പറയുകയാണ് പ്രധാനമന്ത്രി ദാവോസിൽ ചെയ്തത്.

കോവിഡ് ഭയാനകമായി പടരുന്ന സാഹചര്യത്തിൽ പ്രതിരോധിക്കാനുള്ള വാക്സിൻ എത്ര കാലം കൊണ്ട് ഇന്ത്യക്കാർക്ക് ലഭിക്കും. രണ്ട് കമ്പനികളുടെയും ഉൽപ്പാദനശേഷി പ്രതിമാസം എട്ടുകോടി ഡോസാണ്. 18 വയസിന് മുകളിൽ ജീവിച്ചിരിക്കുന്നവരുടെ സംഖ്യ 96.37 കോടിയാണ്. ഇതിൽ ഒരാഴ്ച മുമ്പ് വരെ വാക്സിൻ നൽകിയത് 12 കോടി പേർക്കാണ്. അതായത് 9 ശതമാനം പേർക്ക്. ജനസംഖ്യയുടെ 30 ശതമാനമാണ് 1 മുതൽ 18 വരെയുള്ള കുട്ടികൾ. അവർക്കടക്കം പ്രതിരോധ മരുന്ന് നൽകണമെങ്കിൽ, നൽകിയത് കഴിച്ച് 126 കോടി വാക്സിൻ വേണം. രണ്ട് പ്രാവശ്യം നൽകാൻ 252 കോടിയും. ഇവിടെ ഉൽപ്പാദിപ്പിക്കുന്നത് പ്രതിമാസം 8 കോടി വാക്സിൻ മാത്രം. ഇന്ത്യക്കാവശ്യമായ വാക്സിൻ ഉൽപ്പാദിപ്പിക്കണമെങ്കിൽ ഇന്നത്തെ നിലയിൽ രണ്ട് വർഷവും എട്ട് മാസവും എടുക്കും. ഈ മഹാമാരിയിൽ നിന്ന് ജനങ്ങളുടെ ജീവൻ രക്ഷിക്കാൻ മോദി ഗവൺമെന്റിന്റെ കയ്യിലുള്ള ശേഷിയാണിത്. ഇതുവച്ച് ഇന്ത്യയെ രക്ഷിക്കാൻ കഴിയില്ല. പിന്നെ എങ്ങനെ ലോകത്തെ രക്ഷിക്കാനുള്ള രക്ഷകനാകും?

അടിയന്തിരമായി വാക്സിൻ ഉൽപ്പാദനം വർധിപ്പിക്കാനും അതിന് വാക്സിൻ ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന നിലവിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെയും സജ്ജമാക്കാനും മറ്റുള്ള സ്വകാര്യ ഫാർമസ്യൂട്ടിക്കലിനെയും അനുവദിക്കുകയും കോവിഷീൽഡിന്റെയും കോവാക്സിന്റെയും ടെക്നോളജി അവർക്ക് കൂടി കൈമാറുകയും ചെയ്യണം. വാക്സിന്റെ വില ഉൽപ്പാദനച്ചെലവ് കണക്കാക്കി ഗവൺമെന്റ നിശ്ചയിക്കണം. പോരാതെ വരുന്നത് മറ്റ് രാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യണം. ജനങ്ങളുടെ ജീവനാണ് പ്രധാനം. അല്ലാതെ മരുന്ന് കമ്പനികളുടെ സ്വത്ത് വർധിപ്പിക്കലല്ല.

ഇന്ത്യയിലെ മുഴുവൻ ജനങ്ങൾക്കും നൽകാൻ വേണ്ടി വരുന്ന വാക്സിൻ 276 കോടി ഡോസാണ്. അതിൽ 20 കോടി ഡോസോളം നൽകിക്കഴിഞ്ഞു. ബാക്കിയുള്ള 252 കോടി ഡോസ് വാക്സിനുവേണ്ടി വരുന്നത് 256 X 150 രൂപ = 37800 കോടി രൂപയാണ്. 2021-22ലെ ബജറ്റിൽ ധനമന്ത്രി വാക്സിനു വേണ്ടി 35000 കോടി രൂപ വകയിരുത്തുകയും പാർലമെന്റ് അത് പാസാക്കി കൊടുക്കുകയും ചെയ്തിരുന്നു. ആ തുക ചെലവഴിക്കാൻ എന്തിന് മടിക്കണം? അതിന് പുറമെ പ്രൈം മിനിസ്റ്റേർസ് കെയർ ഫണ്ടിൽ വിദേശത്തുനിന്നും സ്വദേശത്തുനിന്നും ലഭിച്ച കോടിക്കണക്കിന് രൂപയുണ്ടല്ലോ. ഇതെല്ലാം ഉപയോഗിച്ച് സൗജന്യ വാക്സിൻ ജനങ്ങൾക്കാകെ നൽകാൻ കഴിയാത്തതെന്ത് ?

സർക്കാരിന്റെ ഈ നിലപാട് കണ്ടിട്ടാണ് നിർമ്മലാ സീതാരാമന്റെ ഭർത്താവും ഇന്ത്യയിലെ അറിയപ്പെടുന്ന സാമ്പത്തിക വിദഗ്ധൻ കൂടിയായ പരകാല പ്രഭാകർ, മോദി സർക്കാരിനെ ഹൃദയമില്ലാത്ത സർക്കാരെന്ന് വിശേഷിപ്പിച്ചത്. രാജ്യത്ത് മഹാമാരി പടരുമ്പോൾ, കേന്ദ്രം മരവിച്ച് ചലനമറ്റ നിലയിലും ഹൃദയശൂന്യമായ അവസ്ഥയിലുമാണെന്ന് അദ്ദേഹം കുറ്റപ്പെടുത്തുന്നു.

ഇതൊന്നും മോദി-ഷാ ദ്വയങ്ങൾക്കോ അവരുടെ അനുയായികളായ വക്താക്കൾക്കോ സ്തുതിപാഠകരായ ചാനൽ മാധ്യമ പ്രഭൃതികൾക്കോ മനംമടുപ്പ് ഉളവാക്കിയിട്ടില്ല. അവരത് അനസ്യൂതം തുടരുകയാണ്. മോദി ലോക ഗുരുവാണ്, ഇന്ത്യയെ മാത്രമല്ല ലോകത്തെ രക്ഷിക്കാനുള്ള മാന്ത്രികനാണ്. കോവിഡിനെ തുരത്താൻ അദ്ദേഹം ജനങ്ങളെ കൊണ്ട് പാട്ട കൊട്ടിച്ചില്ലേ ? അനുയായികളെ കൊണ്ട് ഗോമൂത്രം കുടിക്കാനും പശു ഓക്സിജൻ നിശ്വസിക്കുമെന്നും പ്രചരിപ്പിച്ചില്ലേ. മധ്യപ്രദേശിലെ സാംസ്കാരിക മന്ത്രി ഉഷാനായിക്കിനെ കൊണ്ട് "യാഗം നടത്തിയാൽ കോവിഡിനെ തുരത്തിക്കാമെന്ന് " പറയിച്ചില്ലേ. ഇതേ മന്ത്രി ഇൻഡോറിലെ വിമാനത്താവളത്തിലെ ദേവീക്ഷേത്രത്തിന് മുമ്പിൽ കോവിഡിനെ തടയാൻ പൂജ നടത്തിച്ചതും ലോകത്തിന് മുന്നിൽ ഇന്ത്യക്കാരെ കുറിച്ച് ഈ ശാസ്ത്രയുഗത്തിൽ മോദി നേടിത്തന്ന ബഹുമതി ഇന്ത്യക്കാർക്ക് അഭിമാനമാണോ അപമാനമാണോ ? ഇന്ത്യക്കാരെ കോവിഡിയറ്റുകൾ എന്ന ബഹുമതിക്ക് അർഹരക്കിയതും രാജ്യം ഭരിക്കുന്ന പ്രധാനമന്ത്രിയും അദ്ദേഹത്തിന്റെ അനുയായികളുമാണെന്ന് ആക്ഷേപിച്ചാൽ അവരെ കുറ്റപ്പെടുത്താനാകുമോ ?

ജീവൻ രക്ഷിക്കാൻ വാക്സിന് വേണ്ടി വകയിരുത്തിയ തുക ചെലവഴിക്കുന്നില്ലെന്നു മാത്രമല്ല, ചില സംസ്ഥാന നിയമസഭാ തെരഞ്ഞെടുപ്പുകൾ കഴിഞ്ഞപ്പോൾ പെട്രോൾ, ഡീസലിനും ഒന്നിടവിട്ട ദിവസങ്ങളിൽ വില കൂട്ടുകയാണ്. മേയ് മാസത്തിൽ രണ്ടാഴ്ചക്കകം 9 തവണയാണ് വില വർധിപ്പിച്ചത്. ഒരു ലിറ്ററിന് 103 രൂപ വരെ ചില സംസ്ഥാനങ്ങളിൽ വില ഉയർന്നു. പെട്രോളിനും ഡീസലിനും ലോകത്ത് ഏറ്റവും കൂടുതൽ വില നൽകുന്ന രാജ്യമായി ഇന്ത്യയെ മോദി മാറ്റി. ജനങ്ങളെ പിഴിഞ്ഞുണ്ടാക്കുന്ന ഈ പണവും അവരുടെ ജീവൻ രക്ഷിക്കാനുള്ള വാക്സിൻ നൽകുന്നതിന് ഉപയോഗിക്കുന്നില്ല.

കേരളമാകട്ടെ തുടർച്ചയായ ദുരിതങ്ങൾക്കിടയിൽ സൗജന്യ വാക്സിൻ എല്ലാവർക്കും നൽകുമെന്ന് പ്രഖ്യാപിക്കുകയും മാർക്കറ്റിൽ നിന്ന് ഇരട്ടിവില കൊടുത്ത് വാക്സിൻ വാങ്ങി നൽകി തുടങ്ങുകയും ചെയ്തിരിക്കുന്നു. മാത്രമല്ല, ആകെയുള്ള 87 ലക്ഷം കുടുംബങ്ങളിൽ 55 ലക്ഷം പേർ അംഗങ്ങളായ ക്ഷേമനിധികളിൽ നിന്ന് ആയിരം രൂപ നൽകാനും ക്ഷേമനിധി അംഗമല്ലാത്ത ബിപിഎൽ കാർഡുകാരുണ്ടെങ്കിൽ അവർക്കും 1000 രൂപ വീതം നൽകാനുള്ള നടപടി സ്വീകരിച്ചിരിക്കുന്നു. ബിപിഎൽ - എപിഎൽ വ്യത്യാസമില്ലാതെ മുഴുവൻ കുടുംബങ്ങൾക്കും കോവിഡ് കാലത്ത് നൽകിവന്ന സൗജന്യ കിറ്റ് തുടരാനും തീരുമാനിച്ചു. ഭക്ഷണം കിട്ടാതെ ഒരാളും കഴിയേണ്ടി വരില്ല കേരളത്തിൽ. അതുറപ്പാക്കിയുള്ള നടപടികളും കേരള സർക്കാർ സ്വീകരിച്ചു. ഇത് മോദിയും കൂട്ടരും നടപ്പാക്കുന്ന നയത്തിന്റെ ബദൽ നയമാണെന്ന് ജനം തിരിച്ചറിയുന്നു.

# ഇന്നത്തെ വെല്ലുവിളികൾ: കടമകൾ



തപൻ സെൻ

**“മോഡി സർക്കാരിന്റെ നവലിബറൽ മുതലാളിത്ത സംവിധാനത്തെ നേരിടുന്നതിനൊപ്പം ദ്വിമുഖ പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടി വരുന്നു. മെഡിക്കൽ സൗകര്യങ്ങളുടെ അഭാവവും തൊഴിൽ, വരുമാന നഷ്ടവും. ഈ നയങ്ങൾ തൊഴിലാളികളെ നിർദ്ദയം പട്ടിണിക്കോലങ്ങളാക്കി മാറ്റുകയാണ്. പ്രയാസങ്ങളിലുഴറുന്ന ജനങ്ങൾക്ക് സഹായഹസ്തം നീട്ടാനുള്ള കടമ നമ്മുടെ സംഘടനകൾ ഏറ്റെടുക്കണം. കോവിഡ് പരിശോധന, ഓക്സിജൻ നൽകൽ ,ആശുപത്രി കിടക്കകൾ, ഭക്ഷണം, താമസ സൗകര്യം ,വരുമാനം തുടങ്ങിയവയിലെല്ലാം ഇടപെടണം. കഴിഞ്ഞ വർഷവും നാം ഇതൊക്കെ നമ്മുടെ കഴിവിനപ്പുറം ചെയ്തതാണ്. ഇപ്പോഴും അത് തുടരണം. നമുക്കതിന് തീർച്ചയായും കഴിയും.”**

നമ്മുടെ രാജ്യവും അധ്വാനിക്കുന്ന ജനവിഭാഗങ്ങളാകെയും ആരോഗ്യ പ്രശ്നങ്ങൾക്കൊപ്പം ജീവൻ നിലനിർത്താനും ജീവസന്ധാരണത്തിനും മുന്നിൽ ഇതുവരെയില്ലാത്ത വെല്ലുവിളി നേരിടുകയാണ്

തൊഴിലാളികളും കർഷക തൊഴിലാളികളും കർഷകരാകെയും സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്നതിനിടയിലാണ് കഴിഞ്ഞ വർഷം കോവിഡ് മഹാമാരി പടർന്നുപിടിച്ചത്. തുടർന്ന് വേണ്ടത്ര മുന്നറിയിപ്പില്ലാതെ, തയാറെടുപ്പില്ലാതെ നാലു മണിക്കൂർ സമയം നൽകി പ്രധാനമന്ത്രി പ്രഖ്യാപിച്ച ലോക്ക്ഡൗൺ മൊത്തം പണി ചെയ്ത് ജീവിക്കുന്നവരെയും പ്രത്യേകിച്ച് കുടിയേറ്റ തൊഴിലാളികളെയും വല്ലാത്ത കഷ്ടതയിലാഴ്ത്തി. ഈ കെടുതിയിൽ നിന്ന് അവരിൽ ഒരു വലിയ വിഭാഗത്തിന് ഇനിയും കരകയറാൻ കഴിഞ്ഞിട്ടില്ല. മുൻസൂചനകളുണ്ടായിട്ടും മഹാമാരിയുടെ രണ്ടാം തരംഗം ആഞ്ഞടിച്ചപ്പോൾ മോഡി സർക്കാരിന്റെ അനാസ്ഥ മൂലം തയാറെടുപ്പുകളുടെ അഭാവം മൂലം വീണ്ടും അവരുടെയെല്ലാം ജീവസന്ധാരണം തകർച്ചയിലെത്തിയിരിക്കുന്നു. മിനിമം വേതന തലത്തിലും താ



ഴെയുള്ള ദരിദ്രാവസ്ഥയിലേക്ക് 23 കോടിയോളം പേർ തള്ളിമാറ്റപ്പെട്ടു കഴിഞ്ഞു എന്നാണ് അസിം പ്രേംജി യൂണിവേഴ്സിറ്റിയുടെ പഠ നം കണ്ടെത്തി യത്

കഴിഞ്ഞ കുറെ ദിവസങ്ങളായി പ്രതിദി നം 3.5 ലക്ഷം പുതിയ കോവിഡ് കേസുകളാ ണ് പുതുതായി റിപ്പോർട്ട് ചെയ്യുന്നത്. ഇത് ലോകത്തെ ഏറ്റവും കൂടിയ കണക്കാണ് . സർക്കാർ കണക്കു പ്രകാരം പ്രതിദിനം 3000 ൽ അധികം പേർ മരണമടയുന്നു. എന്നാൽ മരണം അതിലുമെത്രയോ കൂടുതലാണെന്ന് ശ്മശാനങ്ങ ളിലെ തിരക്ക് വിളിച്ചു പറയുന്നു. അവയിലധിക വും ഒഴിവാക്കാൻ കഴിയുമായിരുന്നു. സമയത്തിന് ആതുരസേവനം ലഭിക്കാതെ ആശുപത്രി കിടക്ക, ഓക്സിജൻ, വെന്റിലേറ്റർ ഇവയൊന്നും ഇല്ലാ ത്തതുമൂലമാണ് അനേകങ്ങളുടെ ജീവൻ പൊലി ഞ്ഞത്. ഡോക്ടർമാരും നഴ്സുമാരും മറ്റ് ആരോഗ്യ പ്രവർത്തകരും എല്ലാം മറന്ന്, വിശ്രമരഹിതമായി പണിയെടുക്കയാണ്. ആവശ്യമായ പി.പി.ഇ കിറ്റ് പോലും ലഭ്യമല്ല. പരിശോധനാ സംവിധാനം വേ ണ്ടത്രയില്ല. അതിനാൽ പരിശോധനാ ഫലം വേഗ ത്തിൽ ലഭ്യമല്ല.

ശാസ്ത്രജ്ഞർ നൽകിയ മുന്നറിയിപ്പ് ചെവി ക്കൊണ്ട് ആരോഗ്യമേഖലയിൽ മുന്നൊരുക്ക ങ്ങൾ നടത്തിയിരുന്നെങ്കിൽ രണ്ടാം തരംഗത്തിൽ ആയിരക്കണക്കിന് ജീവൻ രക്ഷിക്കാൻ കഴി ഞ്ഞേനെ. പക്ഷെ മഹാമാരിയെ കീഴടക്കി എന്നു മേനിപറഞ്ഞ് മോഡി സർക്കാർ വിലപ്പെട്ട സമയം പാഴാക്കി. രാജ്യത്തിന് ആവശ്യമായ വാക്സിൻ ഉൽപ്പാദനം വർധിപ്പിക്കാൻ ശ്രമിക്കാനോ, അതിന് ഓർഡർ നൽകാനോ സർക്കാർ തയാ റായില്ല.ഒന്നാം തരംഗ സമയത്ത് രൂപം നൽകിയ കോവിഡ് സെന്ററു കളും ആശുപത്രികളും അടച്ചു പൂട്ടി. പൊതുജനാരോഗ്യ സംവിധാനം മെച്ചപ്പെടുത്തുന്നതിനു പകരം ക്രമേണ അവയെ ല്ലാം ദുർബലമാക്കി, നവ ഉദാരവൽക്കരണ തീട്ടൂര ങ്ങൾക്കനുസൃതമായി കോർപ്പറേറ്റുകൾക്കും ഇൻ ഷ്വറൻസ് കമ്പനികൾക്കും പരവതാനി വിരിച്ചു. സാധാരണക്കാരന് അവിടം അപ്രാപ്യമാണ്. മോഡി സർക്കാരിന്റെ വാക്സിൻ നയം അതിലും അൽഭുതകരമായി. സ്വകാര്യ കോർപ്പറേറ്റ് കമ്പ നികൾക്ക് ലാഭം കൂട്ടാൻ വില നിശ്ചയിക്കാനുള്ള അവകാശം കമ്പനികൾക്ക് വിട്ടുകൊടുത്തു. ജന ങ്ങൾക്ക് വാക്സിനേഷൻ നൽകാൻ സംസ്ഥാന സർക്കാരുകൾ കമ്പനികളുമായി വിലപേശണമ ത്രെ.




**ശാസ്ത്രജ്ഞർ നൽകിയ മുന്നറിയിപ്പ് ചെവിക്കൊണ്ട് ആരോഗ്യമേഖലയിൽ മുന്നൊരുക്കങ്ങൾ നടത്തിയിരുന്നെങ്കിൽ രണ്ടാം തരംഗത്തിൽ ആയിരക്കണക്കിന് ജീവൻ രക്ഷിക്കാൻ കഴിഞ്ഞേനെ. പക്ഷെ മഹാമാരിയെ കീഴടക്കി എന്നു മേനിപറഞ്ഞ് മോഡി സർക്കാർ വിലപ്പെട്ട സമയം പാഴാക്കി. രാജ്യത്തിന് ആവശ്യമായ വാക്സിൻ ഉൽപ്പാദനം വർധിപ്പിക്കാൻ ശ്രമിക്കാനോ, അതിന് ഓർഡർ നൽകാനോ സർക്കാർ തയാറായില്ല.**

അത് അവിടം കൊണ്ടവസാനിക്കുന്നില്ല. മഹാമാരിയുടെ ഘട്ടം നിർബന്ധിതമാക്കുന്ന പരിമിതികളും നിബന്ധനകളും മാനുഷിക പ്രതിസന്ധികളും അവസരമാക്കി, ഭയാക്രാന്തമായ അന്തരീക്ഷം സൃഷ്ടിച്ച് മോഡി സർക്കാർ ഉന്നമിട്ട സാമ്പത്തിക നയങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്ന ചിത്രമാണ് ഇവിടെ അനാവരണം ചെയ്യപ്പെടുന്നത്. കർഷക വിരുദ്ധ നിയമങ്ങൾ പിൻവലിക്കണമെന്നാവശ്യപ്പെട്ട് ഡെൽഹിക്കു ചുറ്റുമുള്ള അതിർത്തികളിൽ നീലാകാശത്തിനു കീഴെ മാസങ്ങളായി പ്രതിഷേധിക്കുന്ന കർഷക ലക്ഷങ്ങളെ കണ്ടില്ലെന്നു നടിക്കുന്ന ക്രൂര വിനോദം ഈ സർക്കാർ തുടരുകയാണ്. ദയനീയമായ ഈ ആരോഗ്യ അടിയന്തിരാവസ്ഥയിൽ ദാരുണ മരണങ്ങളേറുന്ന നാളുകളിൽ അണുവിടപോലും നാണമില്ലാതെ രാജ്യത്തിന്റെ ധനമന്ത്രി സ്വകാര്യവൽക്കരണ നടപടികൾ സർക്കാർ തീരുമാനിച്ച പ്രകാരം മുന്നോട്ടു പോകുമെന്ന് പ്രഖ്യാപിക്കുന്നു. IDBI സ്വകാര്യവൽക്കരണ നടപടി തുടങ്ങി കഴിഞ്ഞെന്നറിയിക്കുന്നു. വ്യവസായ ബന്ധ കോഡിനെക്കാൾ അപകടകരമാം വിധത്തിൽ തയാറാക്കിയ അതിന്റെ റൂളിന്റെ കരട് നോട്ടിഫൈ ചെയ്തിരിക്കുന്നു.

മഹാമാരി മൂലം വിവിധ സംസ്ഥാനങ്ങളിൽ ലോക് ഡൗൺ കർഫ്യൂ എന്നിങ്ങനെ വിവിധ തരത്തിലുള്ള നിയന്ത്രണങ്ങൾ മൂലം സാധാരണ സാമ്പത്തിക പ്രവർത്തികൾ ഏറെക്കുറെ നിശ്ചലാവസ്ഥയിലാണ്. അസംഘടിതമേഖല തൊഴിലാളികൾ, കുടിയേറ്റ തൊഴിലാളികൾ അടക്കം ,അവരുടെ തൊഴിൽ, വരുമാനം, താമസ സൗകര്യം തുടങ്ങിയവയെല്ലാം പ്രശ്നം നേരിടുന്നു. അവ സംരക്ഷിക്കാൻ ഒരു നടപടിയുമില്ല.

നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്ന നോട്ടിഫിക്കേഷനിലൊന്നും തൊഴിലാളികളുടെ സംരക്ഷ ഉറപ്പാക്കുന്ന ഒരു പരാമർശവുമില്ല. കോവിഡിന്റെ വ്യാപനം തടയാൻ മുകളിൽ പറഞ്ഞ നിയന്ത്രണങ്ങൾ വേണ്ടിവരും എന്നതിൽ തർക്കമില്ല. പക്ഷെ അതിനൊപ്പം രാജ്യത്ത് സമ്പത്ത് സൃഷ്ടിക്കാൻ പണിയെടുക്കുന്നവരുടെ തൊഴിലും വരുമാനവും സംരക്ഷിക്കേണ്ടതുണ്ട്.തൊഴിലാളികളെ ആവശ്യം കഴിഞ്ഞ് വലിച്ചെറിയുന്ന ചവറുപോലെ ഒരു സർക്കാർ കണക്കാക്കിക്കൂടാ. എന്നാൽ ക്രൂരത കൈമുതലായുള്ള ഈ ഭരണം ലോക്ക് ഡൗണിനെ തൊഴിലാളികളുടെ തൊഴിലും വരുമാനവും തകർക്കാനുള്ള ഉപയോഗിക്കുകയാണ്. അതിനു മുന്നിൽ നമുക്ക് അടിയറവു പറയാനാവില്ല.

ബിജെപി സർക്കാർ ഈ അവസരം നവലിബറൽ അജണ്ട നടപ്പാക്കാൻ ഉപയോഗിക്കയാണ്. തൊഴിലാളികൾ കഷ്ടപ്പെട്ട് നേടിയ അവകാശങ്ങൾക്കു മേൽ ആക്രമണം, കർഷകരുടെ നിലനിൽപ്പു പോലും അപകടത്തിൽ പെടുത്തും വിധം കൃഷിരീതിയാകെ കോർപ്പറേറ്റു വൽക്കരിക്കൽ ,സർക്കാർ ഭക്ഷ്യവസ്തുക്കൾ ശേഖരിക്കുന്നതവസാനിപ്പിച്ച് ഭക്ഷ്യ സുരക്ഷ തകർക്കൽ എന്നീ നടപടികൾ തുടരുന്നു. അതിനൊപ്പം ജനാധിപത്യ ഭരണക്രമം തകർക്കുന്നു. ജനങ്ങളുടെ ഭരണഘടനാപരവും മാനുഷികവുമായ അവകാശങ്ങൾ നിഷേധിക്കുന്നു. പാർലമെന്റിനെ മറികടന്ന് സമൂഹത്തിന്റെ മൊത്തംഘടന തന്നെ തച്ചുതകർക്കാൻ നോക്കുന്നു. വർഗീയ, വിഘടന, വിഭാഗീയ നടപടികളിലൂടെ രാജ്യത്തെ അരാജകത്വത്തിലേക്ക് തള്ളി നീക്കാൻ ശ്രമിക്കുന്നു.

നമ്മുടെ സ്വാശ്രയ സംവിധാനം കൈവെടിഞ്ഞ് 'ആത്മ നിർഭരത' എന്ന വിശേഷണം ചാർത്തി ഉൽപ്പാദന സാധ്യതകൾ നശിപ്പിച്ച് അവ്യവസായവൽക്കരണത്തിലേക്ക് രാജ്യത്തെ ഇവർ കൊണ്ടുചെന്നെത്തിക്കയാണ്. രാജ്യത്തിന്റെ സമ്പത്തായ പൊതുമേഖല അമ്പാനി, അദാനി തുടങ്ങിയ കോർപ്പറേറ്റു ചങ്ങാതിമാർക്ക് കൈമാറുകയാണ്. പൊതുജനാരോഗ്യം, വിദ്യാഭ്യാസം മറ്റ് അവശ്യ സേവനങ്ങളെല്ലാം സ്വകാര്യവൽക്കരിക്കുന്നു. ബാങ്കുകളും മറ്റു ധനകാര്യ സ്ഥാപനങ്ങളും സ്വകാര്യ മേഖലക്ക് കൈമാറുന്നു. ജനങ്ങൾ ദുരിതം നേരിടുമ്പോൾ രക്ഷക്കെത്തുന്നത് പൊതുമേഖലയാണെന്നോർക്കണം. ജീവൻ സംരക്ഷിക്കാനുള്ള ഓക്സിജൻ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലെത്തിക്കുന്നത് ഇൻഡ്യൻ റെയിൽവെയാണ്. ലാഭം കിട്ടാതെ ഏതെങ്കിലും സ്വകാര്യ കമ്പനി അതു ചെയ്യുമോ? ഓക്സിജൻ ഉൽപാദിപ്പിക്കുന്നത് പൊതു മേഖലയാണ്. ഓക്സിജൻ സിലിണ്ടറുണ്ടാക്കുന്നത് പൊതുമേഖലാ കമ്പനികളാണ്. 2008 ൽ സാമ്പത്തിക പ്രതിസന്ധി നേരിട്ടപ്പോൾ രാജ്യത്തെ രക്ഷിച്ചത് പൊതുമേഖലയിലെ സാമ്പത്തിക സ്ഥാപനങ്ങളാണെന്നോർക്കുക. ജനങ്ങൾക്കാകെ ബോധ്യപ്പെട്ട ഈ വസ്തുതകൾ വിസ്മരിച്ചാണ് പൊതുമേഖലയാകെ കൈയൊഴിയാൻ ഈ സർക്കാർ നീങ്ങുന്നത്.ഇതിലപ്പുറം ദേശവിരുദ്ധമായി മറ്റെന്താണുള്ളത്?

സർക്കാരിന്റെ വിനാശകരമായ ഇത്തരം നടപടികൾക്കെതിരെ സംയുക്ത ചെറുത്തുനിൽപ്പു സംഘടിപ്പിക്കുന്ന രാജ്യത്തെ അധ്വാനിക്കുന്ന ജനവിഭാഗങ്ങളെയും തൊഴിലാളികളെയും കർ

**ബിജെപി സർക്കാർ ഈ അവസരം നവലിബറൽ അജണ്ട നടപ്പാക്കാൻ ഉപയോഗിക്കയാണ്. തൊഴിലാളികൾ കഷ്ടപ്പെട്ട് നേടിയ അവകാശങ്ങൾക്കുമേൽ ആക്രമണം, കർഷകരുടെ നിലനിൽപ്പു പോലും അപകടത്തിൽ പെടുത്തും വിധം കൃഷിരീതിയാകെ കോർപ്പറേറ്റുവൽക്കരിക്കൽ, സർക്കാർ ഭക്ഷ്യവസ്തുക്കൾ ശേഖരിക്കുന്നതവസാനിപ്പിച്ച് ഭക്ഷ്യ സുരക്ഷ തകർക്കൽ എന്നീ നടപടികൾ തുടരുന്നു.**





**ബിജെപി സർക്കാരിന്റെ ഇക്കാര്യങ്ങളിലെ കുറ്റകരമായ അനാസ്ഥയും കെടുകാര്യസ്ഥതയും തുറന്നുകാട്ടാൻ കഴിയണം. മഹാമാരിയുടെ ഈ ദുരന്ത നാളുകളിൽ പോലും ഇക്കൂട്ടർ പുലർത്തുന്ന ശാസ്ത്രത്തോടുള്ള വെറുപ്പും അന്ധവിശ്വാസങ്ങളെ പുൽകലും ,കോർപ്പറേറ്റ് വിധേയത്വവും ,തൊഴിലാളികൾക്കും കർഷകർക്കും നേരെ നടത്തുന്ന ആക്രമണവും , ജനാധിപത്യ ധ്വംസനവും ,ഭരണഘടനാ വ്യവസ്ഥകളുടെ ലംഘനവും ജനങ്ങളെ ബോധ്യപ്പെടുത്തുകയും വേണം.**

ഷകരെയും കർഷക തൊഴിലാളികളെയും സിഐടിയു അഭിവാദ്യം ചെയ്യുന്നു. മഹാമാരിയുടെയും അനുബന്ധ ലോക്ക് ഡൗണുകളുടെയും ഈ നീണ്ട കാലത്ത് ഉൽപ്പാദനശക്തികളായ കർഷകരും, തൊഴിലാളികളും കർഷക തൊഴിലാളികളും തുടർച്ചയായ പ്രക്ഷോഭത്തിലായിരുന്നു. പ്രക്ഷോഭം അവരുടെ വേദിയിലൊതുക്കാതെ എല്ലാവരുമൊന്നിച്ച സംയുക്ത വേദിയായി അത് വികസിക്കയും കൂടുതൽ ഐക്യപ്പെടുകയും ചെയ്തു. എല്ലാവരും ഒത്തുചേർന്ന ഈ ഐക്യവും സമരവും അതിലുമുയർന്ന് രാജ്യത്തെ ജനങ്ങളാകെ ൾക്കൊള്ളുന്ന പ്രക്ഷോഭമായി ഇത് ശക്തി പ്രാപിക്കണം.

ജനങ്ങളുടെ വർധിച്ചു വരുന്ന വിദ്വേഷവും എതിർപ്പുമാണ് ഈയിടെ അഞ്ച് സംസ്ഥാനങ്ങളിൽ നടന്ന തെരഞ്ഞെടുപ്പിൽ പ്രകടമായത്. കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ ജനങ്ങൾക്കൊപ്പം താങ്ങും തണലുമായി നിന്ന LDF സർക്കാരിന് എല്ലാ സഹായവും നൽകിയ കേരളത്തിലെ തൊഴിലാളി വർഗത്തെയും ജനങ്ങളെയും ഞങ്ങൾ അഭിനന്ദിക്കുന്നു. ഒരു സംസ്ഥാന സർക്കാരിന്റെ പരിമിതിക്കുള്ളിൽ നിന്ന് നവലിബറലിസത്തിനെതിരെയുള്ള പ്രക്ഷോഭത്തിൽ തൊഴിലാളികൾക്ക് പിന്തുണയേകാനും, ബദൽ നയങ്ങൾ നടപ്പിലാക്കാനും LDF സർക്കാർ പരിശ്രമിച്ചു.

പടിഞ്ഞാറൻ ബംഗാളിൽ ബിജെപിയെ പരാജയപ്പെടുത്താൻ കഴിഞ്ഞെങ്കിലും ഫല പ്രഖ്യാപനത്തിനു ശേഷം അവിടെ രാഷ്ട്രീയ എതിരാളികൾക്കെതിരെ അഴിച്ചുവിട്ട ആക്രമണം ഗൗരവപൂർണം കാണേണ്ടതുണ്ട്. ബംഗാളിലും ത്രിപുരയിലും നമ്മുടെ സംഘടനയിലെ കേഡറുകൾ ഭീകരമായ ശാരീരിക ആക്രമണം നേരിടുകയാണ്. ജന വിരുദ്ധ നയങ്ങൾക്കെതിരെ സംയുക്തമായി പോരാടുന്നതിനൊപ്പം ഇത്തരം കടന്നുകയറ്റത്തെ ചെറുക്കാനും നാം ജനങ്ങൾക്കൊപ്പം നിൽക്കണം.

മോഡി സർക്കാരിന്റെ നവലിബറൽ മുതലാളിത്ത സംവിധാനത്തെ നേരിടുന്നതിനൊപ്പം ദ്വിമുഖ പ്രശ്നങ്ങളെ ഇപ്പോൾ നാം അഭിമുഖീകരിക്കേണ്ടി വന്നിരിക്കുന്നു. മെഡിക്കൽ സൗകര്യങ്ങളുടെ അഭാവവും തൊഴിൽ, വരുമാന നഷ്ടവും. ഈ നയങ്ങൾ തൊഴിലാളികളെ നിർദ്ദയം പട്ടിണിക്കോലങ്ങളാക്കി മാറ്റുകയാണ്. അഹന്തയും ക്രൂരതയും മുഖമുദ്രയാക്കിയ ബിജെപി സർക്കാർ

അടിച്ചേൽപ്പിച്ച മാനുഷിക ദുരന്തങ്ങളുടെ ഈ നിമിഷങ്ങളിൽ പ്രയാസങ്ങളിലുഴറുന്ന ജനതതികൾക്ക് സഹായഹസ്തം നീട്ടാനുള്ള കടമ നമ്മുടെ സംഘടനകൾ ഏറ്റെടുക്കണം. കോവിഡ് പരിശോധന, ഓക്സിജൻ നൽകൽ ,ആശുപത്രി കിടക്കകൾ, ഭക്ഷണം, താമസ സൗകര്യം ,വരുമാനം തുടങ്ങിയവയിലെല്ലാം ഇടപെടണം. അത്തരം സേവനങ്ങൾക്ക് വേണ്ട വിഭവം സ്വരൂപിക്കണം. കഴിഞ്ഞ വർഷവും നാം ഇതൊക്കെ നമ്മുടെ കഴിവിനപ്പുറം ചെയ്തതാണ്. ഇപ്പോഴും അത് തുടരണം. നമുക്കതിന് തീർച്ചയായും കഴിയും.

അതിനൊപ്പം ബിജെപി സർക്കാരിന്റെ ഇക്കാര്യങ്ങളിലെ കുറ്റകരമായ അനാസ്ഥയും കെടുകാര്യസ്ഥതയും തുറന്നുകാട്ടാൻ കഴിയണം. മഹാമാരിയുടെ ഈ ദുരന്ത നാളുകളിൽ പോലും ഇക്കൂട്ടർ പുലർത്തുന്ന ശാസ്ത്രത്തോടുള്ള വെറുപ്പും അന്ധവിശ്വാസങ്ങളെ പുൽകലും ,കോർപ്പറേറ്റ് വിധേയത്വവും ,തൊഴിലാളികൾക്കും കർഷകർക്കും നേരെ നടത്തുന്ന ആക്രമണവും , ജനാധിപത്യ ധ്വംസനവും ,ഭരണഘടനാ വ്യവസ്ഥകളുടെ ലംഘനവും ജനങ്ങളെ ബോധ്യപ്പെടുത്തുകയും വേണം.

പരിമിതികളുണ്ടെങ്കിലും സാധ്യമായ രീതിയിൽ ഇതിനു വേണ്ടിയുള്ള കൂട്ടായ്മകൾ സംഘടിപ്പിച്ച് പ്രതിഷേധങ്ങൾ, അധികാരികൾക്ക് നിവേദനം, വീടുകൾ കേന്ദ്രീകരിച്ച പ്രതിഷേധം തുടങ്ങിയവ പടിപടിയായി വികസിപ്പിക്കണം. മുൻപും ഇപ്രകാരമുള്ള പ്രതിഷേധങ്ങളുടെ ഉച്ചസ്ഥായിയിലാണ് നവംബർ 26 ന് രാജ്യവ്യാപകമായ അഖിലേന്ത്യാ പണിമുടക്ക് നാം സംഘടിപ്പിച്ചത്. ചരിത്രം സൃഷ്ടിച്ച കർഷക സമരം തുടരുകയാണ്. നാം സംഘടിപ്പിക്കുന്ന സ്വതന്ത്ര പരിപാടികളും സംയുക്ത പരിപാടികളും ബിജെപി സർക്കാരിന്റെ ജന വിരുദ്ധ നയങ്ങൾക്കെതിരെയുള്ള ഉയർന്ന പ്രതിഷേധ രൂപമായി മാറ്റേണ്ടതുണ്ട് .ഇവിടെ വളർന്നു വരുന്ന ഈ സർക്കാരിനെതിരെയുള്ള അതൃപ്തിയും രോഷവും ഫലപ്രദമായ രീതിയിൽ വഴി തിരിച്ചുവിടാൻ കഴിയണം

**ഒരു ബദൽ നയത്തിനു വേണ്ടിയുള്ള ആഹ്വാനത്തിൽ താഴെ പറയുന്ന ആവശ്യങ്ങളാണ് നാം ഉയർത്തേണ്ടത്.**

1. **വാക്സിൻ ഉൽപ്പാദനം അടിയന്തിരമായി വർധിപ്പിക്കുക. ആറുമാസത്തിനുള്ളിൽ എല്ലാവർക്കും വാക്സിൻ നൽകുക**
2. **കോവിഡ് വ്യാപനം നേരിടാൻ ആശുപത്രി കിടക്കകൾ, ഓക്സിജൻ, മറ്റു മെഡിക്കൽ സൗകര്യങ്ങൾ ഉറപ്പാക്കുക**
3. **ജനവിരുദ്ധ, കോർപ്പറേറ്റ് അനുകൂല വാക്സിൻ നയം ഉപേക്ഷിക്കുക**
4. **ആരോഗ്യരംഗത്ത് ആവശ്യമായ ജീവനക്കാരെ നിയമിക്കയും പൊതുജന ആരോഗ്യ സംവിധാനം ശക്തിപ്പെടുത്തുകയും ചെയ്യുക**
5. **യാത്രാ നിയന്ത്രണം, കർഫ്യൂ അടക്കം ദുരന്തനിവാരണ നിയമ പ്രകാരം ഉത്തരവിറക്കുന്ന അധികാരികൾ അതിനൊപ്പം റിട്രഞ്ച്മെന്റ്, ശമ്പളം വെട്ടിക്കുറക്കൽ, താമസ സ്ഥലത്തു നിന്ന് പുറത്താക്കൽ തുടങ്ങിയവ നിരോധിക്കയും വ്യവസ്തകൾ നടപ്പിലാക്കുമെന്ന് ഉറപ്പു വരുത്തുകയും ചെയ്യുക.**
6. **തൊഴിലാളി വിരുദ്ധ ലേബർ കോഡുകളും ജന വിരുദ്ധ കർഷക നിയമങ്ങളും വൈദ്യുതി ബില്ലും ഉപേക്ഷിക്കുക**
7. **സ്വകാര്യവൽക്കരണവും ഓഹരി വിൽപ്പനയും അവസാനിപ്പിക്കുക**
8. **ഇൻകം ടാക്സ് ബാധകമല്ലാത്ത എല്ലാ കുടുംബങ്ങൾക്കും പ്രതിമാസം 7500 രൂപ വീതം വിതരണം ചെയ്യുക**
9. **വരുന്ന 6 മാസം ഓരോ വ്യക്തിക്കും പ്രതിമാസം പത്തു കിലോ ഭക്ഷ്യധാന്യം സൗജന്യമായി നൽകുക**
10. **കോവിഡ് ബാധിതരല്ലാത്ത രോഗികൾക്ക് സർക്കാർ ആശുപത്രികളിൽ ഫലപ്രദമായ ചികിത്സ ഉറപ്പു വരുത്തുക**
11. **ആഷാ, അംഗൻവാടി ജീവനക്കാരടക്കം കോവിഡ് , ആരോഗ്യ മുൻനിര പ്രവർത്തകർക്ക് സംരക്ഷണ സാമഗ്രികൾ ഉറപ്പു വരുത്തുകയും അവർക്കെല്ലാം സമഗ്രമായ ഇൻഷ്വറൻസ് ഏർപ്പെടുത്തുകയും ചെയ്യുക**

# ഇന്ത്യയിലെ മഹാമാരി ദുരന്തത്തിന് ഒരുത്തരവാദിയേ ഉള്ളൂ

# അത് മോദിയാണ്

സൊനാലി കോൽഹാട്കർ

**ലക്ഷക്കണക്കിന് മനുഷ്യ ജീവനുകൾ പന്താടിക്കൊണ്ടു ഔഷധ കോർപറേറ്റുകൾ ലാഭം കൊയ്യുമ്പോൾ കോവിഡ് 19 വാക്സിന്റെ ബൗദ്ധിക സ്വത്തവകാശം എടുത്തു കളയണമെന്ന സമ്മർദം ബൈഡൻ ഭരണകൂടത്തിന് മേൽ ശക്തമാകുകയാണ്. ഒഴിവാക്കപ്പെട്ട പേറ്റന്റുകൾ പുനഃസ്ഥാപിച്ചു കഴിഞ്ഞാൽ ഇനിയും ആയിരങ്ങളുടെ മരണത്തിനു അത് കാരണമാകും. ഈ സമയത്തും ഇന്ത്യക്കാർ മരിച്ചു വീഴുകയാണ്. ഡൽഹിയിലെ രാത്രികൾ മൃതദേഹങ്ങൾ കുന്നുകൂട്ടിയിട്ട കത്തിക്കുന്ന ചിതകളുടെ വെളിച്ചത്തിൽ തിളങ്ങുകയാണ്. #ResignModi എന്ന ഹാഷ്ടാഗ് ട്രെൻഡിങ്ങിൽ ഒന്നാം സ്ഥാനത്തെത്തുമ്പോൾ, ഈ മോഡി സർക്കാർ എല്ലാ അർത്ഥത്തിലും പരാജയപ്പെട്ടെന്നു ഒരിക്കൽ കൂടി തെളിയുകയാണ്.**



കൊറോണ വൈറസ് മഹാമാരിയുടെ ആഗോളപ്രഭവ കേന്ദ്രമായി ഇന്ത്യ മാറിയിരിക്കുന്നു. പ്രതിദിന രോഗികളുടെ എണ്ണം മൂന്ന് ലക്ഷം കടന്നിരിക്കുന്നു. യഥാർത്ഥ മരണസംഖ്യ ഔദ്യോഗികമായി രേഖപ്പെടുത്തിയതിലും എത്രയോ മുകളിൽ ആണ്. കുറഞ്ഞത് മൂന്ന് ലക്ഷത്തിലെറെ ഇന്ത്യക്കാർ മരിച്ചിട്ടുണ്ടാവും. ആശുപത്രികൾ രോഗികളെക്കൊണ്ട് നിറഞ്ഞിരിക്കുന്നു. ഓക്സിജൻ ക്ഷാമം പ്രതിസന്ധിയെ കൂടുതൽ മൂർച്ഛിപ്പിച്ചിക്കുന്നു. രോഗ ബാധ കൂടുതൽ ഉള്ള രാജ്യത്തെ വിവിധ പ്രദേശങ്ങളിലേക്കുള്ള ഓക്സിജൻ സിലിണ്ടർ നിറച്ച ലോറികൾ പിടിച്ചെടുത്ത് വഴിതിരിച്ച് വിടുന്നവരെ വധശിക്ഷയ്ക്ക് വിധിക്കുമെന്ന് വരെ ഇന്ത്യൻ നീതിപീഠത്തിന് ഭീഷണിപ്പെടുത്തേണ്ടി വന്നു. ഓക്സിജൻ കിട്ടാത്തത് കൊണ്ട് മാത്രം എത്രയോ ആളുകൾ ഇതിനകം മരിച്ചു.

കുറച്ച് മാസങ്ങൾക്ക് മുമ്പാണ് വൈറസിനെ പരാജയപ്പെടുത്തിയെന്നു പ്രധാനമന്ത്രി നരേന്ദ്ര മോഡി വീമ്പടിച്ചത്. ശാസ്ത്ര വിദഗ്ധരുടെ അഭിപ്രായം തള്ളിക്കളഞ്ഞു കൊണ്ട് കോവിഡ് 19 ബാധയും അനുബന്ധമായുള്ള മരണങ്ങളും കുറഞ്ഞതായും പറഞ്ഞു. ഭാരത് ബയോടെക് ഇന്ത്യയിൽ വികസിപ്പിച്ച വാക്സിനും ഒക്സ്ഫോഡ് അസ്ട്രസനക ഇന്ത്യയിൽ വികസിപ്പിച്ചെടുത്ത വാക്സിനും ഇന്ത്യയിൽ ലഭ്യമായി. മാസ്ക് ധരിക്കൽ സാർവത്രികമായതോടെ അത് വിജയിച്ച ഇന്ത്യയുടെ തന്ത്രമായി വാൾസ്ട്രീറ്റ് വരെ വാഴ്ത്തി. എങ്കിൽ പിന്നീട് എന്താണ് സംഭവിച്ചത്?

Bravado to Fear to Abandonment: Mental Health and the COVID19 Lockdown എന്ന നോവലിന്റെ രചയിതാവ് കൂടിയായ ബാംഗ്ലൂരിലെ പത്രപ്രവർത്തകൻ അമൻദീപ് സന്ധുവിന് ഇതിന് ഒറ്റ വാക്കിൽ ഉത്തരം ഉണ്ട്. 'അമിത ആത്മവിശ്വാസം' എന്നാണ് സന്ധു അതിനു നൽകിയ ഉത്തരം.

മോഡിയെ രൂക്ഷമായി വിമർശിച്ച് കൊണ്ട് അദ്ദേഹം ഒരു അഭിമുഖത്തിൽ പറഞ്ഞു: ധാർഷ്ട്യത്തിന്റെയും നയപരമായ മരവിപ്പിന്റെയും, കഴിഞ്ഞ ഒരു വർഷത്തെ അനുഭവത്തിൽ നിന്ന് പാഠം പഠിക്കാത്തതിന്റെയും ഫലമാണ് ഈ അനുഭവിക്കുന്നത്.'

'മതമൗലിക പ്രത്യയശാസ്ത്രം പിന്തുടരുന്ന ഒരു സർക്കാർ ന്യൂനപക്ഷ ഗ്രൂപ്പുകളെ ലക്ഷ്യം വച്ച് പ്രവർത്തിക്കുകയും ഒരു ഫാസിസ്റ്റു ഹിന്ദു മേധാവിത്വത്തിനു വേണ്ടി പ്രവർത്തിക്കുകയും ചെയ്യുമ്പോൾ ദയനീയമായി പരാജയപ്പെടുന്നത് രാജ്യത്തെ ജനങ്ങളാണ്.'

**'മതമൗലിക പ്രത്യയശാസ്ത്രം പിന്തുടരുന്ന ഒരു സർക്കാർ ന്യൂനപക്ഷ ഗ്രൂപ്പുകളെ ലക്ഷ്യം വച്ച് പ്രവർത്തിക്കുകയും ഒരു ഫാസിസ്റ്റു ഹിന്ദു മേധാവിത്വത്തിനു വേണ്ടി പ്രവർത്തിക്കുകയും ചെയ്യുമ്പോൾ ദയനീയമായി പരാജയപ്പെടുന്നത് രാജ്യത്തെ ജനങ്ങളാണ്.'**



ഇന്ത്യൻ രാഷ്ട്രീയത്തിൽ ദശകങ്ങളായി സമ്പൂർണ ആധിപത്യം തുടരുന്ന മോദിയുടെ ഭാരതീയ ജനത പാർട്ടി ഇക്കഴിഞ്ഞ മാസങ്ങളിൽ വിവിധ നിയമസഭ തെരഞ്ഞെടുപ്പുകളുടെ വലിയ പൊതുയോഗങ്ങളാണ് സംഘടിപ്പിച്ചത്. മോദിയുടെ ട്വിറ്റർ അകൗണ്ടിൽ ഏപ്രിൽ മാസത്തെ അദ്ദേഹത്തിന്റെ റാലികളുടെ വീഡിയോകളുടെ ബഹളമാണ്. റാലിക്കെത്തിയ ആഹ്ലാദഭരിതരായ ആൾക്കൂട്ടത്തെ കണ്ടു പ്രധാനമന്ത്രി പല പൊങ്ങച്ചങ്ങളും പറയുന്നുണ്ട്. പ്രസംഗം കേട്ട് ഉന്മാദിക്കുന്ന ജനങ്ങളിൽ ഒരാൾക്ക് പോലും മാസ്ക് ഇല്ല എന്നും സന്ധു ചൂണ്ടിക്കാട്ടുന്നു. കഴിഞ്ഞ വർഷം ഡൊണൾഡ് ട്രംപ് നടത്തിയ തെരഞ്ഞെടുപ്പ് റാലികൾക്കു തുല്യമായിരുന്നു മോദിയുടെ റാലികളും. രണ്ടു റാലികൾക്ക് പിന്നാലെയുള്ള ആഴ്ചകളിൽ കോവിഡ് രോഗബാധതരുടെ എണ്ണം ഗണ്യമായി വർധിച്ചു.

പന്ത്രണ്ട് വർഷത്തിൽ ഒരിക്കൽ നടക്കുന്ന കുംഭമേളയിൽ പങ്കെടുക്കാൻ എത്തിയ ദശലക്ഷക്കണക്കിനു ഹിന്ദുക്കളെ മോഡി പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ഏറ്റവും വലിയ തീർത്ഥാടന മഹോത്സവമായ കുംഭമേളയിൽ വിശ്വാസികൾ ഗംഗയിൽ മുങ്ങുന്ന ചടങ്ങുണ്ട്. ഇത്തരം ആഘോഷങ്ങൾ ഗുരുതമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുമെന്ന് വിദഗ്ധർ മുന്നറിയിപ്പ് നൽകിയിട്ടു പോലും മൂന്നര ദശലക്ഷം പേരാണ് ഇത്തവണ കുംഭമേളയിൽ പങ്കെടുത്തത്.

തബ്ലീഗി ജമാ അത് എന്ന മുസ്ലിം സംഘടന




**വാക്സിൻ കയറ്റുമതി നിർബാധം തുടരാൻ അനുവദിച്ച നരേന്ദ്രമോദി രാജ്യത്തെ പാവപ്പെട്ട മനുഷ്യർക്ക് വാക്സിൻ പ്രാപ്യത ഇല്ലാതാക്കിക്കൊണ്ട് ആരോഗ്യ സംവിധാനത്തെ സ്വകാര്യവൽക്കരിക്കുന്നു. വാക്സിൻ തുറന്ന വിപണിയിലേക്ക് മാറ്റിയതോടെ പാവപ്പെട്ട ജനങ്ങൾക്ക് കുത്തിവയ്പ്പിനുള്ള സാധ്യത പരിമിതപ്പെടുത്തി. ഇന്ത്യയിലെ ദരിദ്ര വിഭാഗങ്ങൾക്ക് വാക്സിൻ വില എങ്ങനെ താങ്ങാനാകും? അവർക്കത് സാധിച്ചില്ലെങ്കിൽ ഒരു സമൂഹം അല്ലെങ്കിൽ ലോകമാകെത്തന്നെയും രോഗത്തിന് മുന്നിൽ ദുർബലമായിപ്പോകും**

കഴിഞ്ഞ വർഷം ഡൽഹിയിൽ സംഘടിപ്പിച്ച കുറച്ചു പേര് മാത്രം പങ്കെടുത്ത യോഗത്തെ അപലപിച്ച കേന്ദ്ര മന്ത്രിമാർ വൈറസ് വ്യാപനത്തെ ഈ യോഗവുമായി ബന്ധപ്പെടുത്തിയിരുന്നു. കർണാടകയിൽ നിന്നുള്ള ഒരു ബിജെപി എംഎൽഎ പറഞ്ഞത് മുസ്ലിങ്ങളെ തല്ലിക്കൊല്ലണം എന്നാണ്. 'കോവിഡ് 19 വ്യാപിപ്പിക്കുന്നത് തീവ്രവാദ പ്രവർത്തനം പോലെയാണ്. ഇങ്ങനെ രോഗം പരത്തുന്നവർ രാജ്യദ്രോഹികൾ തന്നെയാണ്' എന്നാണ് ആ എംഎൽഎ പറഞ്ഞത്. എന്നാൽ ഈ വർഷം അതിനേക്കാൾ പലമടങ്ങ് ആളുകൾ പങ്കെടുത്ത ഹിന്ദുക്കളുടെ കൂടിച്ചേരലുകൾക്കെതിരെ ഇങ്ങനെ ഒരു വിധിയെഴുത്തും ഉണ്ടായില്ല എന്നതും ശ്രദ്ധേയമാണ്.

സ്വകാര്യവൽക്കരണത്തിൽ ഊന്നിയ കാർഷിക നിയമങ്ങൾ നടപ്പാക്കിയതിനെതിരെ കഴിഞ്ഞ വർഷം മുതൽ കർഷകർ ഡൽഹിയുടെ അതിർത്തി പ്രദേശങ്ങളിൽ തമ്പടിച്ചു സമരത്തിലാണ്. ഈ വസന്ത കാലത്തെ വാർഷിക കൊയ്ത്തുത്സവത്തിനായി പലരും മടങ്ങിയെന്നാലും 15,000 പേർ ഇപ്പോഴും അവിടെയുണ്ട്. പോയവർ ആവശ്യമെങ്കിൽ ഏതു സമയത്തും തിരിച്ചു വരാൻ തയ്യാറാണെന്നാണ് സന്ധു പറയുന്നത്.

ഈ സന്ദർഭത്തിൽ കർഷകർ എന്താണ് തിരഞ്ഞെടുക്കുക? സന്ധു ചോദിക്കുന്നു. 'കുറച്ചു വർഷങ്ങൾ കൊണ്ട് കാർഷിക നിയമങ്ങൾ അവരെ നശിപ്പിക്കും. ദൈവം സഹായിച്ചു വൈറസ് ബാധയേറ്റാൽ ദ്രുതമരണം സംഭവിക്കുമല്ലോ. എന്തായാലും മരണം ഉറപ്പ്. അങ്ങനെയെങ്കിൽ അവർ എന്ത് ചെയ്യും?' അതുകൊണ്ടു തന്നെ കർഷകർ സമരം തുടരും എന്നാണ് സന്ധുവിന്റെ അഭിപ്രായം. നിലവിൽ സമരം കൊണ്ട് കോവിഡ് 19 പടർന്നിട്ടില്ല. എന്നാൽ കർഷകരെ സമര ഭൂമിയിൽ നിന്ന് കുടിയിറക്കാൻ ഈ മഹാമാരിയെ ഉപയോഗിക്കും എന്നുറപ്പാണ്.

ടംപിനെ പോലെ തന്നെ വൈറസിനെ ചെറുക്കുന്നതിന്റെ ക്രെഡിറ്റ് ഉറപ്പാക്കാൻ മോദിയും ശ്രമിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി കഴിഞ്ഞ വർഷം ആരംഭിച്ച പി എം കെയെർസ് എന്ന ഫണ്ടിലേക്ക് ശതകോടികൾ ആണ് ശേഖരിച്ചത്. ടംപ് ചെയ്തത് പോലെ തന്നെ ഈ ഫണ്ട് ഒട്ടും സുതാര്യമല്ലാതാക്കാനും അതിന്റെ വിതരണം ദുരൂഹമാക്കാനും മോഡി ശ്രമിച്ചു. ഇതിനെ പച്ചയായ അഴിമതി എന്നാണ് ഒരു ആക്ടിവിസ്റ്റ് നിരീക്ഷിച്ചത്.

കോവിഡ് 19 നല്ല വാക്സിന്റെ ഏറ്റവും വലിയ ഉത്പാദകർ ആണെങ്കിലും ആഭ്യന്തരമായി വിതരണം ചെയ്തതിനേക്കാൾ കൂടുതൽ വാക്സിൻ കയറ്റുമതി ചെയ്തു. വാക്സിൻ നയതന്ത്രത്തിൽ അഭിരമിക്കുകയാണെന്നു പഴികേട്ട മോഡി അന്താരാഷ്ട്ര തലത്തിൽ പിന്തുണ ഉറപ്പാക്കാൻ വേണ്ടിയാണ് കൂടുതൽ ഡോസ് വാക്സിനുകൾ മറ്റു രാജ്യങ്ങൾക്കു നൽകുന്നത്.

ഈ മഹാമാരി ഒരു ആഗോള ദുരന്തമാണെന്നിരിക്കെ വാക്സിൻ കയറ്റുമതി നിർബാധം തുടരാൻ

അനുവദിച്ച നരേന്ദ്രമോദി രാജ്യത്തെ പാവപ്പെട്ട മനുഷ്യർക്ക് വാക്സിൻ പ്രാപ്യത ഇല്ലാതാക്കിക്കൊണ്ട് ആരോഗ്യ സംവിധാനത്തെ പൂർണമായും സ്വകാര്യവൽക്കരിക്കാനുള്ള തന്ത്രങ്ങളാണ് ആവിഷ്കരിച്ചത്. വാക്സിൻ തുറന്ന വിപണിയിലേക്ക് മാറ്റിയതോടെ ജനങ്ങൾക്ക് കുത്തിവയ്പ്പിനുള്ള സാധ്യത പരിമിതപ്പെടുത്തുകയാണ് സർക്കാർ ചെയ്യുന്നതെന്ന് സന്ധു പറയുന്നു. മറ്റൊരർത്ഥത്തിൽ, സമ്പന്നരെ പോലെ സ്വകാര്യ ആശുപത്രികളിൽ പോയി വാക്സിൻ എടുക്കാൻ സാധിക്കാത്തതിനാൽ ദരിദ്രരായ ഇന്ത്യക്കാർക്ക് വാക്സിനേഷന് വേണ്ടി കൂടുതൽ കാലം കാത്തിരിക്കേണ്ടി വരും. 'ഇന്ത്യയിലെ ദരിദ്ര വിഭാഗങ്ങൾക്ക് വാക്സിൻ വില എങ്ങനെ താങ്ങാനാകും? അവർക്കത് സാധിച്ചില്ലെങ്കിൽ ഒരു സമൂഹം അല്ലെങ്കിൽ ലോകമാകെത്തന്നെയും രോഗത്തിന് മുന്നിൽ ദുർബലമായിപ്പോകും' സന്ധു പറഞ്ഞു.

ഓരോ ദിവസവും രോഗികൾ വൻതോതിൽ വർധിക്കുമ്പോൾ ഉയരുന്ന സാർവദേശീയ വിമർശനങ്ങൾക്കു മുന്നിൽ ഇന്ത്യ പതറുകയാണ്. ട്രംപിനെപ്പോലെ ട്വിറ്ററിൽ സജീവമായിരുന്ന മോഡി ഇപ്പോൾ ആ പ്ലാറ്റഫോമിൽ നിന്ന് പിൻവാങ്ങിയിരിക്കയാണ്. രാജ്യതാല്പര്യത്തിലുപരി സ്വന്തം പ്രതിച്ഛായയിൽ ആണ് മോദിക്ക് ഉത്കണ്ഠ. ഈ പ്രതിസന്ധിക്കിടയിലും ട്വിറ്ററിൽ വരുന്ന, മഹാമാരിയെ കൈകാര്യം ചെയ്യുന്ന വിഷയത്തിലെ വിമർശനാത്മകമായ അഭിപ്രായങ്ങൾ നീക്കം ചെയ്യാനാണ് കേന്ദ്രസർക്കാരിന് തിടുക്കം. ആ നീക്കത്തിന് സാമൂഹ്യ മാധ്യമ ഉടമകൾ കൂട്ടുനിൽക്കുകയും ചെയ്യുന്നു.

മോദിയുടെ നിലപാടുകൾക്ക് സാധുത നൽകുന്നത് ട്വിറ്റർ മാത്രമല്ല. അമേരിക്കയിലെ ഇന്ത്യൻ വംശജരും മോഡി ആരാധകരുമായി വലതുപക്ഷക്കാർ മോഡി സർക്കാരിന്റെ ഫാസിസ്റ്റു വിദ്യാഭ്യാസ പരിപാടികളെയും തീവ്രദേശീയവാദികളുടെ ഗ്രൂപ്പുകളെയും സഹായിക്കാൻ പതിവായി ദശലക്ഷക്കണക്കിനു ഡോളറുകളാണ് സംഭാവന നൽകുന്നത്. ബിജെപിയുടെ മാതൃസംഘടനയായ ആർഎസ്എസിന്റെ അമേരിക്കൻ പതിപ്പും ഹൂസ്റ്റൺ ആസ്ഥാനമായ സംഘടനായ സേവാ ഇന്ത്യയിലെ കൊറോണ പ്രതിസന്ധി മൂലമുണ്ടായ അന്താരാഷ്ട്ര ഉത്കണ്ഠകളെ മുതലെടുക്കാനാണ് ശ്രമിക്കുന്നത്. ഓക്സിജൻ കോൺസണ്ട്രേറ്ററുകളും മറ്റു മെഡിക്കൽ ഉപകരണങ്ങളും സംഭരിക്കാനായി പത്തു ദശലക്ഷം ഡോളറാണ് ശേഖരിച്ചത്. ഇതേ സംഘടന തന്നെ ഇന്ത്യയിലെ ഭൂകമ്പ ദുരിതാശ്വസത്തിനായി ബ്രിട്ടീഷ് പൗരന്മാരിൽ നിന്ന് ശേഖരിച്ച തുക ഹിന്ദുത്വ പ്രചരിപ്പിക്കാനുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായി വഴിതിരിച്ചു വിട്ട സംഭവം 2004 ൽ വലിയ അഴിമതിയായി കണക്കാക്കപ്പെട്ടിരുന്നു. സമീപ കാലത്തു കേരളത്തിലെ പ്രളയ ദുരിതാശ്വാസത്തിനായി ശേഖരിച്ച തുക ഹിന്ദുക്കൾക്ക് മാത്രമായി നൽകിയതിന്റെ പേരിലും ഈ സംഘടന പിടിക്കപ്പെട്ടിരുന്നു.

ട്രംപ് ഭരണകൂടത്തിന്റെ തുടർച്ചയെന്നോണം ജോ ബൈഡന്റെ ഭരണകൂടവും ബിജെപിയെയും അതിന്റെ ഏകാധിപത്യ പ്രവണതയെയും ആശ്ലേഷിച്ചതിന്റെ പേരിൽ രൂക്ഷമായ വിമർശനം നേരിട്ടിരുന്നു. അമേരിക്കൻ പോലീസിന്റെ ഒരു സുപ്രധാന സ്ഥാനത്ത് ആർഎസ്എസ് ബന്ധമുള്ള പ്രെസ്തോൻ കുൽക്കർണിയെ ബൈഡൻ നിയോഗിച്ചിരുന്നു. ടെക്സാസിൽ നിന്നും അമേരിക്കൻ കോൺഗ്രസ്സ് അംഗമാകാൻ കുക്കർണി ശ്രമിച്ചെങ്കിലും പരാജയപ്പെടുകയായിരുന്നു. സേവാ ഇന്റർനാഷനലിന്റ ഡയറക്ടർ ആയ രമേശ് ഭുട്ടാഡ ആയിരുന്നു കുൽക്കർണിക്ക് പ്രധാനമായും ഫണ്ട് നൽകിയത്.

ലക്ഷക്കണക്കിന് മനുഷ്യ ജീവനുകൾ പന്താടിക്കൊണ്ടു ഔഷധ കോർപറേറ്റുകൾ ലാഭം കൊയ്യുമ്പോൾ കോവിഡ് 19 വാക്സിന്റെ ബൗദ്ധിക സ്വത്തവകാശം എടുത്തു കളയണമെന്ന സമ്മർദം ബൈഡൻ ഭരണകൂടത്തിന് മേൽ ശക്തമാകുകയാണ്. ഒഴിവാക്കപ്പെട്ട പേറ്റന്റുകൾ പുനഃസ്ഥാപിച്ചു കഴിഞ്ഞാൽ ഇനിയും ആയിരങ്ങളുടെ മരണത്തിനു അത് കാരണമാകും.

ഈ സമയത്തും ഇന്ത്യക്കാർ മരിച്ചു വീഴുകയാണ്. ഡൽഹിയിലെ രാത്രികൾ മൃതദേഹങ്ങൾ കുന്നു കൂട്ടിയിട്ട കത്തിക്കുന്ന ചിതകളുടെ വെളിച്ചത്തിൽ തിളങ്ങുകയാണ്. #ResignModi എന്ന ഹാഷ്ടാഗ് ടെൻഡിങ്ങിൽ ഒന്നാം സ്ഥാനത്തെത്തുമ്പോൾ, ഈ മോഡി സർക്കാർ എല്ലാ അർത്ഥത്തിലും പരാജയപ്പെട്ടെന്നു ഒരിക്കൽ കൂടി തെളിയുകയാണ്.

**ഓരോ ദിവസവും രോഗികൾ വൻതോതിൽ വർധിക്കുമ്പോൾ ഉയരുന്ന സാർവദേശീയ വിമർശനങ്ങൾക്കു മുന്നിൽ ഇന്ത്യ പതറുകയാണ്. ട്രംപിനെപ്പോലെ ട്വിറ്ററിൽ സജീവമായിരുന്ന മോഡി ഇപ്പോൾ ആ പ്ലാറ്റഫോമിൽ നിന്ന് പിൻവാങ്ങിയിരിക്കയാണ്. രാജ്യതാല്പര്യത്തിലുപരി സ്വന്തം പ്രതിച്ഛായയിൽ ആണ് മോദിക്ക് ഉത്കണ്ഠ. ഈ പ്രതിസന്ധിക്കിടയിലും ട്വിറ്ററിൽ വരുന്ന, മഹാമാരിയെ കൈകാര്യം ചെയ്യുന്ന വിഷയത്തിലെ വിമർശനാത്മകമായ അഭിപ്രായങ്ങൾ നീക്കം ചെയ്യാനാണ് കേന്ദ്രസർക്കാരിന് തിടുക്കം.**



# ഗാസയിലെ ഇസ്രയേൽ കൂട്ടക്കുരുതി

ദിവസങ്ങളായി തുടരുന്ന ഇസ്രയേൽ കടന്നാക്രമണത്തിന്റെ ചോരപ്പുഴയിൽ വിറങ്ങലിച്ചുനിൽക്കുകയായിരുന്നു ഗാസ മുനമ്പ്. മെയ് ഏഴിന് ഉച്ചയോടെ ആരംഭിച്ച ബോംബ്മിസൈൽ വർഷത്തിൽ കൊച്ചുകുട്ടികളും സ്ത്രീകളും ഉൾപ്പെടെ നിരവധി ആളുകൾക്കാണ് ജീവഹാനിയുണ്ടായത്. അനധികൃത ജൂതകുടിയേറ്റക്കാരെ പാർപ്പിക്കാൻ കിഴക്കൻ ജറുസലേമിലെ പലസ്തീൻകാരെ കുടിയൊഴിപ്പിക്കാനുള്ള ഇസ്രയേൽ നീക്കമാണ് പ്രശ്നങ്ങൾക്ക് തുടക്കമിട്ടത്. റമദാൻ മാസത്തിലെ വിശുദ്ധ വെള്ളിയാഴ്ച അൽ അഖ്സ പള്ളിയിലെത്തിയ വിശ്വാസികളെ ആക്രമിച്ചതും പ്രകോപനം വർധിപ്പിച്ചു. മുന്നറിയിപ്പുകൾ വകവയ്ക്കാതെ അതിക്രമം തുടർന്ന ഇസ്രയേലിന് ഹമാസ് തിരിച്ചടി നൽകാൻ തുടങ്ങിയതോടെയാണ് സംഘർഷം രൂക്ഷമായത്.

2014 മധ്യത്തിൽ നടത്തിയ 50 ദിന കടന്നാക്രമണത്തിനുശേഷം ഇസ്രയേലി ഭാഗത്തുനിന്നുണ്ടായ ഏറ്റവും മാരകമായ വ്യോമാക്രമണമാണ് ഗാസയിലേതെന്നു കാണാം. പലസ്തീൻ ചെറുത്തുനിൽപ്പിന് നേതൃത്വം നൽകുന്ന ഹമാസിന്റെ ചില പ്രധാന നേതാക്കളെ വകവരുത്തിയതായി ഇസ്രയേൽ ഔദ്യോഗികമായി അവകാശപ്പെട്ടിട്ടുണ്ട്. ഗാസാ മേഖലാ മേധാവി ബാംബെം ഈസായും അതിൽ ഉൾപ്പെടുന്നു.

ജനവാസകേന്ദ്രങ്ങളും ആശുപത്രികളും മാർക്കറ്റുകളും ലക്ഷ്യമാക്കിയാണ് ഇസ്രയേൽ മിസൈൽ ആക്രമണം. കൂറ്റൻ അപ്പാർട്ടുമെന്റുകൾ തകർന്നു വീഴുന്നതിന്റെ ദൃശ്യങ്ങൾ പുറത്തുവന്നിട്ടുണ്ട്. ഇത്തരം നീക്കങ്ങൾക്കെതിരെ അന്താരാഷ്ട്ര സമൂഹം ശക്തമായ മുന്നറിയിപ്പുനൽകുമ്പോഴും ഗാസയെ പിച്ചിച്ചീന്താനുള്ള തീരുമാനത്തിൽ ഉറച്ചുനിൽക്കുകയാണ് ബെഞ്ചമിൻ നെതന്യാഹു. പലസ്തീൻ ജനതയുടെ എല്ലാവിധ പ്രതിഷേധത്തെയും ചോരയിൽ മുക്കിക്കൊല്ലാനാണ് അദ്ദേഹത്തിന്റെ തീരുമാനം. നിരവധി പലസ്തീൻകാർ സൈന്യത്തിന്റെ പിടിയിലായി. ലോദിൽ നെതന്യാഹു അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതും കരുതിക്കൂട്ടിയുള്ള നീക്കമാണ്. മാധ്യമപ്രവർത്തകരെയും മനുഷ്യാവകാശ സംഘടനാ ഭാരവാഹികളെയും പെട്ടെന്ന് ഒഴിപ്പിക്കുകയുണ്ടായി. മേയ് 16ന് ഐക്യരാഷ്ട്ര സംഘടനയുടെ സുരക്ഷാ കൗൺസിൽ അടിയന്തരയോഗം വിളിച്ചിരുന്നു. അമേരിക്കയുടെ എതിർപ്പ് മൂലം കൃത്യമായ തീരുമാനം എടുക്കാതെ

പിരിഞ്ഞു. ഈജിപ്തിന്റെയും ഖത്തറിന്റെയും നേതൃത്വത്തിലുള്ള സമാധാനശ്രമങ്ങൾ നടക്കുന്നുണ്ട്. ഇസ്രയേൽ ആഭ്യന്തര രാഷ്ട്രീയ പ്രതിസന്ധി നേരിടുന്നതിനാൽ ഈ മുൻകൈകൾ വേഗം ഫലപ്രാപ്തിയിൽ എത്തുമെന്ന് കരുതാനാകില്ല.

ഇസ്രയേലിന് ചെറുത്തുനിൽക്കാനും തിരിച്ചടിക്കാനും അവകാശമുണ്ടെന്ന തരത്തിലുള്ള അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡന്റെ പ്രസ്താവന സംഘർഷം ലഘൂകരിക്കാൻ ഉതകുന്നതെല്ലന്ന് പറയേണ്ടതുണ്ട്. അമേരിക്കയിൽ ആര് ഭരണത്തിൽ എത്തിയാലും അടിസ്ഥാന നയസമീപനങ്ങളിൽ മാറ്റമുണ്ടാകാൻ പ്രയാസമാണെന്ന വസ്തുത ബാക്കിയാകുകയാണ്. യുദ്ധവ്യവസായവും കോർപറേറ്റുകളുമാണ് പല തീരുമാനത്തിനും പിന്നിലെ രാസത്വരകം. മറ്റൊന്ന് അമേരിക്ക ഏറ്റവും കൂടുതൽ സൈനിക സഹായം നൽകുന്ന രാജ്യമാണ് ഇസ്രയേൽ എന്നതാണ്. ആ പിന്തുണയും പ്രശ്നം സങ്കീർണവും രക്തരൂക്ഷിതവുമാക്കുന്നുണ്ട്.

പലസ്തീൻ ഇസ്രയേൽ പ്രശ്നത്തെ ചരിത്രപരമായി പരിശോധിക്കുക അനിവാര്യമാണ്. എട്ടു ലക്ഷത്തിലേറെ പലസ്തീനികളെ സ്വന്തം മണ്ണിൽ നിന്ന് തുരത്തി രൂപപ്പെടുത്തിയ അധിനിവേശ രാജ്യമാണ് ഇസ്രയേൽ. അതിനെ നിയന്ത്രിക്കാൻ അന്താരാഷ്ട്ര സംഘടനകൾക്കുപോലും ശേഷിയില്ലാത്തതാണ് ക്രൂരതകൾ തുടരാൻ ധൈര്യം നൽകുന്നതും. സിയോണിസ്റ്റ് ഭരണകൂടത്തിന്റെ പ്രധാന മുഖമുദ്ര ഇരട്ടനീതിയാണ്. നിരപരാധികളായ ആയിരക്കണക്കിന് പലസ്തീനികളെ അകാരണമായി പിടികൂടി നീണ്ട വർഷങ്ങളിൽ കാരാഗ്രഹങ്ങളിൽ തള്ളുന്നതും പതിവാണ്. അന്താരാഷ്ട്ര നിയമങ്ങളും മര്യാദകളും കാറ്റിൽപ്പറത്തിയാണ് കൂട്ടക്കുരുതികളും. അതിൽത്തന്നെ കൊച്ചുകുട്ടികളെ പ്രത്യേകം ലക്ഷ്യമിടുന്നത് ഒരു ജനവിഭാഗത്തിന്റെ ഉൻമൂലനം മനസ്സിൽ വച്ചുകൊണ്ടുമാണ്. തീ തുപ്പുന്ന മിസൈലുകളും ഇടിച്ചുനിരപ്പാക്കുന്ന ടാങ്കറുകളും നിരന്തരം ഒച്ചവയ്ക്കുന്ന അത്യാധുനിക ഇറക്കുമതി തോക്കുകളും ക്രൂരതയുടെ അധ്യായങ്ങൾ എഴുതുമ്പോൾ ഒരു ജനത നിലനിൽപ്പിനായി പോരാടുന്ന ഉജ്വലമായ ചിത്രമാണ് പലസ്തീൻ. ഇസ്രയേൽ ഭീകരതയ്ക്കുമേൽ ലോകമെങ്ങുമുള്ള ജനാധിപത്യവാദികളും സമാധാനപ്രേമികളും മനുഷ്യാവകാശ സംരക്ഷകരും കൂടുതൽ ഉച്ചത്തിൽ സംസാരിക്കേണ്ട വേളയിൽ ഇന്ത്യൻ ഭരണനേതൃത്വം ഇപ്പോഴും മൗനം അവലംബിക്കുന്നതും വല്ലപ്പോഴും ശബ്ദിച്ചാൽത്തന്നെ ഇസ്രയേലുമായി പലസ്തീനെ തുലനം ചെയ്യുന്നതും നമ്മുടെ വിദേശനയത്തിൽനിന്നുള്ള വ്യതിചലനമാണ്. ചില കോൺഗ്രസ് നേതാക്കൾ ഹമാസ് തീവ്രവാദികളെന്ന് വിശേഷിപ്പിച്ചതും സാമൂഹ്യനിരക്ഷരത തന്നെ. ചുരുക്കത്തിൽ ഗാസയിലെ ഇസ്രയേൽ കൂട്ടക്കുരുതി ക്രമസമാധന പ്രശ്നം എന്നതിലുപ



രി വ്യക്തമായ രാഷ്ട്രീയ സമസ്യയാണ്. ആ തിരിച്ചറിവോടെയാകണം പലസ്തീൻ ജനതയുടെ ചെറുത്തുനിൽപ്പിനെ കാണേണ്ടതും.

## അമേരിക്ക ഇസ്രയേലിനൊപ്പം

സ്വയം പ്രതിരോധിക്കാനുള്ള ഇസ്രായേലിന്റെ അവകാശത്തെ അമേരിക്ക പിന്തുണക്കണമെന്ന് റിപ്പബ്ലിക്കൻ സെനറ്റർമാർ. ഹമാസിനെ പിന്തുണക്കുന്ന ഇറാന് മേൽ ചുമത്തിയ ഉപരോധത്തിൽ ഇളവ് വരുത്താനുള്ള ചർച്ചകൾ ഉടൻ അവസാനിപ്പിക്കണമെന്നും 44 റിപ്പബ്ലിക്കൻ സെനറ്റർമാർ അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡന് എഴുതിയ കത്തിൽ ആവശ്യപ്പെട്ടു.

ലഭ്യമായ എല്ലാ മാർഗവും ഉപയോഗിച്ച് പലസ്റ്റീൻകാർ ഒന്നുചേർന്ന് ഇസ്രായേലിനെ പ്രതിരോധിക്കണമെന്ന ഇറാന്റെ പരമോന്നത നേതാവ് അയത്തൊള്ള അലി ഖമേനിയുടെ ട്വീറ്റ് ഭീകരവാദത്തെ പിന്തുണക്കുന്നതിന്റെ തെളിവാണ്. വിയന്നയിൽ അമേരിക്കൻ സംഘവുമായുള്ള ചർച്ചകൾ നയിക്കുന്ന ഇറാൻ വിദേശകാര്യ മന്ത്രി മൊഹമ്മദ് ജാവദ് ഷരീഫും ഹമാസിന് പിന്തുണ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഉപരോധം ഇളവ് ചെയ്ത് അമേരിക്ക ഇറാന് നൽകുന്ന ഓരോ ഡോളറും ഇസ്രായേലിനെതിരെ ഉപയോഗിക്കപ്പെടും റിപ്പബ്ലിക്കൻമാർ പറഞ്ഞു.

അതേസമയം ഇസ്രായേലിന് നൽകുന്ന പിന്തുണയിൽ നിന്ന് ബൈഡൻ വ്യതിചലിക്കില്ലെന്ന് വൈറ്റ് ഹൗസ് പ്രസ് സെക്രട്ടറി ജെൻ പിസാകി വ്യക്തിമാക്കി. സമാധാന ശ്രമത്തിനായി മധ്യ പൗരസ്ത്യ ദേശത്തേക്ക് ദൂതനെ അയക്കുമെന്ന് യുഎസ് സ്റ്റേറ്റ് സെക്രട്ടറി ആന്റണി ബ്ലിങ്കൻ പറഞ്ഞു.

## യുദ്ധം നെതന്യാഹുവിന്റെ ആവശ്യം

ഭൂരിപക്ഷമില്ലെങ്കിലും ഭരണത്തിൽ കടിച്ചുതൂങ്ങാനുള്ള ഇസ്രയേൽ പ്രധാനമന്ത്രി ബെന്യാമിൻ നെതന്യാഹുവിന്റെ തന്ത്രമാണ് ഗാസയിൽ പലസ്തീൻകാർക്കുനേരെ തുടരുന്ന ആക്രമണമെന്ന് വിമർശം. 12 വർഷമായി അധികാരത്തിൽ തുടരുന്ന നെതന്യാഹുവിന് മാർച്ച് 23ന് നടന്ന തെരഞ്ഞെടുപ്പിലും ഭൂരിപക്ഷം ലഭിച്ചിരുന്നില്ല. രണ്ട് വർഷത്തിനിടെ നാലാം തവണയാണ് ആർക്കും ഭൂരിപക്ഷമില്ലാത്ത ജനവിധി. കഴിഞ്ഞ മൂന്ന് തവണത്തെയും പോലെ ഉപജാപങ്ങളിലൂടെ അധികാരത്തിൽ തുടരാനുള്ള ശ്രമത്തിലാണ് നെതന്യാഹു.

ബദൽ സർക്കാർ രൂപീകരിക്കാൻ മറ്റ് പാർടികൾ ചർച്ച തുടങ്ങിയിരുന്നു. അധികാരം നഷ്ടപ്പെട്ടാൽ തനിക്കെതിരായ അഴിമതിക്കേസുകളിൽ അകത്താവുമെന്നത് നെതന്യാഹുവിന് തലവേദനയായി. ഈ സാഹചര്യത്തിലാണ് പലസ്തീൻകാർ ഭാവി രാഷ്ട്രത്തിന്റെ തലസ്ഥാനമാക്കാൻ ഉദ്ദേശിക്കുന്ന കിഴക്കൻ ജറുസലേമിൽ പ്രകോപനം ഉണ്ടാക്കിയത്.

## തിങ്ങിനിറഞ്ഞ് ഗാസ ആശുപത്രികൾ

ഏതാനും ആഴ്ചകൾ മുമ്പുവരെ കോവിഡ് രോഗികളെക്കൊണ്ട് നിറഞ്ഞിരുന്ന ഗാസ ആശുപത്രികളെ വീണ്ടും സമ്മർദത്തിലാക്കി ഇസ്രയേൽ ആക്രമണം. ആശുപത്രികളെല്ലാം മുറിവേറ്റവരെക്കൊണ്ട് നിറഞ്ഞു.

ഇസ്രയേൽ നടത്തുന്ന വ്യോമാക്രമണത്തിൽ പരിക്കേറ്റ നൂറുകണക്കിന് ആളുകളാണ് ദിവസവും ചികിത്സ തേടുന്നത്. ഇതിൽ ഇസ്രയേൽ മിസൈൽ പതിച്ച് നിലംപൊത്തിയ ഫ്ളാറ്റുകളിൽനിന്ന് രക്ഷപ്പെട്ടവരുമുണ്ട്. ആംബുലൻസിന് കാത്തുനിൽക്കാതെ, പരിക്കേറ്റ ബന്ധുക്കളെയും വാരിയെടുത്ത് കാറിലും നടന്നുമൊക്കെ ആളുകൾ ആശുപത്രിയിൽ എത്തുന്നു. മരിച്ചവരുടെ ബന്ധുക്കൾ മോർച്ചറികൾക്ക് മുമ്പിൽ കാത്തുനിൽക്കുന്ന ദൃശ്യങ്ങളും അന്താരാഷ്ട്ര മാധ്യമങ്ങൾ പുറത്തുവിട്ടു. പരിക്കേറ്റവരുടെ എണ്ണം കൂടുംതോറും കോവിഡ് പരിശോധനാ കേന്ദ്രങ്ങൾ ആശുപത്രിയായി മാറ്റേണ്ടിവരുന്നു. കഴിഞ്ഞയാഴ്ച പ്രതിദിനം 3000 പരിശോധന നടന്നിടത്ത് ഇപ്പോൾ 300 മാത്രമാണ് നടക്കുന്നത്. ഇത് വീണ്ടും കോവിഡ് തരംഗത്തിന് വഴിവയ്ക്കുമെന്ന ആശങ്കയിലാണ് പലസ്തീൻ ആരോഗ്യ വിഭാഗം.

# വെടിനിർത്തൽ

ഇസ്രായേലിന്റെ ഗാസയിലെ 11 ദിവസത്തെ ആക്രമണങ്ങൾക്ക് ശേഷം മെയ് 20ന് വെടിനിർത്തൽ പ്രഖ്യാപിച്ചു. അന്തർദേശീയ സമ്മർദത്തിന് വഴങ്ങിയാണ് ഇസ്രായേൽ വെടിനിർത്തലിന് വഴങ്ങിയത്. ഗാസയിൽ 243ഉം വെസ്റ്റ് ബാങ്കിൽ മുപ്പതോളവും പലസ്തീൻകാർ ഇസ്രായേൽ ആക്രമണങ്ങളിൽ കൊല്ലപ്പെട്ടു. 13 പേരാണ് റോക്കറ്റ് ആക്രമണങ്ങളിൽ ഇസ്രേയിൽ മരിച്ചത്.



എൻ. പത്മലോചനൻ

# മേയ് ദിന ചരിത്രം

**8 മണിക്കൂർ ജോലി, 8 മണിക്കൂർ വിശ്രമം, 8 മണിക്കൂർ വിനോദം എന്നീ മുദ്രാവാക്യങ്ങൾ ഉയർത്തിക്കൊണ്ട് 1886 മേയ് 1ന് ചിക്കോഗോയിലെ തൊഴിലാളികൾ പണിമുടക്കി. 27 വയസുകാരനായ 'ലിങ്കി'നെ മർദിച്ചു കൊലപ്പെടുത്തി. ആൽബ്രഡ്, പാർഡൽസ്, ആഗസ്റ്റ് സ്പൈസ്, ജോർജ് ഏങ്കൽ, അഡോൾഫ് ഫിഷർ എന്നിവരെ 1887 നവംബർ 11ന് തൂക്കിക്കൊന്നു. അവരെ തൂക്കിലേറ്റിയതോടെ 8 മണിക്കൂർ ജോലി ആവശ്യം മരണമടഞ്ഞതായി മുതലാളിമാർ വിശ്വസിച്ചു. ചരിത്രം എങ്ങോട്ടാണ് നീങ്ങിയതെന്ന് പറയേണ്ട ആവശ്യമില്ലല്ലോ ?**

മേയ് 1 ദിനാചരണം 1890 മുതൽ സാർവദേശീയ തൊഴിലാളി വർഗ ദിനമായി ലോക തൊഴിലാളികൾ ആചരിച്ചുവരുന്നു.

വിഖ്യാതമായ മേയ് ദിനസമര ചരിത്രത്തിന്റെ ഒരു സംക്ഷിപ്ത വിവരണമാണ് ഇവിടെ നൽകുന്നത്.

തൊഴിലെടുക്കുന്നവരുടെ ജോലിസമയം പ്രതിദിനം 8 മണിക്കൂറായി നിജപ്പെടുത്തണമെന്ന ആവശ്യം മുൻനിർത്തി ലോകത്താകെ തൊഴിലാളികളുടെ പ്രക്ഷോഭം ശക്തി പ്രാപിച്ചുവന്ന ഘട്ടത്തിലാണ് ചിക്കാഗോയിലെ തൊഴിലാളികൾ ഈ ആവശ്യം ഉന്നയിച്ച് സമരത്തിനിറങ്ങിയത്. 8 മണിക്കൂർ ജോലി, 8 മണിക്കൂർ വിശ്രമം, 8 മണിക്കൂർ വിനോദം എന്നീ മുദ്രാവാക്യങ്ങൾ ഉയർത്തിക്കൊണ്ട് 1886 മേയ് 1ന് അവർ പണിമുടക്കി. പരിഭ്രാന്തരായ അമേരിക്കൻ മുതലാളിമാർ പോലീസിനെയും ഗുണ്ടകളെയും ഒറ്റുകാരെയും രംഗത്തിറക്കി പ്രസ്തുത സമരം അടിച്ചൊതുക്കി.

സമരനായകന്മാരിൽ എട്ടു പേരെ കോടതി ശിക്ഷിച്ചു. 7 പേർക്ക് വധശിക്ഷയും ഒരാൾക്ക് 15 വർഷം കഠിനതടവും, തുടർന്നുള്ള ജനകീയ പ്രക്ഷോഭം മൂലം വധശിക്ഷ വിധിക്കപ്പെട്ട 3 പേരുടെ വധശിക്ഷ ജീവപര്യന്തമായി ഇളവ് ചെയ്തു. 27 വയസുകാരനായ 'ലിങ്കി'നെ മർദിച്ചു കൊലപ്പെടുത്തി. എന്നിട്ട് ആത്മഹത്യയാണെന്ന് പ്രചരിപ്പിച്ചു. ആൽബ്രഡ്, പാർഡൽസ്, ആഗസ്റ്റ് സ്പൈസ്, ജോർജ് ഏങ്കൽ, അഡോൾഫ് ഫിഷർ എന്നിവരെ 1887 നവംബർ 11ന് തൂക്കിക്കൊന്നു. അവരുടെ മരണം മുതലാളിത്തത്തിന് നാശം

വിതയ്ക്കുമെന്ന് അവർ മുദ്രാവാക്യം മുഴക്കിയിരുന്നു. അവരെ തൂക്കിലേറ്റിയതോടെ 8 മണിക്കൂർ ജോലി ആവശ്യം മരണമടഞ്ഞതായി മുതലാളിമാർ വിശ്വസിച്ചു. ചരിത്രം എങ്ങോട്ടാണ് നീങ്ങിയതെന്നതിന് ഇനി വിശദീകരണം ആവശ്യമില്ലല്ലോ ? ഇന്ന് ജോലി സമയം ഏഴും ആറും മണിക്കൂർ ആക്കണമെന്ന ആവശ്യം ഉയർന്നുകഴിഞ്ഞു. ചില യൂറോപ്യൻ രാജ്യങ്ങളിൽ പുതിയ തൊഴിലവസര സൃഷ്ടിയുടെ പേരിൽ ഈ ആവശ്യങ്ങൾ ചില വ്യവസായങ്ങളിൽ അംഗീകരിച്ചിട്ടുണ്ട്.

മിക്ക രാജ്യങ്ങളിലും ഭരണകൂട സ്ഥാപനമായ സർക്കാർ സ്ഥാപനങ്ങളിൽ ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള സർക്കാർ ജീവനക്കാരുടെ ജോലിസമയം ആറു മണിക്കൂറാണ്. കേരളത്തിൽ ആറു മണിക്കൂറാണ്.

1890 മുതൽ മേയ് ദിനം സാർവദേശീയ അവധി ദിനമായി മിക്ക രാജ്യത്തും തൊഴിലാളിവർഗം ആചരിച്ചുതുടങ്ങി. 1888 ഡിസംബറിൽ അമേരിക്കൻ ഫെഡറേഷൻ ഓഫ് ലേബർ സുപ്രധാനമായ ഒരു തീരുമാനമെടുത്തു. "1890 മുതൽ എല്ലാ മേയ് ഒന്നാം തീയതിയും അമേരിക്കയിലെ തൊഴിലാളികൾ പ്രകടനങ്ങളും യോഗങ്ങളും സംഘടിപ്പിച്ച് ആചരിക്കണമെന്ന്."

മാർക്സിന്റെ നിര്യാണത്തിന് ശേഷം, അദ്ദേഹത്തിന്റെ സഹചാരിയും സുഹൃത്തും സഖാവും സഹപ്രവർത്തകനുമായ ഏംഗൽസ് വർഗരഹിത സമൂഹത്തിന്റെ സാക്ഷാത്കരണത്തിന് വേണ്ടി ഉള്ള പരിശ്രമങ്ങൾ തുടർന്നുകൊണ്ടിരുന്നു. 1889 ജൂലൈ 14ന് വിവിധ രാജ്യങ്ങളിലെ സോഷ്യലിസ്റ്റുകാർ പാരീസിൽ ഒത്തുകൂടി. 25 വർഷങ്ങൾക്ക് മുമ്പ് മാർക്സും ഏംഗൽസും രൂപീകരിച്ച അതേ മാതൃകയിൽ തൊഴിലാളികളുടെ ഒരു സാർവദേശീയ സംഘടന (രണ്ടാം




**" 8 മണിക്കൂർ പ്രവൃത്തി ദിനത്തിന് വേണ്ടിയുള്ള മേയ് 1ന്റെ പ്രവർത്തനങ്ങൾ വർഗ വ്യത്യാസങ്ങൾ സാമൂഹ്യ മാറ്റത്തിലൂടെ ഇല്ലായ്മ ചെയ്യാനുള്ള തൊഴിലാളിവർഗത്തിന്റെ നിശ്ചയദാർഢ്യം പ്രകടമാക്കണം. അങ്ങനെ എല്ലാ മനുഷ്യർക്കും സമാധാനം അന്തർദേശീയ സമാധാനത്തിലേക്ക് നയിക്കുന്ന പാതയിലേക്ക്, ഏക പാതയിലേക്ക് പ്രവേശിക്കാൻ കഴിയണം."**

**ഏംഗൽസ്**

ഇന്റർനാഷണൽ) രൂപീകരിക്കാൻ തീരുമാനിച്ചു. ബ്രാസ്റ്റിൽഫ്രഞ്ചു വിപ്ലവ പതനത്തിന്റെ ശതാബ്ദി ദിനമായിരുന്നു അന്ന്. 1888 ഡിസംബറിൽ സെന്റ് ലൂയിസിൽ ചേർന്ന അമേരിക്കൻ ഫെഡറേഷൻ ഓഫ് ലേബറിന്റെ കൺവൻഷൻ 1990 മേയ് 1ന് പ്രകടനങ്ങളും യോഗങ്ങളും മറ്റും നടത്താൻ തീരുമാനിച്ചിട്ടുള്ളതുകൊണ്ട് അന്നേ ദിവസം രാഷ്ട്രങ്ങളിലെ തൊഴിലാളികൾ അതാതിടത്തെ സൗകര്യങ്ങൾ അനുസരിച്ച് പ്രകടനങ്ങളും യോഗങ്ങളും സംഘടിപ്പിക്കാൻ ആഹ്വാനം ചെയ്തുകൊണ്ടാണ് പാരീസ് കോൺഫറൻസ് ജൂലൈ 20ന് പിരിഞ്ഞത്.

1884 പാരീസ് കോൺഫറൻസിൽ ഫ്രഞ്ച് പ്രതിനിധിയായിരുന്ന റെയ്മണ്ട് ലവിൻ അവതരിപ്പിക്കുകയും പാരീസ് കോൺഗ്രസ് അംഗീകരിക്കുകയും ചെയ്ത ചരിത്രപ്രാധാന്യമുള്ള പ്രമേയത്തിൽ നിന്ന് : "പ്രവൃത്തിസമയം എട്ടു മണിക്കൂറായി നിയമപ്രകാരം പരിമിതപ്പെടുത്തണമെന്നും, പാരീസ് കോൺഗ്രസിന്റെ മറ്റു തീരുമാനങ്ങൾ നടപ്പാക്കണമെന്നും സർക്കാരുകളോട് ആവശ്യപ്പെടുന്നതിനായി ഒരു നിശ്ചിത ദിവസം എല്ലാ രാജ്യങ്ങളിലും നഗരങ്ങളിലുമുള്ള അധ്വാനിക്കുന്ന ജനങ്ങൾ സാർവദേശീയാടിസ്ഥാനത്തിലുള്ള ഒരു മഹാപ്രകടനം നടത്തണമെന്നും ഈ കോൺഗ്രസ് തീരുമാനിക്കുന്നു. 1888 ഡിസംബറിൽ സെന്റ് ലൂയിസിൽ ചേർന്ന അമേരിക്കൻ ഫെഡറേഷൻ ഓഫ് ലേബറിന്റെ കൺവൻഷൻ, 1990 മേയ് 1ന് ഇത്തരത്തിലൊരു പ്രകടനം തീരുമാനിച്ചതുകൊണ്ട് ആ ദിനത്തെ സാർവദേശീയ പ്രകടനത്തിനുള്ള ദിവസമായി സ്വീക

രിക്കുന്നു. ഓരോ രാജ്യത്തും നിലവിലുള്ള സാഹചര്യങ്ങൾക്കനുസരിച്ച് വിവിധ പ്രദേശങ്ങ്ഹളിൽ തൊഴിലാളികൾ ഈ പ്രകടനം സംഘടിപ്പിക്കേണ്ടതാണ്."

ഏംഗൽസ് ഇപ്രകാരം പറഞ്ഞു " 8 മണിക്കൂർ പ്രവൃത്തി ദിനത്തിന് വേണ്ടിയുള്ള മേയ് 1ന്റെ പ്രവർത്തനങ്ങൾ വർഗ വ്യത്യാസങ്ങൾ സാമൂഹ്യ മാറ്റത്തിലൂടെ ഇല്ലായ്മ ചെയ്യാനുള്ള തൊഴിലാളിവർഗത്തിന്റെ നിശ്ചയദാർഢ്യം പ്രകടമാക്കണം. അങ്ങനെ എല്ലാ മനുഷ്യർക്കും സമാധാനം അന്തർദേശീയ സമാധാനത്തിലേക്ക് നയിക്കുന്ന പാതയിലേക്ക്, ഏക പാതയിലേക്ക് പ്രവേശിക്കാൻ കഴിയണം."

പിൽക്കാല ചരിത്രം പരിശോധിച്ചാൽ മേയ് ദിനാചരണം വിപ്ലവകരമായ ആശയങ്ങൾ പണി എടുക്കുന്നവർക്കിടയിൽ പ്രചരിപ്പിക്കാൻ വളരെ സഹായിച്ചിട്ടുണ്ടെന്ന് കാണാം. റഷ്യയിൽ ലെനിന്റെ നേതൃത്വത്തിൽ തൊഴിലാളിവർഗ പ്രക്ഷോഭങ്ങൾക്കുള്ള ഒരു ശക്തമായ ആയുധമായിരുന്നു മേയ് ദിനത്തിൽ നടത്തപ്പെട്ട പണിമുടക്കങ്ങൾ, പ്രക്ഷോഭ ജാഥകൾ, യോഗങ്ങൾ മുതലായവയും മേയ് ദിനവുമായി ബന്ധപ്പെട്ടു പ്രസിദ്ധീകരിക്കപ്പെട്ട ലഘുലേഖകൾ, മറ്റു പ്രസിദ്ധീകരണങ്ങൾ എന്നിവയും അന്യാദൃശമായ ഫലങ്ങൾ ഉളവാക്കാൻ ലെനിൻ ഇതുപയോഗിച്ചു. 1917ലെ നവംബർ വിപ്ലവം അതിന്റെ പരിസമാപ്തിയായിരുന്നു.

1891, ആഗസ്റ്റ് മാസത്തിൽ ബ്രസൽസിൽ ചേർന്ന രണ്ടാം ഇന്റർനാഷണലിന്റെ രണ്ടാം കോൺഗ്രസ് പിന്നിട്ട രണ്ട് മേയ്ദിനത്തിന്റെയും സംഭവങ്ങളെ വിലയിരുത്തി. രണ്ട് ദിനങ്ങളും സാർവദേശീയ തൊഴിലാളി പ്രസ്ഥാനത്തിന് മുഴുവനും വളരെ പ്രയോജനകരമായിരുന്നു എന്നും തുടർന്നും എല്ലാ വർഷവും മേയ് 1ന് ദിനാചരണം നടത്തണമെന്നുമുള്ള ഏകകണ്ഠമായ അഭിപ്രായമാണ്

**പിൽക്കാല ചരിത്രം പരിശോധിച്ചാൽ മേയ് ദിനാചരണം വിപ്ലവകരമായ ആശയങ്ങൾ പണി എടുക്കുന്നവർക്കിടയിൽ പ്രചരിപ്പിക്കാൻ വളരെ സഹായിച്ചിട്ടുണ്ടെന്ന് കാണാം. റഷ്യയിൽ ലെനിന്റെ നേതൃത്വത്തിൽ തൊഴിലാളിവർഗ പ്രക്ഷോഭങ്ങൾക്കുള്ള ഒരു ശക്തമായ ആയുധമായിരുന്നു മേയ് ദിനത്തിൽ നടത്തപ്പെട്ട പണിമുടക്കങ്ങൾ, പ്രക്ഷോഭ ജാഥകൾ, യോഗങ്ങൾ മുതലായവയും മേയ് ദിനവുമായി ബന്ധപ്പെട്ടു പ്രസിദ്ധീകരിക്കപ്പെട്ട ലഘുലേഖകൾ, മറ്റു പ്രസിദ്ധീകരണങ്ങൾ എന്നിവയും അന്യാദൃശമായ ഫലങ്ങൾ ഉളവാക്കാൻ ലെനിൻ ഇതുപയോഗിച്ചു.**




പ്രതിനിധികൾക്ക് ഉണ്ടായിരുന്നത്. തൽഫലമായി എല്ലാ വർഷവും മേയ് 1ന് സാർവദേശീയമായി പ്രകടനങ്ങൾ നടത്തണമെന്നും കഴിയുന്നിടത്തെല്ലാം അന്നേ ദിവസം പണിമുടക്കിനും കോൺഗ്രസ് തീരുമാനിച്ചു.

1920കളിൽ പല ഗവൺമെന്റുകളും കുറഞ്ഞ പക്ഷം പൊതുമേഖലാ സ്ഥാപനങ്ങളിലെങ്കിലും മേയ് ദിനം പൊതു അവധി പ്രഖ്യാപിച്ചു. ഒട്ടനവധി രാജ്യങ്ങളിൽ പ്രവൃത്തി സമയം എട്ട് മണിക്കൂറായി നിജപ്പെടുത്തി കൊണ്ടുള്ള നിയമങ്ങൾ പാസാക്കി. റഷ്യയിൽ 1917 നവംബറിലെ വിപ്ലവത്തിലൂടെ അധികാരം പിടിച്ചെടുത്തതിന് ശേഷമാണ് ജോലിസമയം രാജ്യത്താകെ എട്ട് മണിക്കൂറായി ക്ലിപ്തപ്പെടുത്തിക്കൊണ്ട് 1917 നവംബർ 11ാം തീയതി പ്രഖ്യാപനം നടത്തപ്പെട്ടത്.

ചെക്കോസ്ലോവാക്യൻ റിപ്പബ്ലിക്ക്, ഇറ്റലി, ഫ്രാൻസ് എന്നീ രാജ്യങ്ങളിൽ നടന്ന ശക്തമായ സമരങ്ങളുടെ ഫലമായി ജോലിസമയം പരിമിതപ്പെടുത്തൽ, ട്രേഡ് യൂണിയനുകൾക്ക് അംഗീകാരം മുതലായ കാര്യങ്ങളിൽ തൊഴിലാളികൾ വിജയിച്ചു.

കൂട്ടായി വിലപേശാനുള്ള അവകാശം സംബന്ധിച്ച ഒരു ബില്ല് 1919 മാർച്ച് മാസത്തിലും ജോലിസമയം എട്ടു മണിക്കൂറായി നിജപ്പെടുത്തി കൊണ്ടുള്ള ബില്ല് ഏപ്രിൽ മാസത്തിലും ഫ്രഞ്ച് പാർലമെന്റ് പാസാക്കി. ഇറ്റലിയിലാകട്ടെ, മുതലുടമകൾ ട്രേഡ് യൂണിയനുകളുമായി എട്ട് മണിക്കൂർ ജോലിസമയം കരാറിൽ ഒപ്പുവച്ചു.

സ്പെയിനിലെ കോൺഫെഡറേഷൻ ഓഫ് ലേബർ 1919 മാർച്ച് 24ന് പൊതു പണിമുടക്കം നടത്താൻ ആഹ്വാനം ചെയ്തു. തുടർന്ന് ഗവൺമെന്റ് എട്ട് മണിക്കൂർ ജോലിസമയം നിശ്ച യിച്ചുകൊണ്ടുള്ള നിയമം പാസാക്കി. തുടർന്ന് വാർധക്യകാല പെൻഷനും തൊഴിലില്ലായ്മ വേതനവും നടപ്പിലാക്കാനും ഗവൺമെന്റ് നിർബന്ധിതമായി. അതേസമയം മേയ് ദിനാചാര ണത്തിന്റെ പ്രാധാന്യം കുറച്ചു കാണിക്കാനും, ഒരുപക്ഷേ അവഹേളിക്കാനും അമേരിക്കയി ലുൾപ്പെടെ നിരവധി രാജ്യങ്ങളിലെ ഭരണവർഗം തയ്യാറായിട്ടുണ്ട്.

1890 മേയ് 1ന് ന്യൂയോർക്കിലെ യൂണിയൻ സ്ക്വയറിൽ വച്ച് ആദ്യത്തെ മേയ് ദിന പ്രകടന ത്തിൽ പണിമുടക്കി പങ്കെടുത്ത തൊഴിലാളികളുടെ മുമ്പിൽ അവതരിപ്പിച്ച പ്രമേയത്തിൽ ഇങ്ങനെ പറയുന്നു “എട്ട് മണിക്കൂർ ജോലിക്ക് വേണ്ടി ഉള്ള പോരാട്ടം നടക്കുന്നതോടൊ പ്പം നാം നമ്മുടെ പരമമായ ലക്ഷ്യത്തെ കാണാതിരുന്നു കൂടാ. അത് മുതലാളിത്താനുകൂല സമ്പ്രദായത്തിന്റെ നിർമാർജനത്തെ എന്നാണ്. എന്നാൽ കടകവിരുദ്ധമായ നിലപാടിലേക്ക് പിൽക്കാല തൊഴിലാളി നേതൃത്വം അധഃപതിച്ചു.

ഇക്കാലത്ത് തന്നെ മേയ് ദിനാചരണങ്ങൾ ഉത്തരാഫ്രിക്കയിലേക്കും ഏഷ്യയിലേക്കും വ്യാപി ക്കുക ഉണ്ടായി. ഏഷ്യയിലാദ്യമായി മേയ് ദിനാഘോഷം സംഘടിപ്പിക്കപ്പെട്ടത് ഇന്തോനേഷ്യ യിലാണ്. 1920ൽ ചൈനയും മേയ് ദിനാചരണത്തിൽ പങ്കെടുത്തു. രണ്ടുലക്ഷം പേർ പങ്കെടു ത്ത് 1924ലെ പ്രകടനം നടന്നത് ഡോ. സൺയാത്സെന്നിന്റെ സ്വാതന്ത്ര്യ സമരസേനാനിയുടെ നേതൃത്വത്തിലായിരുന്നു.

1922ൽ ജപ്പാനിലും, കെയ്റോയിലും ഈജിപ്റ്റിലും (അലക്സാണ്ട്രിയ), 1922ൽ ടർക്കിയിലും,




**1936ൽ ട്രേഡ് യൂണിയൻ ആക്ട് പാസാക്കുന്നതു വരെ ഇന്ത്യയിൽ തൊഴിലാ ളികളെ സംഘടിപ്പിക്കുന്നത് ക്ലേശകരമായിരുന്നു. അതുവരെ തൊഴിലാളി സംഘടനകളെ നിയമവിരുദ്ധ സംഘടനകളായാണ് മുതലാളിമാർ കണ്ടിരു ന്നത്. യൂണിയൻ പ്രവർത്തകരെ ഗൂഢാലോചനക്കുറ്റം ചുമത്തി ശിക്ഷിച്ച് ജയിലിൽ അടക്കുമായിരുന്നു. 1920ലാണ് 107 ട്രേഡ് യൂണിയനുകൾ ചേർന്ന് ആൾ ഇന്ത്യ ട്രേഡ് യൂണിയൻ കോൺഗ്രസിന് രൂപം നൽകിയത്.**

ഇറാനിലും ആദ്യത്തെ മേയ് ദിനാഘോഷം പ്രകടനങ്ങൾ നടന്നു. മേയ് ദിന പ്രാധാന്യം മന സിലാക്കിയ ഹിറ്റ്ലർ 1932ലെ മേയ് ദിനത്തെ ദേശീയ തൊഴിൽ ദിനമായി പ്രഖ്യാപിച്ച് അവധി നൽകി. രണ്ടാം ലോക മഹായുദ്ധത്തോടു കൂടി മേയ് ദിനാചരണത്തിന്റെ പ്രാധാന്യം എല്ലാ രാജ്യത്തെയും പണി എടുക്കുന്ന ജനതയെ സ്വാധീനിച്ചു.

ഇന്ത്യയിലാദ്യം മേയ് ദിനം ആഘോഷിച്ചത് 1923ൽ മദിരാശിയിലാണ്. ദക്ഷിണേന്ത്യയിലെ പ്രഥമ കമ്യൂണിസ്റ്റുകാരനും പ്രശസ്ത സ്വാതന്ത്ര്യ സമരസേനാനിയുമായ ശിങ്കാരിവേലു ചെ ട്ടിയാരുടെ നേതൃത്വത്തിൽ മദിരാശി കടപ്പുറത്ത് ഒരു യോഗം ചേർന്നു. മേയ് ദിനം അവധി ദിനമായി പ്രഖ്യാപിക്കണമെന്ന് ഒരു പ്രമേയത്തിലൂടെ ഗവൺമെന്റിനോട് അഭ്യർഥിച്ചു.

“എട്ട് മണിക്കൂർ ജോലി” എന്ന മുദ്രാവാക്യം ഉന്നയിച്ചുകൊണ്ട് ലോകത്തിന്റെ വിവിധ ഭാഗങ്ങ ളിൽ പ്രക്ഷോഭങ്ങൾ അലയിച്ച സമയത്ത് ഇന്ത്യയിൽ കാര്യമായ ചലനങ്ങൾ ഉണ്ടായില്ല.

1881ൽ ഇന്ത്യയിൽ പാസാക്കിയ ഫാക്ടറി നിയമം ഏഴ് വയസിൽ താഴെ ഉള്ള കുട്ടികളെക്കൊണ്ട് പണി എടുപ്പിക്കുന്നതു മാത്രം നിരോധിച്ചു.

ഫാക്ടറി നിയമത്തിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളിൽ കുട്ടികളുടെ ജോലിസമയം 9 മണി ക്കൂറും സ്ത്രീകളുടെ ജോലിസമയം 11 മണിക്കൂറും ആയിരുന്നു. ഇവരെ രാത്രി ജോലിക്ക് നിർത്തു ന്നതിനെ നിയമം നിരോധിച്ചിരുന്നു.

ഇന്ത്യയിലെ ജോലിസമയം ക്രൂരമായിരുന്നു. തുണിമില്ലുകളിൽ ജോലിക്കാലത്ത് 6.30ന് ആരംഭിക്കും. സൂര്യാസ്തമയത്തോടു കൂടി അവസാനിക്കും. ഉച്ചയ്ക്ക് അര മണിക്കൂർ വിശ്രമം. തുച്ഛമായിരുന്നു കൂലി നിലവാരവും.

1936ൽ ട്രേഡ് യൂണിയൻ ആക്ട് പാസാക്കുന്നതു വരെ ഇന്ത്യയിൽ തൊഴിലാളികളെ സംഘടിപ്പിക്കുന്നത് ക്ലേശകരമായിരുന്നു. അതുവരെ തൊഴിലാളി സംഘടനകളെ നിയമവിരുദ്ധ സംഘടനകളായാണ് മുതലാളിമാർ കണ്ടിരുന്നത്. യൂണിയൻ പ്രവർത്തകരെ ഗൂഢാലോചനക്കുറ്റം ചുമത്തി ശിക്ഷിച്ച് ജയിലിൽ അടക്കുമായിരുന്നു.

1920ലാണ് 107 ട്രേഡ് യൂണിയനുകൾ ചേർന്ന് ആൾ ഇന്ത്യ ട്രേഡ് യൂണിയൻ കോൺഗ്രസിന് രൂപം നൽകിയത്. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെയും ബ്രിട്ടീഷ് ലേബർ പാർടിയുടെയും ചില നേതാക്കൾ എഐടിയുസിയുടെ രൂപീകരണത്തിൽ വലിയ പങ്ക് വഹിച്ചു. ലാലാ ലജ്പത് റായി ആയിരുന്നു സംഘടനയുടെ പ്രഥമ പ്രസിഡന്റ്. തൊഴിലാളികളുടെ സാമ്പത്തിക നിലവാരം മെച്ചപ്പെടുത്തുക എന്നതായിരുന്നു പ്രധാന കടമ. ബാലഗംഗാധര തിലകൻ, ലാലാ ലജ്പത് റായി, ദേവൻ ചമൻലാൽ, സി.ആർ. ദാസ് തുടങ്ങിയവരായിരുന്നു എഐടിയുസിയുടെ പ്രഥമ നേതാക്കൾ.

തോട്ടങ്ങൾ, ഇരുമ്പ് ഉരുക്ക്, പരുത്തി മില്ലുകൾ, റെയിൽവേ തുടങ്ങി പല പ്രമുഖ രംഗങ്ങളിലും സംഘടനാ ബോധം വളർന്നുവന്നു. കൂലി കൂടുതൽ പ്രവൃത്തി സമയം കുറയ്ക്കൽ, അപകടങ്ങൾക്ക് നഷ്ടപരിഹാരം എന്നീ ആവശ്യങ്ങൾ മുൻനിർത്തി പണിമുടക്കുകൾ ഉണ്ടായി. ബോംബെ, ജംഷഡ്പൂർ, അഹമ്മദാബാദ്, ജബൽപൂർ, അസം തേയിലത്തോട്ടങ്ങൾ എന്നിവിടങ്ങളിൽ ഉണ്ടായ സമരങ്ങളും കർഷകകർഷക തൊഴിലാളി പ്രക്ഷോഭങ്ങളും, നിസ്സഹകരണ പ്രസ്ഥാനവും, ഖിലാഫത്ത് പ്രസ്ഥാനവുമായി ബന്ധപ്പെട്ടും നടത്തിയ പ്രക്ഷോഭ സമരങ്ങൾ രാഷ്ട്രീയ ബോധവും ആവേശവും ഉൾക്കൊണ്ടവയായിരുന്നു.




1921ൽ മാത്രം ഇന്ത്യയിൽ 396 പണിമുടക്കങ്ങൾ നടന്നു. 6 ലക്ഷം തൊഴിലാളികൾ ഇതിൽ പങ്കെടുത്തു. 1921 മുതൽ 1927 വരെയുള്ള ഏഴുവർഷക്കാലം ഇന്ത്യയിലാകെ, 22,39,180 തൊഴിലാളികൾ പങ്കെടുത്ത 1411 പണിമുടക്കങ്ങൾ നടന്നു. കേരളത്തിൽ ആദ്യം നടന്ന പണിമുടക്കം 1928ലെ റെയിൽവേ പണിമുടക്കമാണ്.

ന്യായമായ കൂലിക്കു വേണ്ടിയും അന്യായമായ പിരിച്ചുവിടലിനും, നീണ്ട ജോലിസമയത്തിന് എതിരെയും സാമൂഹ്യ അനാചാരങ്ങൾക്കും എതിരെ ശബ്ദമുയർത്തിയതിന് പലപ്പോഴും തൊഴിലാളി സംഘടനാ പ്രവർത്തകർക്ക് ജീവൻ നഷ്ടമാകേണ്ടി വന്നിട്ടുണ്ട്.

1946ൽ ദിവാൻ സർ സി.പി. രാമസ്വാമി അയ്യരുടെ അമേരിക്കൻ മോഡൽ ഭരണത്തിനെതിരെ സമര രംഗത്തിറങ്ങിയ തൊഴിലാളികളെ വയലാറിലും പുന്നപ്രയിലും വച്ച് യന്ത്രത്തോക്കുകളേന്തിയ പട്ടാളക്കാർ വെടിവച്ചു വീഴ്ത്തി. പ്രസ്തുത പോരാട്ടത്തിൽ 600 പേർക്ക് വരെ ജീവൻ നഷ്ടപ്പെട്ടു.

1957ൽ ഐക്യകേരള പ്രസ്ഥാനത്തിലെ പ്രഥമ തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷം നേടിയത് കമ്യൂണിസ്റ്റ് പാർടിയാണ്. തുടർന്ന് സ. ഇ.എം.എസ് മുഖ്യമന്ത്രിയായി കമ്യൂണിസ്റ്റ് പാർടി ഭരണകക്ഷിയായി അധികാരത്തിൽ വന്ന ഗവൺമെന്റ് ഇന്ത്യക്കാകെ മാതൃകയായ പല ഭരണ നടപടികളും കൈക്കൊണ്ടു.

തൊഴിലാളികൾക്ക് പരമാവധി സംഘടനാ സ്വാതന്ത്ര്യം അനുവദിച്ചു. തൊഴിൽ സമരങ്ങളിൽ പോലീസ് ഇടപെടൽ അവസാനിപ്പിച്ചു. വിദ്യാഭ്യാസ കച്ചവടത്തിന് മൂക്കുകയറിട്ട് വിദ്യാഭ്യാസ നയം, കാർഷികബന്ധ നിയമം എന്നിവയും നടപ്പിലാക്കി. പിൽക്കാലത്ത് ഇടതുപക്ഷ ഗവൺമെന്റുകൾക്ക് മാർഗദർശകമായി. ഇഎംഎസ് ഗവൺമെന്റ് 1957ൽ മേയ് ദിനം ശമ്പളത്തോടുകൂടി അവധിദിനമായി പ്രഖ്യാപിച്ചു. ഇന്ത്യയിൽ മേയ് ദിനം ദേശീയ അവധി ദിനമായി പ്രഖ്യാപിച്ച് 1990ലാണ്.



# ഭരണതുടർച്ചയും തൊഴിലാളി വർഗവും



കെ.എൻ.ഗോപിനാഥ്

തൊഴിലാളി വർഗം കക്ഷിരാഷ്ട്രീയത്തിന് അതീതമായി കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ തുടർഭരണം ആഗ്രഹിച്ചിരുന്നു. 45.33 ശതമാനം വോട്ടിന്റെ പിൻബലത്തിൽ 99 സീറ്റ് നേടിക്കൊണ്ട് പിണറായി സർക്കാർ വീണ്ടും അധികാരത്തിൽ വന്നിരിക്കുന്നത് അതാണ് കാണിക്കുന്നത്. രാഷ്ട്രീയ എതിരാളികളുടെയും അവരുടെ കുഴലൂത്തുകാരുടെയും കഠിനശ്രമങ്ങളെ അതിജീവിക്കുവാൻ ഇടതുപക്ഷത്തിന് സാധിച്ചത് അതിന്റെ തൊഴിലാളി വർഗ മനസ്സിന്റെ പിൻബലമാണ്. 1957 മുതൽ സംസ്ഥാനത്ത് അധികാരത്തിൽ ഉണ്ടായിരുന്ന മാറി മാറി വന്ന സർക്കാരുകളുടെ റിക്കോർഡ് ഭേദിച്ചാണ് ഇതാദ്യമായി കേരളത്തിലൊരു സർക്കാരിന് ഭരണത്തുടർച്ച ജനങ്ങൾ അറിഞ്ഞ് നൽകിയിരിക്കുന്നത്.

പിണറായി സർക്കാരിന്റെ ആദ്യ ഭരണകാലയളവിലെ വികസന പ്രവർത്തനങ്ങളും, ക്ഷേമനടപടികളും മാത്രമല്ല തൊഴിൽരംഗവും പൊതുമേഖല വ്യവസായ രംഗവുമെല്ലാം ഇന്ത്യയിലെവിടെയും എതിരാളികൾ പോലും മാതൃകയായി ചർച്ചയിൽ ഉയർത്തിപ്പിടിക്കാറുണ്ട്. തൊഴിലുറപ്പ് പദ്ധതിയുടെ നടപ്പിലാക്കൽ ഒരു കേരള മാതൃക പാർലമെന്റിൽ തന്നെ പലവട്ടം പ്രശംസ പിടിച്ചുപറ്റി. കോവിഡ് വാക്സിന്റെ ഉപയോഗം കേരള മാതൃക

**രാഷ്ട്രീയ എതിരാളികളുടെയും അവരുടെ കുഴലൂത്തുകാരുടെയും കഠിനശ്രമങ്ങളെ അതിജീവിക്കുവാൻ ഇടതുപക്ഷത്തിന് സാധിച്ചത് അതിന്റെ തൊഴിലാളി വർഗ മനസ്സിന്റെ പിൻബലമാണ്. 1957 മുതൽ സംസ്ഥാനത്ത് അധികാരത്തിൽ ഉണ്ടായിരുന്ന മാറി മാറി വന്ന സർക്കാരുകളുടെ റിക്കോർഡ് ഭേദിച്ചാണ് ഇതാദ്യമായി കേരളത്തിലൊരു സർക്കാരിന് ഭരണത്തുടർച്ച ജനങ്ങൾ അറിഞ്ഞ് നൽകിയിരിക്കുന്നത്.**

പ്രശംസനീയം എന്ന് ഈയിടെ വിശേഷിപ്പിച്ചത് പ്രധാനമന്ത്രി നരേന്ദ്രമോദി തന്നെയാണ്. കേരളത്തിലെ ലൈഫ്മിഷനിലൂടെ രണ്ടരലക്ഷം ഭവനരഹിതർക്ക് പാർപ്പിടം ഒരുക്കിയതും, സർക്കാർ സ്കൂളുകളെ സ്മാർട്ട് സ്കൂളുകളാക്കിയതും, കോവിഡ് കാലത്ത് എല്ലാ വിദ്യാർത്ഥികൾക്കും ഇലക്ട്രോണിക് ഉപകരണങ്ങൾ ഉറപ്പാക്കി. ' ഓൺലൈൻ വിദ്യാഭ്യാസ മാതൃകയും സമ്പൂർണ്ണ വിദ്യാഭ്യാസ യജ്ഞവും ' രാജ്യമാകെ ചർച്ച ചെയ്തു. ആർദ്രം പദ്ധതിയിലൂടെ കേരളം വികസിപ്പിച്ച ' ആരോഗ്യ അടിത്തറ ' ലോകം മുഴുവനും പ്രശംസിച്ചതും നാം കണ്ടതാണ്. പശ്ചാത്തല വികസനത്തിന്റെ കാര്യത്തിൽ പിണറായി സർക്കാരിന്റെ ഇടപെടൽ കേരളത്തിന്റെ വികസന കുതിപ്പിന് കരുത്ത് പകർന്നത് അനിതര സാധാരണമായിരുന്നു. ദേശീയ വികസന ഇൻഡക്സിൽ കേരളം ഒന്നാമതായി.

പ്രകൃതിയുടെ വെല്ലുവിളികളെ അതിജീവിക്കാനും പിണറായി സർക്കാരിന്റെ കൈയ്യൊതുക്കവും കരുതലും തൊഴിലാളി വർഗവും ജനങ്ങളും അനുഭവിച്ചറിഞ്ഞു. 2018 ലെ പ്രളയകാലത്തും, 2019 ലെ പ്രളയം വരുത്തിവെച്ച നാശനഷ്ടങ്ങളെ അതിജീവിച്ച ഘട്ടത്തിലും, നിപ, കൊറോണ വൈറസ് പടർന്ന് പിടിച്ചപ്പോഴും കേരളത്തിലെ തൊഴിലാളി വർഗ പ്രസ്ഥാനം പിണറായി സർക്കാരിന്റെ താങ്ങും തണലുമായി പ്രവർത്തിച്ചത് നാം കണ്ടതാണ്.

രണ്ടാം നരേന്ദ്രമോദി സർക്കാർ നടപ്പിലാക്കാൻ കൊണ്ടുവന്ന ദേശീയ പൗരത്വ ഭേദഗതി നിയമത്തിനെതിരായി ഇന്ത്യൻ തൊഴിലാളി വർഗവും, ജനസാമാന്യവും ഉയർത്തിക്കൊണ്ടു വന്ന പ്രക്ഷോഭം രാജ്യതലസ്ഥാനത്തെ പോലും പ്രക്ഷുബ്ധമാക്കിയിരുന്നു.

കേരളത്തിൽ പിണറായി നേതൃത്വം നൽകിയ തൊഴിലാളി വർഗ സർക്കാരായിരുന്നു, പൗരത്വ നിയമഭേദഗതി ആർഎസ്എസിന്റെ വർഗീയ അജണ്ടയാണെന്നും ഇന്ത്യൻ ഭരണഘടനയെ പിച്ചിച്ചീന്തുന്ന നടപടി അംഗീകരിക്കാൻ കഴിയില്ലെന്നും, ഈ നിയമ ഭേദഗതി കേരളത്തിൽ നടപ്പാക്കില്ല എന്നും സധൈര്യം പ്രഖ്യാപിച്ചത്. ബിജെപി എംഎൽഎ ഒ.രാജഗോപാലിന്റെ അടക്കം പിന്തുണയോടെ ഏകകണ്ഠമായാണ് കേരള നിയമസഭ എതിർ പ്രമേയം പാസാക്കിയത്.

ഇങ്ങിനെ തിരിഞ്ഞ് നോക്കുമ്പോൾ തൊഴിലാളി വർഗത്തിന് കമ്മ്യൂണിസ്റ്റുകൾ നേതൃത്വം നൽകുന്ന സർക്കാരുകൾ നൽകിയ കരുത്തും ആശ്വാസവും വിവരണാതീതമാണ്. കേരളത്തിലെ ജനങ്ങൾ മനസറിഞ്ഞ് നൽകിയ എൽഡിഎഫ് ഭരണ തുടർച്ച അതുകൊണ്ടുതന്നെ തൊഴിലാളി വർഗത്തെ സംബന്ധിച്ച് ഏറെ പ്രാധാന്യം അർഹിക്കുന്നതാണ്. വർത്തമാന കാല ലോക രാഷ്ട്രീയത്തിലും തൊഴിലാളി വർഗത്തിന് വലിയ ആത്മവിശ്വാസം പകരുന്ന വിജയമാണ് എൽഡിഎഫിന്റേത്.

തൊഴിലാളി വർഗത്തിനെതിരായ വലതുപക്ഷ രാഷ്ട്രീയം ഒരിക്കലും കൈയ്യൊഴിയാത്ത കോൺഗ്രസ് പാർടിക്ക് കേരളത്തിൽ സംഭവിച്ച വീഴ്ച ഉയിർത്തെഴുന്നേൽക്കാൻ കഴിയാത്ത വിധം പരിക്കുകൾ നിറഞ്ഞതുമാണ്. വ്യത്യസ്ത ട്രേഡ് യൂണിയനുകളിൽ (ബിഎംഎസ്, ഐഎൻടിയുസി ഉൾപ്പെടെ) അംഗങ്ങളായവരും അവരുടെ കുടുംബാംഗങ്ങളും പ്രതിപക്ഷം ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിനെതിരായി ഉയർത്തിക്കൊണ്ടു വന്ന എതിർ പ്രചരണങ്ങളെ അർഹിക്കുന്ന അവജ്ഞയോടെ തള്ളുകയാണുണ്ടായത്.

കേന്ദ്ര ബിജെപി സർക്കാർ തിരുവനന്തപുരം വിമാനത്താവളം അദാനി ഗ്രൂപ്പിന് നൽകിയതും, ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് അടച്ചുപൂട്ടുന്നതിനെതിരെ പ്രക്ഷോഭം നയിച്ച തൊഴിലാളികൾക്ക് എന്നെന്നും ആശ്രയം നൽകാൻ തീരുമാനിച്ച് ന്യൂസ്പ്രിന്റ് ഫാക്ടറി പിണറായി സർക്കാർ ഏറ്റെടുത്തതും, പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ഫാക്ടറിയെയും, ബെമലിനെയും, തിരുവനന്തപുരം ലാറ്റക്സിനെയും പൊതുമേഖലയിൽ നിലനിർത്താനുള്ള പോരാട്ടത്തിൽ തൊഴിലാളികളോടൊപ്പം എൽഡിഎഫ് സർക്കാർ ഉറച്ചു നിന്നതും തൊഴിലാളികൾക്കും കുടുംബങ്ങൾക്കും തങ്ങൾ ബിജെപിയാണന്നതുകൊണ്ടോ, കോൺഗ്രസ് ആണെന്നതുകൊണ്ടോ എങ്ങിനെ വിസ്മരിക്കാൻ കഴിയും. അധിക കാലം ഒരു നേതൃത്വത്തിനും പ്രഹേളിക സൃഷ്ടിച്ച് അതേവരെ തൊഴിലാളികളെയും സമൂഹത്തെയും പഠിപ്പിച്ച കാര്യങ്ങൾ ശരിയല്ല എന്ന് വിശദീകരിക്കാൻ കഴിയുമോ. ആർക്കും ഒന്നും മറച്ചുവെക്കാൻ കഴിയില്ല ഈ ആധുനിക കാലഘട്ടത്തിൽ. നടന്ന കാര്യങ്ങളു



**എൽഡിഎഫ് സർക്കാരിന് ഭരണത്തുടർച്ച സമ്മാനിച്ച തൊഴിലാളി വർഗം രാജ്യത്താകെ സാമ്പത്തിക സമത്വത്തിന് വേണ്ടിയുള്ള പോരാട്ടം തുടരും. വലതുപക്ഷ നയങ്ങളെ ബദൽ നയങ്ങൾ കൊണ്ട് തിരുത്തിക്കാൻ ശ്രമിക്കുന്ന ഇടതുപക്ഷ സർക്കാരിന് തൊഴിലാളി വർഗം ഇനിയും കൂടുതൽ കരുത്ത് പകരും. വലതുപക്ഷ നയങ്ങൾക്കെതിരെ തൊഴിലാളി വർഗം വളർത്തിക്കൊണ്ടുവന്ന പോരാട്ടങ്ങളുടെ സൃഷ്ടിയാണ് ഇടതുപക്ഷവും, ജനാധിപത്യ മുന്നണി സർക്കാരും. തൊഴിലാളി വർഗവും എൽഡിഎഫ് സർക്കാരും ഒത്തൊരുമിച്ച് കേരളത്തെ മുന്നോട്ടു നയിക്കും.**

ടെയും പറഞ്ഞ കാര്യങ്ങളുടെയും ചരിത്രം ഓൺലൈനിൽ ഏവരുടെയും വിരൽത്തുമ്പിൽ വരുമെന്ന കാര്യം ഓർമ്മിക്കുക.

സാമ്പത്തിക അധികാരം മുഴുവനും കേന്ദ്രത്തിൽ നിക്ഷിപ്തമായിരിക്കെ പരിമിതമായ അധികാരം മാത്രമാണ് ഒരു സംസ്ഥാന സർക്കാരിനുള്ളൂ. ഈ പരിമിതികളെ മറികടക്കുവാൻ കിഫ്ബിയെയും മറ്റ് നികുതിയേതര മാർഗങ്ങളേയും അവലംബിക്കുകയായിരുന്നു എൽഡിഎഫ് സർക്കാർ.

കാലോചിതമായി തൊഴിലാളികളുടെ തൊഴിൽ സ്ഥിരതയും വരുമാന വർദ്ധനവും ഒരു പ്രശ്നമാണ്. യുഡിഎഫും, ബിജെപിയും ഇക്കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പ് ഘട്ടത്തിൽ ഒരു കൂട്ടം പിഎസ്‌സി റാങ്ക് ലിസ്റ്റുകാരെ ഇളക്കിവിട്ടതും കോടതി ഇടപെട്ടതും വഴി വെള്ളത്തിലായത് പത്തും ഇരുപതും വർഷം ചേടിവേല ചെയ്യുന്നതുപോലെ കുറഞ്ഞ കൂലിയ്ക്ക് പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന താത്ക്കാലികക്കാരുടെ ജീവിതമാണ്. കോൺഗ്രസ്സ് എന്നോ ബിജെപി എന്നോ വ്യത്യാസമില്ലാതെ ആയിരക്കണക്കിന് തൊഴിലാളി കുടുംബങ്ങളുടെ പ്രതീക്ഷയാണ് പ്രതിപക്ഷം തല്ലിക്കെടുത്തിയത്.

ഇതിന് പരിഹാരം കാണണം. ജോലി സ്ഥിരത ഉറപ്പു വരുത്താനാവണം. ബിജെപി സർക്കാർ കൊണ്ടു വന്ന ലേബർ കോഡുകൾ കേരളത്തിൽ അതേപടി നടപ്പിലാക്കാൻ കഴിയില്ല എന്ന് മുൻ തൊഴിൽ വകുപ്പ് മന്ത്രി ടി.പി.രാമകൃഷ്ണൻ പ്രഖ്യാപിച്ചതിലാണ് തൊഴിലാളികൾക്ക് പ്രതീക്ഷയുള്ളത്. തൊഴിൽ നിയമം മാറ്റാൻ സംസ്ഥാന സർക്കാരിന് കഴിയില്ലെങ്കിലും ചട്ടങ്ങൾ നടപ്പിലാക്കുമ്പോൾ തൊഴിലാളികൾക്ക് പരമാവധി പരിരക്ഷ നൽകുവാൻ എൽഡിഎഫ് സർക്കാരിന് സാധിക്കും. മുടങ്ങിക്കിടക്കുന്ന ശമ്പള വർദ്ധനവ് കാലോചിതമായി നടപ്പിലാക്കുവാൻ കഴിയേണ്ടതുണ്ട്. മുത്തൂറ്റ് ഫിനാൻസ് പോലെ നിയമപരമായി രൂപീകരിച്ചിട്ടുള്ള യൂണിയനുകളെ അംഗീകരിക്കാത്ത സ്വകാര്യ മാനേജ്മെന്റുകളെ നിലയ്ക്ക് നിർത്താനും പിരിച്ചുവിട്ട തൊഴിലാളികളെ തിരിച്ചെടുപ്പിക്കാനുള്ള പോരാട്ടത്തിന് പരിഹാരം കാണാൻ എൽഡിഎഫ് സർക്കാരിന് സാധിക്കേണ്ടതുണ്ട്. കൈത്തറി, കയർ, കശുവണ്ടി, മത്സ്യമേഖലയിലെ തൊഴിലാളികൾക്ക് ആശ്വാസം പകരാൻ പിണറായി സർക്കാർ ആവത് ശ്രമിച്ചിട്ടുണ്ടെങ്കിലും പരമ്പരാഗത വ്യവസായങ്ങളുടെ പുനഃസംഘടനയും, നവീകരണവും വർദ്ധിച്ച തോതിൽ നമുക്ക് ഏറ്റെടുക്കേണ്ടി വരും. കയറ്റിറക്ക്, നിർമ്മാണം, ആർടിസാൻസ് തുടങ്ങിയ അസംഘടിത തൊഴിലാളികളും അംഗൻവാടി, ആശ, എൻഎച്ച്എം തുടങ്ങിയ സ്കീം വർക്കർമാരും മുന്നോട്ടു വെച്ചിട്ടുള്ള പ്രശ്നങ്ങൾക്ക് സത്വര പരിഹാരം തൊഴിലാളികൾ ആഗ്രഹിക്കുന്നുണ്ട്.

എൽഡിഎഫ് സർക്കാരിന് ഭരണത്തുടർച്ച സമ്മാനിച്ച തൊഴിലാളി വർഗം രാജ്യത്താകെ സാമ്പത്തിക സമത്വത്തിന് വേണ്ടിയുള്ള പോരാട്ടം തുടരുക തന്നെ ചെയ്യും. വലതുപക്ഷ നയങ്ങളെ ബദൽ നയങ്ങൾ കൊണ്ട് തിരുത്തിക്കാൻ ശ്രമിക്കുന്ന ഇടതുപക്ഷ സർക്കാരിന് തൊഴിലാളി വർഗം ഇനിയും കൂടുതൽ കരുത്ത് പകരും. വലതുപക്ഷ നയങ്ങൾക്കെതിരെ തൊഴിലാളി വർഗം വളർത്തിക്കൊണ്ടുവന്ന പോരാട്ടങ്ങളുടെ സൃഷ്ടിയാണ് ഇടതുപക്ഷവും, ജനാധിപത്യ മുന്നണി സർക്കാരും. അതുകൊണ്ടുതന്നെ തൊഴിലാളി വർഗവും എൽഡിഎഫ് സർക്കാരും ഒത്തൊരുമിച്ച് കേരളത്തെ ഇനിയും കൂടുതൽ മേഖലകളിൽ ലോക നിലവാരത്തിലേക്കെത്തിക്കും. അതുവഴി കേരളത്തിലെ ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യം ഒരുക്കും. ഈ മാറ്റം ദേശീയ രാഷ്ട്രീയത്തിൽ ഇടതുപക്ഷത്തിന്റെ പ്രസക്തി വർദ്ധിപ്പിക്കുകയും ഇടതുപക്ഷത്തിനനുകൂലമായ വലിയ രാഷ്ട്രീയ ധ്രുവീകരണത്തിന് വഴിവെക്കുകയും ചെയ്യും.

# ആർഎസ്എസിന്റെ കുമ്പസാരത്തിന് പിന്നിൽ



അഡ്വ. അനിൽകുമാർ

**കോവിഡിന്റെ ആദ്യവ്യാപനത്തിനുശേഷം സർക്കാരും ഭരണസംവിധാനങ്ങളും ജനങ്ങളും അലംഭാവം കാട്ടിയെന്നും രണ്ടാം വ്യാപന മുന്നറിയിപ്പ് ഉണ്ടായിട്ടും ജാഗ്രത കൈവിട്ടു എന്നും ആർഎസ്എസ് തലവൻ മോഹൻ ഭാഗവത് വിമർശിച്ചത് തികഞ്ഞ കാപട്യവും ഒളിച്ചോടലുമാണ്. കേന്ദ്രസർക്കാരും ആർഎസ്എസും തമ്മിലുള്ള ജൈവബന്ധം തിരിച്ചറിയുന്ന ഏതൊരാൾക്കും ഈ പ്രസ്താവനയുടെ ഗൂഢലക്ഷ്യം മനസ്സിലാക്കാനാകും. ഇന്ത്യൻജനതയെ വഞ്ചിച്ച കേന്ദ്ര സർക്കാരിനെ വെള്ളപൂശുകയും അലംഭാവത്തിന്റെ പേരുപറഞ്ഞ് ജനങ്ങളെ ആകെ കുറ്റക്കാരായി ചിത്രീകരിക്കുകയുമാണ് സർസംഘ ചാലക് ചെയ്യുന്നത്. അതുവഴി രാജ്യത്തിന്റെ രക്ഷാകർത്തൃസ്ഥാനത്തു നിന്നുകൊണ്ട് അവസാനവാക്ക് പറയേണ്ടത് തങ്ങളാണെന്ന നാട്യവും ഈ പ്രസ്താവനയ്ക്ക് പിന്നിലുണ്ട്.**






തിരായ ഒരു ജനവിധിയിൽ കേന്ദ്ര ഭരണകക്ഷി തലകുനിച്ച് അധികാരമൊഴിയുന്ന കാഴ്ച അടിയന്തരാവസ്ഥയ്ക്കുശേഷംപോലും ഇന്ത്യ കണ്ടു. എന്നാൽ, ആർഎസ്എസിനെ സംബന്ധിച്ചാണെങ്കിൽ ചരിത്രം തിരുത്തുന്നതാണവർക്കിഷ്ടം. ജനാധിപത്യത്തിലെ ജനവിധി അന്തിമമാണെന്ന് അവർ ആർക്കും വാക്കുകൊടുത്തിട്ടില്ല. അംഗീകൃതമായ ഒരു ഭരണഘടനപോലും ഇല്ലാത്ത അവർ ഒരധികാരസ്ഥാനത്തും രജിസ്റ്റർ ചെയ്യുകപോലും ചെയ്തിട്ടില്ല. തികച്ചും അമൂർത്തമായ ഒരു കേന്ദ്രീകൃത സംഘടനയായി അതു തുടരുന്നു. രാജ്യത്ത് ആരോടും ഒരു കാര്യത്തിനുപോലും മറുപടി പറയാനവർക്ക് ബാധ്യതയുമില്ല. സവിശേഷാധികാരം സ്വയം കൽപ്പിതമായി ഏറ്റെടുക്കുന്നവരും ഭരണഘടനയ്ക്ക് പുറത്തുനിൽക്കുന്നതുമായ ഒരു സംവിധാനം. നാം കാണാതെതന്നെ നമ്മെയെല്ലാം കാണാനാകുന്ന കണ്ണാണ് അതിനുള്ളത്. ഉഗ്ര സർപ്പത്തെപ്പോലെ ഫണം വിടർത്തുമ്പോൾ മാത്രമേ നാം വഴികളിലെ പുല്ലുകൾക്കിടയിൽനിന്ന് അതിനെ കാണാൻ കഴിയൂ.

## ആർഎസ്എസിന്റെ ഒഴിഞ്ഞുമാറൽ തന്ത്രം

കോവിഡ് കൈകാര്യം ചെയ്യുന്നതിൽ പരാജയപ്പെട്ട കേന്ദ്രസർക്കാരിൽനിന്ന് ഒഴിഞ്ഞുമാറി തങ്ങൾ ഭരണത്തിനു പുറത്താണെന്ന് ആർഎസ്എസ് നടിക്കുന്നതെന്തിന്. രണ്ടാം മോഡിസർക്കാർ ആർഎസ്എസ് മുന്നോട്ടുവച്ച ദീർഘകാല അജൻഡകൾ ഒന്നൊന്നായി നടപ്പാക്കിക്കൊണ്ടിരിക്കുമ്പോഴാണ് കോവിഡ് മഹാമാരി രാജ്യത്തെ ഗ്രസിച്ചത്. അയോധ്യയിലെ ക്ഷേത്രനിർമാണത്തിന്റെ ഭൂമിപൂജ ഈ പ്രസ്താവനയിറക്കിയ ആർഎസ്എസ് തലവനെത്തന്നെ സാക്ഷിയാക്കിയ ഒരു രാഷ്ട്രീയകൃത്യമാക്കി മാറ്റിയത് മറ്റാരുടെ തീരുമാനമായിരുന്നു. കോവിഡ് ദുരിതകാലത്തും മുടക്കമില്ലാതെ രാമക്ഷേത്രനിർമാണത്തിനുള്ള ഫണ്ട് പിരിവ് തുടർന്നു. അത് ഒരുനിഴൽ സെൻസസ് കൂടിയാണ്. പിരിവ് നൽകുന്നവരും അല്ലാത്തവരുമായി കുടുംബങ്ങളെ വേർതിരിച്ച് ഗ്രാമനഗരങ്ങളിൽ കണക്കെടുപ്പ് നടത്തുന്നു. ഫണ്ട് നൽകാത്തവർ പൊതുമണ്ഡലത്തിൽ പരിത്യജിക്കപ്പെടേണ്ടവരും ദേശസ്നേഹം ഇല്ലാത്തവരുമാണ്. കോവിഡ് വ്യാപനകാലത്തും ദുരിതാശ്വാസത്തിനിറങ്ങാതെ അയോധ്യാ ഫണ്ടുശേഖരണത്തിലാണ് പരിവാർ സംഘടനകൾ ശ്രദ്ധ

യഥാർഥത്തിൽ ഇന്ത്യയിൽ അവകാശങ്ങൾ മാത്രമുള്ളവരും ആരോടും മറുപടി പറയാനുള്ള ചുമതലയും ഉത്തരവാദിത്തവും ഇല്ലാത്തവരുമായ സവിശേഷമായ രാഷ്ട്രീയപദവിയാണ് ആർഎസ്എസ് സ്ഥാപിച്ചെടുത്തിരിക്കുന്നത്. രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി, കേന്ദ്ര മന്ത്രിമാർ, ഗവർണർമാർ, മുഖ്യമന്ത്രിമാർ തുടങ്ങി നിത്യസ്വയം സേവകരായവരുടെ എണ്ണം ചെറുതല്ല. ശാസ്ത്രജ്ഞന്മാർ, ഐഎഎസുകാർ, ഐപിഎസുകാർ, മാത്രമല്ല, ചില ന്യായാധിപന്മാർവരെ തങ്ങൾ മുമ്പ് ഗണവേഷധാരികൾ തന്നെയായിരുന്നുവെന്ന വസ്തുത പിന്നീട് വെളിപ്പെടുത്തുകയുണ്ടായി. അത് സൈന്യത്തിലേക്കുകൂടി പടർത്താനുള്ള ഗൂഢപദ്ധതി ഇപ്പോൾ പ്രവർത്തിപഥത്തിലാണ്. പുതുതായി നൂറ് സൈനിക സ്കൂൾ ആരംഭിക്കുന്നു. അവിടെ പ്രവേശനം നേടുന്ന പ്രക്രിയ പൊതുസമൂഹത്തിൽ എത്രത്തോളം സുതാര്യമാണെന്നതും കൂട്ടി വായിക്കണം. അതിലേക്കുള്ള റിക്രൂട്ട്മെന്റ് കേന്ദ്രങ്ങളാക്കി തങ്ങളുടെ ശാഖകളെ മാറ്റുകയെന്നതാണ് കാവിപ്പട ലക്ഷ്യമിട്ടിട്ടുള്ളത്.

ഫലത്തിൽ രാഷ്ട്ര ശരീരത്തിന്റെ എല്ലാ മേഖലയിലും ആർഎസ്എസ് നിഴൽപോലെ പിടിമുറുക്കുന്നു. ഒരു തെരഞ്ഞെടുപ്പിൽ തിരിച്ചടിയുണ്ടായാൽ അധികാരം വിട്ടുപോകുന്ന ജനാധിപത്യത്തിലെ മാന്യത ആർഎസ്എസിൽനിന്ന് പ്രതീക്ഷിക്കരുത്. എത്രയോ സംസ്ഥാനങ്ങളിൽ തെരഞ്ഞെടുപ്പിൽ തോറ്റിട്ടും ജനാധിപത്യവിരുദ്ധമായ പരിപാടികളിലൂടെ ബിജെപി അട്ടിമറിയിലൂടെ അധികാരം പിടിച്ചു. അത് കേന്ദ്രസർക്കാരിനും ബാധകമല്ലാതെ വരുമോ. ഏകാധിപത്യ വാഴ്ചയ്ക്കെ

കേന്ദ്രീകരിച്ചത്. കോവിഡിനെതിരായി ഇന്ത്യൻ ജനത ജീവന്മരണ സമരം നടത്തിക്കൊണ്ടിരിക്കെ സ്വാതന്ത്ര്യസമരകാലത്തെ നിസ്സംഗതയാണ് ആർഎസ്എസ് പുലർത്തിയത്. ഇതിനിടയിൽ കശ്മീരിന്റെ പ്രത്യേക ഭരണഘടനാ പദവിയില്ലാതാക്കുകയെന്ന ദൗത്യം ഉൾപ്പെടെ കാവിപ്പടയുടെ കാര്യപരിപാടികൾ വിട്ടുവീഴ്ചയില്ലാതെ നടപ്പാക്കി. തൊട്ടുപിന്നാലെ പൗരത്വ ഭേദഗതി നിയമം കൊണ്ടുവന്നു. പൗരത്വ രജിസ്റ്റർ തയ്യാറാക്കൽ രാജ്യത്തിന്റെ പ്രധാന പരിപാടിയുമാക്കി.

കോവിഡ് രോഗാവസ്ഥ കഴിഞ്ഞാലുടൻ പൗരത്വ ഭേദഗതി നിയമത്തെ അടിസ്ഥാനമാക്കിയ രജിസ്റ്റർ തയ്യാറാക്കുന്ന സെൻസസ് ആരംഭിക്കുമെന്ന് ആഭ്യന്തരമന്ത്രി അമിത് ഷാ പ്രഖ്യാപിച്ചു. ഇന്ത്യൻ പൗരന്മാരായ മനുഷ്യർ അതിഥിത്തൊഴിലാളികളായി മറ്റു സംസ്ഥാനങ്ങളിൽ കുടുങ്ങിക്കിടന്നപ്പോൾ റെയിൽവേയുടെ സേവനംപോലും അവർക്ക് വിലക്കിയത് ആർഎസ്എസ് അറിഞ്ഞഭാവം നടിച്ചില്ല. ഇതിനിടയിൽ രാജ്യത്തെ ബിജെപിയുടെ വിവിധ സംസ്ഥാന സർക്കാരുകൾ ലൗജിഹാദിനെ നേരിടാനുള്ള നിയമം പാസാക്കാനുഴറുകയായിരുന്നു. അപ്പോഴൊന്നും സർക്കാർ ശ്രദ്ധിക്കേണ്ടത് ജനതയെ രക്ഷിച്ചെടുക്കാനാണെന്ന് പറയാൻ ഭാഗവത് മറന്നുപോയതാണോ.

## കേന്ദ്രത്തിന്റെ പരാജയം

സർക്കാരിനെ നയിച്ചവരുടെ വികലബോധത്തിന്റെയും ശാസ്ത്രവിരുദ്ധതയുടെയും തെളിവുകൾ ഏറെ. കോവിഡിനെതിരായ യുദ്ധത്തിന് പാത്രം കൊട്ടി ശബ്ദം ഉണ്ടാക്കിയാലുണ്ടാകുന്ന പ്രയോജനത്തെപ്പറ്റി എത്രയോ പ്രചാരണങ്ങളാണ് സംഘപരിവാർ നടത്തിയത്. അബദ്ധ പഞ്ചാംഗത്തിലെ അശാസ്ത്രീയതകൾ തുടർന്നു നടത്തിയ വെളിച്ചം തെളിക്കലിലും പടക്കം പൊട്ടിക്കലിലും ഒതുങ്ങിയില്ല. ചാണകക്കുളിയും ഗോമൂത്രസേവയും മാത്രമല്ല അരങ്ങുവാണത്.

ബാബാ രാംദേവിന്റെ തട്ടിപ്പ് ഉൽപ്പന്നമായ പതഞ്ജലിയുടെ കോവിഡിനെതിരായ പുതിയ മരുന്ന് വൻ കണ്ടുപിടിത്തമായി വാഴ്ത്തി. അത് ഒരു കോവിഡ്മരുന്നായി കമ്പോളത്തിൽ ഇറക്കി ഉദ്ഘാടനം ചെയ്തത് ഇന്ത്യയുടെ ആരോഗ്യമന്ത്രി ഹർഷ്യവർധൻ ആയിരുന്നു. ഓക്സിജൻ സൃഷ്ടിക്കുന്ന ഏകജീവിയാണ് പശുവെന്ന് സംഘപരിവാർ ആധികാരികമായി പറഞ്ഞപ്പോൾ രാജ്യംതന്നെ പകച്ചുപോയി. ശാസ്ത്രവിരുദ്ധമായ ഈ ആശയപരിസരമാണ് കേന്ദ്ര സർക്കാരിന് പ്രത്യയശാസ്ത്രപരമായ തെറ്റായ ദിശ നൽകിയത്. അതിന് ബിജെപിക്കും കേന്ദ്രസർക്കാരിനും അടിത്തറയായത് ആർഎസ്എസും അതിന്റെ തെറ്റായ പ്രത്യയശാസ്ത്രവുമാണ്. എന്നിട്ട് ഇപ്പോൾ പുതിയ പുണ്യാളനായി മോഹൻ ഭാഗവത് സ്വയംഅവതരിക്കുന്നു. രണ്ടാം തരംഗത്തിൽ രാജ്യം തകരുകയും പ്രതിരോധം പാളുകയും ഗംഗയും മറ്റു നദികളും ശവശരീരങ്ങളാൽ നിറയുകയും ചെയ്യുമ്പോൾ കേന്ദ്ര സർക്കാരിനെയല്ലാതെ മറ്റാരെയാണ് കുറ്റപ്പെടുത്തേണ്ടത്. കോവിഡിനു പുറമെ അടച്ചുപൂട്ടലിന്റെ ആഘാതം മാത്രമല്ല, ആരോഗ്യമേഖലയിലെ സേവനങ്ങൾകൂടി നിഷേധിക്കപ്പെടുന്ന പൊതുജനങ്ങളെയാകെ പ്രതിക്കൂട്ടിലാക്കാനാണ് ഭാഗവതിന്റെ ശ്രമം.

കേന്ദ്രത്തിന്റെ പരാജയത്തിന്റെ സുപ്രധാന കാരണങ്ങളിലൊന്ന് മറയില്ലാത്ത കോർപറേറ്റ് സേവയാണ്. രാജ്യത്തിന്റെ അഭിമാനമായ പൊതുമേഖല നിരനിരയായി വിറ്റുതീർക്കുന്നത് നാഗ്പുരിൽ അറിയാതെയാണോ. 'സ്വദേശി ജാഗരണ മഞ്ച്' കൊണ്ടുനടക്കുന്ന കാവിപ്പടയ്ക്ക് ഇന്ത്യക്കാരെ രക്ഷിക്കാനുള്ള വാക്സിൻ നിർമിക്കാനുള്ള ചുമതലയെങ്കിലും അടച്ചുപൂട്ടിയിട്ടിരിക്കുന്ന ആറ് കേന്ദ്ര പൊതുമേഖലാ സ്ഥാപനത്തെ ഏൽപ്പിക്കണമെന്ന് പറയാമായിരുന്നില്ലേ. അവസാനം വിദേശ കമ്പോളത്തിൽ പോയി വാക്സിൻ വിലകൊടുത്തു വാങ്ങാനുള്ള കമ്പോള യുദ്ധത്തിലേക്ക് ഇന്ത്യയിലെ ഓരോ സംസ്ഥാനത്തെയും പറഞ്ഞയച്ചത് മറ്റാരാണ്. രാജ്യത്തിന്റെ ഏകതയ്ക്കുതന്നെ ദോഷം വരുത്തുന്ന ഈ കേന്ദ്രനയം ഇന്ത്യയെന്ന മഹത്തായ ഒരാശയത്തെയാണ് ഇല്ലാതാക്കുന്നത്.

ഹിന്ദുമത വിശ്വാസികളുടെ കുത്തക പിടിച്ചെടുക്കലിന്റെ അവകാശവാദങ്ങൾ ഇവിടെ തകർന്നുവീഴുന്നു. ഏതൊരു മതത്തെപ്പറ്റിയാണോ ആണയിട്ടത് അതേമതക്കാർ തിങ്ങിപ്പാർക്കുന്ന ഗ്രാമങ്ങളിലേക്കു കൂടിയാണ് മരണം പെയ്തിറങ്ങുന്നത്. ഒരു പരിഹാരനിർദേശവും രാജവാഴ്ചക്കാലത്തെ രാജഗുരുവിന്റെ മാതൃകയിൽ ഉപദേശങ്ങൾ ചൊരിയുന്ന സംഘത്തലവന് നൽകാനുമില്ല. യഥാർഥത്തിൽ ഒരു കുമ്പസാരത്തിൽ തീർക്കാവുന്ന രാജ്യദ്രോഹമല്ലല്ലോ ഇക്കൂട്ടർ ഇന്ത്യയോട് ചെയ്തുകൊണ്ടിരിക്കുന്നത്.

# കാസർകോട് ഭെൽ സംസ്ഥാനം ഏറ്റെടുത്തു




കേന്ദ്ര സർക്കാർ വിൽപ്പനയ്ക്ക് വച്ച പൊതുമേഖലാ സ്ഥാപനമായ കാസർകോട് ഭെൽ ഇഎംഎൽ (ഭാരത് ഹെവി ഇലക്ട്രിക്കൽസ്) സംസ്ഥാന സർക്കാർ ഏറ്റെടുത്തു. ഭെൽ ഇഎംഎൽ സംയുക്ത സംരംഭത്തിൽ ഭെല്ലിന്റെ കൈവശമുള്ള 51 ശതമാനം ഓഹരികൾ സംസ്ഥാന സർക്കാർ ഏറ്റെടുക്കാമെന്നുള്ള കേരളത്തിന്റെ ആവശ്യം അംഗീകരിച്ചതായി ഭെൽ അറിയിച്ചു. ഇതുസംബന്ധിച്ച് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് ഭെൽ മാനേജ്മെന്റ് കത്ത് കൈമാറി.

കേരളത്തിന്റെ ആവശ്യം കേന്ദ്ര ഖന വ്യവസായ മന്ത്രാലയം അംഗീകരിച്ചതായും സംസ്ഥാന സർക്കാരും ഭെല്ലുമായി ഉണ്ടാക്കിയ വിൽപ്പന കരാർ അംഗീകരിച്ചതായും കത്തിൽ വ്യക്തമാക്കി.

2016ൽ കേന്ദ്ര സർക്കാർ കയ്യൊഴിഞ്ഞ ഭെൽ ഇഎംഎൽ ഏറ്റെടുക്കാൻ 2017ൽ എൽഡിഎഫ് സർക്കാർ തീരുമാനിച്ചിരുന്നു. ചീഫ് സെക്രട്ടറി അധ്യക്ഷനായ കമ്മിറ്റി ഇതുസംബന്ധിച്ച് ഭെല്ലുമായി ചർച്ച നടത്തിയിരുന്നു. സംസ്ഥാന സർക്കാരിന് കൈമാറാൻ തടസമില്ല എന്നായിരുന്നു കേന്ദ്രസർക്കാർ നിലപാട് എങ്കിലും കൈമാറ്റരേഖ നൽകാൻ തയ്യാറായില്ല. ഈ ആവശ്യം ഉന്നയിച്ച് സംസ്ഥാന സർക്കാർ നിരന്തരം ഇടപെട്ടിരുന്നു.

സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറിയും രാജ്യസഭാംഗവുമായ സ. എളമരം കരീമിന്റെ നിരന്തര ഇടപെലിന്റെയും ഫലമായാണ് ഭെൽ സംസ്ഥാനം ഏറ്റെടുക്കാമെന്ന നിർദേശം കേന്ദ്ര വ്യവസായ മന്ത്രാലയം അംഗീകരിച്ചത്. അതോടൊപ്പം സിഐടിയു, ഐഎൻടിയുസി, എസ്ടിയു, ബിഎംഎസ് തുടങ്ങിയ സംഘടനകൾ സംയുക്തമായി 115 ദിവസം തുടർച്ചയായി നടത്തിയ സമരവും ഏറ്റെടുക്കാൻ കാരണമായിട്ടുണ്ട്.

ഭെല്ലും കേരള സർക്കാരും ചേർന്നുള്ള സംയുക്ത സംരംഭമായി ഭെൽ ഇഎംഎൽ 2010ൽ ആണ് രൂപീകരിച്ചത്. ഭെല്ലിന് 51 ശതമാനവും സംസ്ഥാന സർക്കാരിന് 49 ശതമാനം ഓഹരിയുമാണുള്ളത്. സംയുക്ത സംരംഭത്തിൽ നിന്ന് ഭെൽ ഒഴിവാകാനും ഓഹരികൾ വിൽക്കാനും കേന്ദ്ര സർക്കാർ തീരുമാനിച്ച സാഹചര്യത്തിലാണ് ഓഹരികൾ വാങ്ങി കമ്പനി മുന്നോട്ട് കൊണ്ടുപോകാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചത്. കേന്ദ്ര സർക്കാർ വിൽപ്പനക്ക് വച്ച മറ്റൊരു പൊതുമേഖലാ സ്ഥാപനമായ കോട്ടയം എച്ച്എൻഎല്ലും സംസ്ഥാന സർക്കാർ ഏറ്റെടുത്തിരുന്നു.

# ആറുമാസം പിന്നിട്ട് കർഷക സമരം




കാർഷിക മേഖലയെ സ്വകാര്യ കുത്തകകൾക്ക് തീറെഴുതുന്നതിൽ പ്രതിഷേധിച്ച് ദൽഹി അതിർത്തിയിൽ തുടങ്ങിയ കർഷക സമരം ആറുമാസം പിന്നിടുമ്പോൾ മോദി സർക്കാരിന്റെ തീവ്ര വലതുനയങ്ങൾക്കെതിരായ രാഷ്ട്രീയ പോരാട്ടമായി അത് വളർന്നു. കർഷകർക്കൊപ്പം തൊഴിലാളികളും മറ്റ് ബഹുജനങ്ങളും കൈകോർത്തു. മുഖ്യധാരാ മാധ്യമങ്ങൾ തമസ്കരിച്ചെങ്കിലും കാർഷിക നിയമങ്ങൾ പിൻവലിക്കുംവരെ സമരം തുടരുന്ന നിശ്ചയദാർഢ്യത്തിലാണ് കർഷക സംഘടനകൾ.

മഹാമാരി കാലത്തും കോവിഡ് വാക്സിന് ഉയർന്ന വില ഈടാക്കി സ്വകാര്യ വാക്സിൻ കമ്പനികൾ കൊള്ളലാഭത്തിന് ഒരുങ്ങുമ്പോൾ കർഷക സമരം നൽകുന്ന രാഷ്ട്രീയ സന്ദേശം കൂടുതൽ പ്രസക്തമാവുകയാണ്.

മോദി സർക്കാരിന്റെ തീവ്ര വലതു സാമ്പത്തിക നയങ്ങളാൽ കാർഷിക മേഖലയും സമാനമായ ദുരന്താവസ്ഥയെ അഭിമുഖീകരിക്കുകയാണ്. കാർഷിക മേഖലയിലേക്ക് വൻകിട കോർപറേറ്റുകളുടെ കടന്നുവരവിന് വഴിയൊരുക്കുന്ന മൂന്ന് കാർഷിക നിയമങ്ങളാണ് സർക്കാർ കൊണ്ടുവന്നത്. കോർപറേറ്റുകൾ പിടിമുറുക്കുന്നതോടെ പൊതുസംഭരണവും പൊതുവിതരണം അട്ടിമറിക്കപ്പെടും. ഭക്ഷ്യസാധനങ്ങൾക്ക് അടക്കം വില കുത്തനെ ഉയരും. ഇതിനെതിരായാണ് പോരാട്ടമെന്ന് കിസാൻസഭ പറഞ്ഞു. ആറുമാസമായി കർഷകർ സമരം തുടരുകയാണ്. 11 വട്ടം ചർച്ച നടന്നെങ്കിലും പരാജയപ്പെടുകയാണുണ്ടായത്. കർഷക സമരം ആറുമാസം പൂർത്തിയായ മേയ് 26ന് രാജ്യമാകെ കർഷകരും തൊഴിലാളികളും യുവാക്കളും വിദ്യാർഥികളും വനിതാ സംഘടനകളും കരിദിനമായി ആചരിച്ചു.



# ഗൗരിയമ്മ : നിരന്തര പോരാട്ടത്തിന്റെ ജീവിതം

സമത്വത്തിൽ അധിഷ്ഠിതമായ സമൂഹത്തിനായി ജീവിതം സമർപ്പിച്ച വ്യക്തിത്വമായിരുന്നു കെ.ആർ. ഗൗരിയമ്മയുടേതെന്ന് സിഐടിയു സംസ്ഥാന സെക്രട്ടറിയേറ്റ് അനുശോചിച്ചു. ഗൗരിയമ്മയുടെ ജീവിതം പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ഉന്നമനത്തിനും അവർക്ക് നീതി ലഭിക്കുന്നതിനുമുള്ള നിരന്തര പോരാട്ടത്തിന്റേതായിരുന്നു. ഭരണരംഗത്തും നിയമസഭാ പ്രവർത്തനങ്ങളിലും മികവ് തെളിയിച്ചെന്നും സിഐടിയു ജനറൽ സെക്രട്ടറി എളമരം കരീം അനുശോചന സന്ദേശത്തിൽ പറഞ്ഞു.

# സഖാവ് രഞ്ജന നിരുലക്ക് ആദരാഞ്ജലികൾ



സിഐടിയു വർക്കിങ് കമ്മിറ്റി അംഗവും മുൻ ട്രഷററുമായ രഞ്ജന നിരുല (75) കോവിഡ് ബാധിച്ച് മരിച്ചു. ആശാ വർക്കേഴ്സ് ആൾ ഇന്ത്യാ കോ ഓർഡിനേഷൻ കമ്മിറ്റി കൺവീനറായിരുന്നു. ഡൽഹി ആർഎംഎൽ ആശുപത്രിയിൽ തിങ്കളാഴ്ച രാത്രി 11 മണിക്കായിരുന്നു അന്ത്യം.

ഡൽഹിയിലെ പഞ്ചാബി കുടുംബത്തിൽ 1945ലാണ് ജനനം. പിതാവ് ഐക്യരാഷ്ട്ര സഭയിൽ ഡോക്ടറായിരുന്നു. പഠനത്തിനായി യുഎസിലേക്ക് പോയ രഞ്ജന വിയത്നാം യുദ്ധവിരുദ്ധ പ്രസ്ഥാനത്തിൽ സജീവമായി. എഴുപതുകളുടെ തുടക്കത്തിൽ ഇന്ത്യയിലേക്ക് മടങ്ങി ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ ഭാഗമായി. 1978ൽ പൂർണ സമയ സിഐടിയു പ്രവർത്തകയായി. സിഐടിയു ഡൽഹി ഘടകം ട്രഷററായി. തെക്കൻ ഡൽഹിയിലെയും ഫരീദാബാദിലെയും ഫാക്ടറി തൊഴിലാളികളെ സംഘടിപ്പിച്ചു.

1979ൽ ഡൽഹിയിൽ വർക്കിങ് വുമൺ കോഓർഡിനേഷൻ കമ്മിറ്റി രൂപീകരിക്കുന്നതിൽ മുൻകൈ എടുത്തു. ഡൽഹിയിൽ മഹിളാ അസോസിയേഷന്റെ സ്ഥാപക നേതാവ്. മഹിളാ അസോസിയേഷൻ കേന്ദ്ര എക്സിക്യൂട്ടീവ് കമ്മിറ്റിയംഗമായി. സിപിഐ എം ഡൽഹി സംസ്ഥാന കമ്മിറ്റി അംഗമായിരുന്നു.

ഭിന്നശേഷി വിദ്യാർഥികളെ പഠിപ്പിക്കുന്നതിൽ പ്രത്യേക താൽപ്പര്യമെടുത്തു. 1998 മുതൽ സിഐടിയു കേന്ദ്ര ആസ്ഥാനത്ത് പ്രവർത്തിച്ചു. സ്ത്രീ തൊഴിലാളികൾക്കായി 1980 മുതൽ സിഐടിയു പ്രസിദ്ധീകരിക്കുന്ന 'വോയിസ് ഓഫ് വർക്കിങ് വുമണിന്റെ' വർക്കിങ് എഡിറ്ററായി പ്രവർത്തിച്ചു. 1979 മുതൽ വർക്കിങ് വുമൺ കോ ഓർഡിനേഷൻ കമ്മിറ്റിയുടെ ഭാഗമായ രഞ്ജന ബീഡി തൊഴിലാളികളെയും സംഘടിപ്പിച്ചു. 2009ൽ ആശാ ജീവനക്കാർക്കായുള്ള അഖിലേന്ത്യാ കോ ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചപ്പോൾ കൺവീനറായി. 2010ൽ സിഐടിയുവിന്റെ ആദ്യ വനിതാ ട്രഷററായി. 2017 വരെ തുടർന്നു.

സിഐടിയു സംസ്ഥാന ഭാരവാഹികളിൽനിന്നും എംഎൽഎമാരായി തിരഞ്ഞെടുക്കപ്പെട്ട സ. വി ശിവൻകുട്ടി, സ. പി നന്ദകുമാർ, സ. ടിപി രാമകൃഷ്ണൻ എന്നിവരെ സിഐടിയു സംസ്ഥാനകമ്മിറ്റി ആദരിക്കുന്നു





മെയ് ദിനത്തിൽ സിഐടിയു സംസ്ഥാനകമ്മിറ്റി ഓഫീസിൽ സ. ആനത്തലവട്ടം ആനന്ദൻ പതാകയുയർത്തി സംസാരിക്കുന്നു